# GLOSSARY OF REVENUE RELATED TERMS

| ക്രമ നം. | പദം | വിവരണം |
|---|---|---|
| 1 | അക്നോളജ്മെന്റ് രജിസ്റ്റർ: | ഒരു സർവെ കല്ല് പുതുക്കുകയോ കേടുപാടുതീർക്കുകയോ ചെയ്യേണ്ടിവരുമ്പോൾ വില്ലേജ് അസിസ്റ്റന്റ് സർവെ അതിരടയാള നിയമപ്രകാരം 1-ാം നമ്പർ ഫാറത്തിൽ ഭൂവുടമക്ക് നോട്ടീസ് നൽകുമ്പോൾ അയാളുടെ കൈപ്പറ്റ് വാങ്ങുന്നതിനുള്ള രജിസ്റ്റർ. |
| 2 | അഞ്ച് ഇഞ്ച് തിയോഡൊലൈറ്റ്: | ഒരു തിയോഡൊലൈറ്റിന്റെ ഹൊറിസോണ്ടൽ സർക്കിളിന്റെ ഡയമീറ്റർ 5 ഇഞ്ച് ആണെങ്കിൽ അതിനെ 5 ഇഞ്ച് തിയോഡലൈറ്റ് എന്ന് പറയുന്നു. |
| 3 | അറ്റകരണം | സ്ഥാവര വസ്തുക്കളിലുള്ള ഉടമസ്ഥാവകാശം സ്ഥിരമായി കൈമാറ്റം ചെയ്യുന്നത്. |
| 4 | അന്യം നിൽപ്പ് | ജംഗമങ്ങളോ സ്ഥാവരങ്ങളോ ഉള്ള ഒരു വ്യക്തി മരണശാസന എഴുതിവക്കാതെയും നിയമാനുസൃതാവകാശികൾ ഇല്ലാതെയും മരണമടഞ്ഞാൽ പരേതന്റെ സ്വത്ത് സർക്കാരിലേക്ക് കണ്ടുകെട്ടും. ഇതാണ് അന്യം നിൽപ്പ്. |
| 5 | അസാധാരണ പെൻഷൻ (extra ordinary pension) | ഒരു ജീവനക്കാരന് കൃത്യനിർവ്വഹണത്തിലേ ർപെട്ടിരുന്നപ്പോൾ അതിന്റെ ഫലമായി പരുക്കുകൾ പറ്റുകയോ രോഗബാധിതനാകുകയോ മരിക്കുകയോ ചെയ്യുന്ന പക്ഷം ആ ജീവനക്കാരന് സാധാരണ നിയമങ്ങളനുസരിച്ച് നൽകാവുന്ന പെൻഷനും ഗ്രാറ്റുവിറ്റിയ്ക്കും പുറമേ നൽകുന്ന പെൻഷനും ഗ്രാറ്റുവിറ്റിയുമാണ് അസാധാരണ പെൻഷൻ. |
| 6 | അസാധാരണ ഗ്രാറ്റുവിറ്റി | ഒരു ജീവനക്കാരന് കൃത്യനിർവ്വഹണത്തി ലേർപെട്ടിരുന്നപ്പോൾ അതിന്റെ ഫലമായി പരുക്കുകൾ പറ്റുകയോ രോഗബാധിതനാകുകയോ മരിക്കുകയോ ചെയ്യുന്ന പക്ഷം ആ ജീവനക്കാരന് സാധാരണ നിയമങ്ങളനുസരിച്ച് നൽകാവുന്ന പെൻഷനും ഗ്രാറ്റുവിറ്റിയ്ക്കും പുറമേ നൽകുന്ന പെൻഷനും ഗ്രാറ്റുവിറ്റിയുമാണ് അസാധാരണ പെൻഷൻ. |
| 7 | അഡ്വാൻസ് ഇൻക്രിമെന്റ് | ഫീഡർ തസ്തികയുടെയും പ്രമോഷൻ തസ്തിക യുടെയും ശമ്പളസ്കെയിൽ ഉദ്യോഗകയറ്റത്തോടനുബന്ധിച്ച് ഒരഡ്വാൻസ് ഇൻക്രിമെന്റ് നൽകാൻ വ്യവസ്ഥയുണ്ടായിരുന്നു. |
| 8 | അഗതിപെൻഷൻ | വിധവകൾ, അധികം പ്രായമുള്ളവർ എന്നിവർക്ക് നിർദ്ദിഷ്ട വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും അനുവദിച്ചു നൽകുന്നസാമ്പത്തിക സഹായമാണ് അഗതി പെൻഷൻ. |
| 9 | അജിമാഷുദാർ | അജിമാഷ് പരിശോധന നടത്തുവാൻ ഉത്തരവാദപ്പെട്ടിരുന്ന ഉദ്യോഗസ്ഥനെയാണ് അജിമാഷുദാർ എന്നുവിളിച്ചിരുന്നത്. |
| 10 | അടിവയ്ക്കൽ (Pacing) | ഒരു പോയിന്റിൽ നിന്നും മറ്റൊരു പോയിന്റിലേയ്ക്ക് ഏകദേശമായ അളവ് ലഭിക്കുന്നതിന് അളവുപകരണങ്ങൾ ഉപയോഗിക്കാതെ ഒരുചുവടുവച്ച് അതിന് നാല് ലിംഗ്സ് എന്ന തോതിൽ ലൈനിന്റെ ഏകദേശ നീളം കണ്ടുപിടിക്കുന്നതിനെയാണ് അടിവയ്ക്കൽ, ചുവടുവയ്ക്കൽ അല്ലെങ്കിൽ പേസിംഗ് (Pacing) എന്നു പറയുന്നത്. |
| 11 | അടുത്തൂൺ പറ്റുക | പെൻഷൻ പറ്റി പിരിയുക. |
| 12 | അട്ടിപ്പേറ് | ജന്മം വസ്തുക്കളുടെ അനുഭവക്കാർക്ക് ആ വസ്തുവിൽ കിട്ടിയിട്ടുള്ള അവകാശം കൈമാറുന്നതിന്റെ ഒരു രീതിയാണ് അട്ടിപ്പേറ്. |

| | | |
|---|---|---|
| 13 | അതിരളവ് | ഒരു ഫീൽഡിന്റെ അതിരുകളുടെ അളവാണ് അതിരളവ്. താലൂക്ക് സർവെയർ വ്യക്തികളുടെ അപേക്ഷയിന്മേൽ നിശ്ചിത ഫീസ് ഈടാക്കിയ ശേഷം അതിർത്തി നിർണ്ണയം ചെയ്തു നൽകുന്നു. |
| 14 | അതിരളവ് ഫീസ് | ഫീൽഡിന്റെ അതിർത്തി നിർണ്ണയം നടത്തുന്നതിന് ഭൂവുടമ സർക്കാരിലേയ്ക്ക് നൽകേണ്ട ഫീസ്. |
| 15 | അധികാരി | വില്ലേജാഫീസർ |
| 16 | അടിസ്ഥാന ഭൂനികുതി | ഓരോ പട്ടാദാരും സർക്കാരിലേയ്ക്ക് നൽകേണ്ട നികുതിയാണ് ഇത്. |
| 17 | അജിമാഷ് | നെൽകൃഷിയുടെ വിളവ് നിശ്ചയിച്ചിട്ടുള്ളത് ശരിയാണോ എന്ന് മേൽപരിശോധന നടത്തുന്നതിനെയാണ് അജിമാഷ് എന്നു പറയുന്നത്. ഇപ്പോൾ ഈ സമ്പ്രദായം നിലവിലില്ല. |
| 18 | അന്തിമ വേതന പത്രം (Last pay Certificate) | ഒരു ഓഫീസിൽ നിന്നും മാറ്റം ലഭിച്ച് മറ്റൊരു ഓഫീസിലേയ്ക്ക് ഒരുദ്യോഗസ്ഥൻ പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട് അയാൾ വാങ്ങിയ അവസാന ശംബളത്തിന്റെ വിവരങ്ങളും സർവ്വീസ് പുസ്തകവും പുതിയ ഓഫീസിലേയ്ക്ക് അയച്ചു നൽകേണ്ടതുണ്ട്. ഇത്തരത്തിൽ അയാളുടെ അവസാനം വാങ്ങിയ ശംബളത്തിന്റെ വിവരങ്ങളടങ്ങിയ സാക്ഷ്യപത്രമാണ് അന്തിമ വേതന പത്രം. |
| 19 | അനധികൃത കയ്യേറ്റം | സർക്കാർവക ഭൂമിയിൽ അനുമതിയില്ലാതെ പ്രവേശിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും അനധികൃത കയ്യേറ്റം എന്നതിന്റെ പരിധിയിൽ വരുന്നു. |
| 20 | അനുഭോഗം | സെറ്റിൽമെന്റിന് മുമ്പ് ഒരുകൂടുംബത്തേയ്ക്കോ ഒരു വ്യക്തിക്കോ മുൻപ്രവർത്തിയെ അടിസ്ഥാനപ്പെടുത്തിയോ അല്ലാതെയോ അനുഭവത്തിനായി സർക്കാരിൽ നിന്നും കൊടുത്തിട്ടുള്ള ഭൂമിയാകുന്നു. |
| 21 | Abandoned property | യഥാർത്ഥ അവകാശി ഉപേക്ഷിക്കുന്ന വസ്തുക്കൾ / സ്വത്തുക്കൾ എന്നിവയുടെ അവകാശം Kerala Escheats Forfeitures Act പ്രകാരം സർക്കാരിനാണ്. |
| 22 | Absolute Personal Inam | ഒരു വ്യക്തിക്ക് കൊടുക്കുന്ന പേഴ്സണൽ ഇനാം ഭൂമി നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമല്ലെങ്കിൽ അവ ഈ വിഭാഗത്തിൽപ്പെടുന്നു. |
| 23 | അമൃതേത്ത് | രാജാവിന്റെ ഭക്ഷണം |
| 24 | അമൃതരി | അമൃതേത്തിനുള്ള അരി |
| 25 | അമൃതരി വിരുത്തി | അമൃതരി കൊട്ടാരത്തിലെത്തിക്കുന്നതിന് പ്രതിഫലമായിനൽകിയിരുന്ന വിരുത്തി ഭൂമി |
| 26 | അമ്പടയാളം | സർവ്വേക്കല്ലുകളുടെ ഒരു വശത്ത് കൊത്തിയിരുന്ന അടയാളം |
| 27 | അവിലാന്റ് ( Aviland ) | വെള്ളം വറ്റിച്ചുകൃഷി ചെയ്യുന്ന സ്ഥലങ്ങൾ |
| 28 | അസിമത്ത് | True North-ൽ നിന്നും മുൻനിരയിലേയ്ക്കുള്ള ഹൊറിസോണ്ടൽ ആംഗിളാണ് അസിമത്ത്. |

| | | |
|---|---|---|
| 29 | അസിമത്ത് ഒബ്സർവ്വേഷൻ | ഫീൽഡിൽ വച്ച് സൂര്യനേയും ഒരു കിലോമീറ്ററിൽ കൂടുതൽ അകലത്തിലുള്ള ഒരു റഫറിംഗ് ഒബ്ജക്ടിനേയും നോക്കി പ്രത്യേകം സമയം എഴുതിച്ചേർത്ത് തിയോഡൊലൈറ്റിന്റെ ഒബ്ജക്ട് കട്ടു ചെയ്യുന്നതിനുള്ള നാലു ക്രോസ്മാർക്കിൽ, നാലു മൂലയിലും സൂര്യനെ നിറുത്തിക്കൊണ്ട് സമാന്തരകോണുകളും ഉന്നത കോണുകളും ഒബ്സർവുചെയ്തുകൊണ്ട് തയ്യാറാക്കുന്നതാണ് അസിമത്ത് ഒബ്സർവേഷൻ. |
| 30 | അസിമത്ത് കമ്പ്യൂട്ടേഷൻ | ഫീൽഡിൽ നിന്നും അസിമത്ത് എടുത്തപ്രകാരം ലഭിച്ച അളവുകളുടെ അടിസ്ഥാനത്തിൽ ശരിയായ വടക്ക് കണ്ടുപിടിക്കുന്നതിനായി ഓഫീസിൽ വച്ചു നടത്തുന്ന കാൽക്കുലേഷനെയാണ് അസിമത്ത് കമ്പ്യൂട്ടേഷൻ എന്നു പറയുന്നത്. |
| 31 | അറിവു നമ്പർ | കുടിശ്ശിക അക്കൗണ്ട്. |
| 32 | അസ്ഥിരം ജമ | താൽക്കാലിക മുതൽ |
| 33 | അരജി | അപേക്ഷ |
| 34 | അമ്പലപുറമ്പോക്ക് | അമ്പലങ്ങളോടനുബന്ധിച്ചുള്ള പുറമ്പോക്ക്. |
| 35 | അർത്ഥം | ധനം |
| 36 | അർത്ഥം പറ്റുക | പണം ഈടാക്കുക |
| 37 | അനുവദനീയ വ്യതിയാനം (Allowance Error) | സർവ്വെ ചെയ്ത പ്രദേശം വീണ്ടും സർവ്വെ ചെയ്യുമ്പോൾ അതിന്റെ അളവുകളിലും വിസ്തീർണ്ണത്തിലും മാറ്റങ്ങൾ വരാം. ഒരു നിശ്ചിത പരിധിവരെയുള്ള ഇത്തരം തെറ്റുകൾ അനുവദനീയമാണ് അവയാണ് അനുവദനീയമായ വ്യതിയാനം എന്ന് അറിയപ്പെടുന്നത്. |
| 38 | അവകാശ രേഖ തയ്യാറാക്കൽ | ഭൂമി പരിശോധിച്ച് ഒരോ കൈവശക്കാരന്റെയും ഭൂമിയിലുള്ള അവകാശം കൈവശപ്പഴക്കം ജന്മിയുണ്ടെങ്കിൽ ജന്മിയുടെ വിവരങ്ങൾ തുടങ്ങിയവ തയ്യാറാക്കുന്ന പ്രവൃത്തി. |
| 39 | അവാർഡിംഗ് ഓഫീസർ | പൊന്നുംവില നടപടികളിൽപ്പെട്ട ന്യായവിധി പാസ്സാക്കുന്ന ഉദ്യോഗസ്ഥൻ |
| 40 | അടിസ്ഥാന ഭൂനികുതി രജിസ്റ്റർ | ഒരു വില്ലേജിലുള്ള എല്ലാ സർക്കാർ വക ഭൂമികളുടേയും പതിവ് ഭൂമികളുടേയും സർവെ നമ്പർക്രമത്തിലുള്ള വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ. |
| 41 | അധികതണ്ടൽ | ഒരു തണ്ടപ്പേരിൽ ഒരേ സാമ്പത്തിക വർഷത്തിൽ ഒന്നിൽകൂടുതൽ നികുതി ഒടുക്കിയതു കൊണ്ടും മറ്റും റവന്യൂ വരവിനത്തിൽ അധികമായി വരുന്ന തുക. |
| 42 | അൺമാരീഡ് സർട്ടിഫിക്കറ്റ്: | ഒരു വ്യക്തി വിവാഹിത/വിവാഹിതൻ അല്ല എന്ന് സാക്ഷ്യപ്പെടുത്തുന്നത്. |
| 43 | അനന്തരാവകാശ സർട്ടിഫിക്കറ്റ് | ഒരു വ്യക്തി മരണപ്പെട്ടാൽ ടിയാളുടെ നിയമാനുസൃത അവകാശികളെ സംബന്ധിച്ച അന്വേഷണം നടത്തി മറ്റ് നിയമാനുസൃത നടപടികൾക്കുശേഷം അനുവദിക്കുന്ന സാക്ഷ്യ പത്രം. |
| 44 | അകച്ചുറ്റ് | അകത്തുള്ള ചുറ്റുമതിൽ. |
| 45 | അക്ഷാംശരേഖകൾ (latitude) | അക്ഷത്തെ നിശ്ചിത അകലത്തിൽ അംശിക്കുന്ന സമാന്തര രേഖകൾ. |
| 46 | അഗ്രഹാരം | ബ്രാഹ്മണതെരുവ്. |
| 47 | അച്ചാരം (Earnest money) | കരാർ ഉറപ്പിക്കുമ്പോൾ മുൻകൂർ നൽകുന്ന പണം. |
| 48 | അഞ്ചലാഫീസ് | നാട്ടുതപാലാഫീസ്. |

| | | |
|---|---|---|
| 49 | അഞ്ചൽക്കാരൻ | അഞ്ചൽ ശിപായി. |
| 50 | അടവുശിഷ്ടം | അടച്ചുതീർത്തതിന്റെ ബാക്കി. |
| 51 | അടി | അളവ് (12 ഇഞ്ച്) |
| 52 | അടിയാധാരം | അടിസ്ഥാന പ്രമാണം, അസ്സൽ പ്രമാണം. |
| 53 | അടിയായ്മ | ദാസ്യവൃത്തി. |
| 54 | അണ | ഒരു രൂപയുടെ 1/16 |
| 55 | അറിയാനുള്ള അവകാശം | പൊതുഅധികാരിയുടെ കൈവശമോ നിയന്ത്രണത്തിൻ കീഴിലോ ഉള്ള വിവരങ്ങൾ അറിയുന്നതിന് പൗരനുള്ള അവകാശം. |
| 56 | അനുതാപ ബത്ത (Compassionate allowance) | പെരുമാറ്റ ദൂഷ്യത്തിനോ അനുസരണക്കേടിനോ കാര്യക്ഷമതയില്ലായ്മയ്ക്കോ ഒരാളെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ ചെയ്താൽ അയാൾക്കു പെൻഷൻ അനുവദിക്കുന്നതല്ല. എന്നാൽ അപ്രകാരം സേവനത്തിൽ നിന്നു വിടുതൽ ചെയ്യപ്പെട്ട ഒരാൾക്ക് സാമ്പത്തിക ക്ലേശങ്ങൾ ഉള്ളതിനാൽ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ടെന്ന് അധികാരികൾക്കു ബോദ്ധ്യമായാൽ, അയാൾസേവനത്തിൽ നിന്നു വിരമിച്ച തീയതിയിൽ പെൻഷൻ പറ്റി പിരിഞ്ഞിരുന്നെങ്കിൽ എന്തു പെൻഷൻ തുകയ്ക്ക് അർഹതയുണ്ടാകുമായിരുന്നോ ആ തുകയുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കവിയാത്ത തുക അയാൾക്കനുവദിച്ചു കൊടുക്കാവുന്നതാണ്. ഇപ്രകാരം അനുതാപ ത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ഈ തുകയെ അനുതാപ ബത്ത എന്നു വിളിക്കുന്നു. |
| 57 | അയോഗ്യസേവനകാലം (Non Qualifying Service) | പെൻഷൻ കണക്കാക്കുന്നതു മായി ബന്ധപ്പെട്ട് യോഗ്യമാലമായി പരിഗണിക്കാത്ത കാലയളവിനെയാണ് അയോഗ്യ സേവനകാലം എന്നു പറയുന്നത്. |
| 58 | അവശിഷ്ട ഗ്രാറ്റുവിറ്റി (Residuary Gratuity) | അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയവരും 24 വർഷത്തെ സേവനത്തിൽ കുറവുള്ളവരുമായ ജീവനക്കാർ സേവനത്തിലിരിക്കെ മരണമടഞ്ഞാൽ അവരുടെ ആശ്രിതർക്ക് അവസാന ശമ്പളത്തിന്റെ 12 ഇരട്ടിയ്ക്കു തുല്യമായ തുക ഗ്രാറ്റുവിറ്റിയായി നൽകാൻ വ്യവസ്ഥയുണ്ട്. ഈ ആനുകൂല്യം അതിൽകുറഞ്ഞ തുകമാത്രം ഗ്രാറ്റുവിറ്റിയായി പറ്റികൊണ്ട് പെൻഷൻ പറ്റിപിരിഞ്ഞവർക്കും ബാധകമാണ്. പെൻഷൻ പറ്റി പിരിഞ്ഞ ശേഷം ആ പെൻഷൻകാരൻ മരിച്ചാൽ ആശ്രിതർക്ക് ആകെ 12 മാസത്തെ ഗ്രാറ്റുവിറ്റിയ്ക്കവകാശമുണ്ട്. അതിൽ നിന്നും പെൻഷൻ കാരനുനേരത്തെ നൽകിയിരുന്ന ഗ്രാറ്റുവിറ്റി കുറച്ചു ബാക്കിയുള്ള തുക അവർക്കു നൽകുന്നു. ഇപ്രകാരം നൽകുന്ന ബാക്കി ഗ്രാറ്റുവിറ്റിയെ അവശിഷ്ട ഗ്രാറ്റുവിറ്റി എന്നു പറയുന്നു. |
| 59 | അന്യായം | സങ്കടഹർജി. |
| 60 | അന്യായത്തടവ് | ന്യായവിരുദ്ധമായി തടവിൽ പാർപ്പിക്കൽ, ക്രിമിനൽ നടപടി നിയമപ്രകാരം ജില്ലാ മജിസ്ട്രേട്ട്/സബ് ഡിവിഷണൽ മജിസ്ട്രേട്ട് തുടങ്ങിയവർക്ക് ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ കഴിയും. |
| 61 | അഴിമതി | അനീതി. |
| 62 | അക്കൗണ്ട് ടെസ്റ്റ് | റവന്യൂ ഉദ്യോഗസ്ഥർക്ക് സർവ്വീസ് ചട്ടങ്ങളിലും മറ്റും അവഗാഹമുണ്ടോ എന്നറിയുന്നതിനായി പി.എസ്.സി.നടത്തുന്ന പരീക്ഷ. |
| 63 | അസിസ്റ്റന്റ് കളക്ടർ | ജൂനിയർ ഐ.എ.എസുകാരെ റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയമിക്കുമ്പോൾ അവരെ അസിസ്റ്റന്റ് കളക്ടർ എന്ന് വിളിക്കുന്നു. |
| 64 | *adit* | പ്രവേശന ദ്വാരം. |

| | | |
|---|---|---|
| 65 | *ad interim* | തന്മദ്ധ്യേ |
| 66 | *ad infinitum* | അനന്തമായി |
| 67 | *ad hoc* | ഒരു കാര്യത്തിന് പ്രത്യേകമായി |
| 68 | അൾട്രാ വയേഴ്സ് / *(Ultra Vires)* | അധികാര സീമാതീതമായ |
| 69 | *Ab initio* | ആദ്യം മുതൽക്കേ |
| 70 | *Ad litem* | വ്യവഹാരത്തിലേയ്ക്ക് |
| 71 | *Administration Pendente lite* | വ്യവഹാരകാലത്തെ സ്വത്ത് വിവരം. |
| 72 | *Ad Valorem* | വിലയനുസരിച്ച്. |
| 73 | *Articulo Mortis* | മരണ സമയത്ത്. |
| 74 | *A propos* | സംബന്ധിച്ച് |
| 75 | *Ante litum motum* | തർക്കം ഉത്ഭവിക്കും മുമ്പേ |
| 76 | *Allegata et probate* | വാദപ്രതിവാദങ്ങളും തെളിവും |
| 77 | *Alibi* | അന്യത്രവാസം. |
| 78 | *Alias* | മറുപേർ |
| 79 | അഴി | സമുദ്രവും കായലും സദാ തൊട്ടുകിടക്കുന്നഭാഗം. |
| 80 | അറസ്റ്റ് | തടവിലാക്കൽ. |
| 81 | അറ്റബാക്കി | എല്ലാ ചെലവുകളും കഴിഞ്ഞ് മിച്ചം വന്നത്. |
| 82 | അറിയപ്പെടുന്ന റൗഡി | അറിയപ്പെടുന്ന റൗഡി എന്നാൽ ഈ ആക്ടിൻകീഴിൽ ഏതെങ്കിലും നിയന്ത്രണമോ, തടങ്കലോ നിശ്ചയിച്ച ഉത്തരവിന്റെ തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ ചെയ്ത പ്രവൃത്തികളുടെ കാരണത്താൽ –<br>(1) 2-ാം വകുപ്പിലെ (ടി) ഖണ്ഡത്തിലെ ഇനം (1) ന്റെ കീഴിൽ പരാമർശിച്ചിട്ടുള്ള രീതിയിലുള്ള കുറ്റത്തിന് അല്ലെങ്കിൽ പ്രസ്തുത ഖണ്ഡത്തിൻകീഴിൽ അപ്രകാരംതവിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് അധികാരിതയുള്ള ഒരു കോടതി കുറഞ്ഞത്, ഒരിക്കലെങ്കിലും കുറ്റക്കാരനാക്കിയിട്ടുള്ളതോ അല്ലെങ്കിൽ,<br>(11) 2-ാം വകുപ്പിലെ (ടി) ഖണ്ഡത്തിലെ ഇനം (11) ന്റെ കീഴിൽ പരാമർശിച്ചിട്ടുള്ള രീതിയിലുള്ള കുറ്റത്തിന് അല്ലെങ്കിൽ പ്രസ്തുത ഖണ്ഡത്തിൻകീഴിൽ അപ്രകാരം തവിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് അധികാരികതയുള്ള ഒരു കോടതി കുറഞ്ഞത്, രുപ്രാവശ്യമെങ്കിലും കുറ്റക്കാരനാക്കിയിട്ടുള്ളതോ അല്ലെങ്കിൽ<br>(111) 2-ാം വകുപ്പിലെ (ടി ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം ഒരേ ഇടപാടിന്റെ ഭാഗമാകാത്ത മൂ വ്യത്യസ്ത സംഭവങ്ങളിൽ ചെയ്തിട്ടു് പോലീസ് ഉദ്യോഗസ്ഥർ അല്ലാത്ത ആളുകളുടെ പരാതിയിൽേ അധികാരമുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനോ മറ്റ് അധികാരസ്ഥനോ നടത്തിയ പരിശോധനയിലോ അന്വേഷണത്തിലോകത്തെിയിട്ടുള്ളതോ ആയ ഒരാൾ എർത്ഥമാകുന്നു. |
| 83 | അസാന്മാർഗ്ഗിക കുറ്റവാ | അസാന്മാർഗ്ഗിക കുറ്റവാളി എന്നാൽ 1956 ലെ അസാന്മാർഗ്ഗിക പ്രവൃത്തികൾ (തടയൽ) ആക്ടിൽ (1956 ലെ 104-ാം കേന്ദ്ര ആക്ട്) കീഴിൽ ഏതെങ്കിലും കുറ്റം ചെയ്യുകയോ , ചെയ്യുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു. |

| | | |
|---|---|---|
| 84 | അടുത്ത ബന്ധു | അടുത്ത ബന്ധു എന്നാൽ ഭർത്താവോ, ഭാര്യയോ, മാതാപിതാക്കളോ, കുട്ടികളോ, സഹോദരങ്ങളോ അല്ലെങ്കിൽ അപ്രകാരമുള്ള ഭർത്താവിന്റെയോ, ഭാര്യയുടെയോ, മാതാപിതാക്കളുടെയോ, സഹോദരങ്ങളുടെയോ ഒന്നാം തലമുറയിലെ രക്തബന്ധമുള്ളവരോ എന്നർത്ഥമാകുന്നതും അത്തരത്തിലുള്ള ആളുകളുടെ കുട്ടികളും അവരുടെ ഭർത്താവോ അല്ലെങ്കിൽ ഭാര്യയോ ഉൾപ്പെടുന്നതുമാകുന്നു. |
| 85 | അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് | ഡെപ്യൂട്ടി കളക്ടർ ജനറലിൽ നിക്ഷിപ്തമായിട്ടുള്ള മജിസ്ട്രേട്ടിന്റെ പദവി. |
| 86 | ആറടിയന്തിരം | സാധാരണ പാട്ടത്തിന് പുറമേ കുടിയാൻ ജന്മിയ്ക്ക് വിശേഷാവസരത്തിൽ നൽകിയിരുന്ന പണമോ സാധനങ്ങളോ ആണ് ആറടിയന്തിരം |
| 87 | അറ്റാദായം | ചെലവുകളെല്ലാം കഴിഞ്ഞ് കിട്ടിയ വരവ്. |
| 88 | അപ്രന്റീസ് (Apprentice) | ഭാവിയിൽ സർക്കാർ ഉദ്യോഗത്തിൽ നിയമിക്കുകയെന്ന ലക്ഷ്യത്തോടെ പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന വ്യക്തി. |
| 89 | അന്യത്ര സേവനം (Foreign Service) | ഒരു സർക്കാർ ഉദ്യോഗസ്ഥൻ കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ മുതലിൽനിന്നല്ലാതെ ശംബളംപറ്റികൊണ്ട് സർക്കാർ അനുമതിയോടെ മറ്റൊരിടത്തുജോലി ചെയ്താൽ അതിനെ അന്യത്ര സേവനം എന്നുപറയുന്നു. |
| 90 | അനുമാനിത വേതനം (Presumptive Pay) | ഒരുദ്യോഗസ്ഥൻ സ്ഥിരമായി തന്റെ ഉദ്യോഗം വഹിക്കുകയും കൃത്യങ്ങൾ നിർവ്വഹിക്കുകയും ചെയ്താൽ എന്ത് ശംബളത്തിന് അവകാശമുണ്ടോ ആ ശംബളത്തെയാണ് അനുമാനിത വേതനം എന്ന് പറയുന്നത്. |
| 91 | അവധിവേതനം (Leave Salary) | അവധിയിലിക്കുന്ന ഒരുദ്യോഗസ്ഥന് ആ കാലത്തേക്ക് സർക്കാർ നൽകുന്ന പ്രതിഫലതുക. |
| 92 | അധികൃത അഭാവം (Authorised absence) | അവധി അനുവദിച്ച ശേഷമുള്ള ഹാജരില്ലായ്മയെയാണ് അധികൃതമായ ഹാജരില്ലായ്മ എന്നുപറയുന്നത്. |
| 93 | അനധികൃത ഹാജരില്ലായ്മ (Unauthorised absense) | ഓഫീസ് മേധാവിയുടെ അനുമതിയില്ലാതെയുള്ള ഹാജരില്ലായ്മ. ഒരു ദിവസത്തേക്കാണെങ്കിൽപോലും ഇത് ഗൗരവതരമായ കുറ്റമാണ്. |
| 94 | അതീതവർദ്ധന (Stagnation increment) | ഒരു ജീവനക്കാരൻ ശംബള സ്കെയിലിന്റെ പരമാവധിയിലെത്തിക്കഴിഞ്ഞാലും ഒരു വർഷത്തിന് ഒന്ന് എന്ന തോതിൽ രണ്ട് ഇൻക്രിമെന്റും അതിനുശേഷം ഇൻക്രിമെന്റിന് യോഗ്യമായ രണ്ടുവർഷം സേവനം പൂർത്തിയാവുമ്പോൾ മൂന്നാമത്തെ ഒരു ഇൻക്രിമെന്റും നൽകുന്നതാണ്. |
| 95 | അപ്പർ ക്ലാമ്പ് | തിയോഡലൈറ്റിന്റെ ഭാഗം. |
| 96 | അവധി വിൽക്കൽ (Surrender of Earned Leave) | കിട്ടാവുന്ന നിരക്കിൽ അവധിക്കാലവേതനം പറ്റിക്കൊണ്ട് ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനെ അവധിവിൽക്കൽ എന്നുപറയുന്നു. |
| 97 | അർദ്ധവേതനാവധി (Half Pay Leave) | ഒരു പൂർണ്ണവർഷ സേവനത്തിന് ഇരുപത് ദിവസം എന്നക്രമത്തിന് എല്ലാ ജീവനക്കാർക്കും ലഭിക്കുന്ന അവധി. |
| 98 | അവശതാവധി (Special disability Leave) | ഔദ്യോഗിക കൃത്യം ശരിയായി നിർവ്വഹിച്ചതിന്റെ ഫലമായി ഒരാൾക്ക് ശാരീരികാവശതകൾ ഉണ്ടാകുന്ന പക്ഷം അനുവദിക്കുന്ന അവധി. |

| | | |
|---|---|---|
| 99 | ആയക്കെട്ടുകാലം | ആദ്യകാലത്ത് സർക്കാരിന്റെ പ്രധാനവരുമാനം ഭൂനികുതിയായിരുന്നു. ഇതിനെ സംബന്ധിച്ച കണക്ക് വ്യവസ്ഥാപിതമായി ഉണ്ടാക്കിയതിന്റെ പേരാണ് ആയക്കെട്ട്. ഇത് നിലവിലിരുന്ന കാലമാണ് ആയക്കെട്ടുകാലം. അക്കാലത്ത് പതിച്ചുകൊടുത്തിട്ടുള്ള വസ്തുക്കൾക്ക് ആയക്കെട്ട് പതിവ് എന്നുപറയുന്നു.ഇവയ്ക്കുള്ള മുഖ്യ പ്രമാണം ഒഴുകു റിക്കാർഡ് ആണ്. |
| 100 | ആഢംബര നികുതി | കേരളാ കെട്ടിട നികുതി നിയമപ്രകാരം 278.7 എം2 ന് മുകളിൽ വിസ്തീർണ്ണമുള്ളതും 1.4.1999 ന് ശേഷം പൂർത്തീകരിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പ്രതിവർഷം 2000/- രൂപ ആഡംബര നികുതിയിനത്തിൽ ഈടാക്കുന്ന തുക. |
| 101 | ആമീൻ | കോടതി ഉദ്യോഗസ്ഥൻ. |
| 102 | ആർ | അളവ്, വിസ്തീർണ്ണം (2.47 സെന്റ് ഒരു ആർ) |
| 103 | ആകരം | ഖനി |
| 104 | ആചാരവാക്ക് | ഉപചാരവാക്ക്. |
| 105 | ആകസ്മികാവശ്യനിധി (Contingent Fund) | ഒരു കരുതൽ ധനമെന്നനിലയിൽ നിയമനിർമ്മാണ സഭയുടെ അനുമതിയോടെ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും നീക്കിവയ്ക്കുന്ന തുക. |
| 106 | ആർജ്ജിതാവധി (Earned Leave) | സമ്പാദിതാവധി |
| 107 | ആശാരി മുഴക്കോൽ | 24 അംഗുലം നീളമുള്ള ഒരു അളവുപകരണം |
| 108 | ആനവിരുത്തി | രാജാവിന്റെ നിർദ്ദേശപ്രകാരം കൊട്ടാരത്തിലേയും ക്ഷേത്രത്തിലെയും ആവശ്യങ്ങൾക്ക് ആനകളെ ഏർപ്പെടുത്തി കൊടുക്കുന്നതിന് പ്രതിഫലമായി നൽകിയിരുന്ന ഭൂമി. |
| 109 | ആമത്തിലിടുക | തടവിലിടുക |
| 110 | ആയക്കെട്ട് | ഭൂനികുതി/വെള്ളക്കരം. |
| 111 | ആയക്കെട്ട് പതിവ്ഭൂമി | സെറ്റിൽമെന്റ് നടക്കുന്നതിനു മുമ്പു തന്നെ പതിവു നടപടി പ്രകാരം പതിച്ചുകൊടുത്ത ഭൂമി . |
| 112 | ആയക്കെട്ട് പതിവ് | സെറ്റിൽമെന്റ് നടക്കുന്നതിനു മുമ്പു തന്നെ പതിവു നടപടി പ്രകാരം പതിച്ചുകൊടുക്കുന്നതിനായി സ്വീകരിച്ച നടപടി. |
| 113 | ആയക്കെട്ട് രജിസ്റ്റർ | ജലസേചന നികുതി സംബന്ധിച്ചു സർവ്വെ നമ്പർ ക്രമത്തിൽ വിവരങ്ങൾ എഴുതി ചേർത്ത് തയ്യാറാക്കുന്ന രജിസ്റ്റർ. |
| 114 | ആരോ(Arrow) | 30 സെന്റീമീറ്റർ നീളത്തിലും 1/2 സെന്റീമീറ്റർ വണ്ണത്തിലുമുള്ള ഇരുമ്പുകമ്പികൊണ്ടുണ്ടാക്കിയ സർവ്വെ ഉപകരണം. ഇതിന്റെ ഒരറ്റം മുനയുള്ളതും മറ്റേ അറ്റം കൈപിടിയായി ഉപയോഗിക്കുന്നതിന് സൗകര്യപ്രദമായ വിധത്തിൽ വൃത്താകൃതിയിൽ വളച്ചിട്ടുള്ളതുമാകുന്നു. |
| 115 | ആരോ മാർക്ക്( Arrow Mark) | മുൻപ് സർവ്വെക്കല്ലുകളിൽ കൊത്തിയിരുന്ന അടയാളം-അച്ചടയാളം |
| 116 | ആലപ്പണം | ഭൂനികുതിക്കു പുറമെ പിരിച്ചിരുന്ന ഒരുതരം നികുതി. |
| 117 | ആഴക്ക് | ഒരു അളവ്- ഒരു നാഴി അളവിന്റെ എട്ടിലൊന്ന് |
| 118 | ആർജ്ജിതാവധി | സ്ഥിരം വിഭാഗത്തിലെ ജീവനക്കാർക്ക് അവരുടെ കൃത്യനിർവ്വഹണകാലത്തിലെ ഓരോ പതിനൊന്നുദിവസത്തിനും ഒരു ദിവസത്തെ അവധി ലഭ്യമാകുന്നു. ഇതാണ് ആർജ്ജിതാവധി. |

| | | |
|---|---|---|
| 119 | ആശുപത്രി അവധി (Hospital Leave) | തുശ്ച വേതനക്കാരായ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന അവശതാവധിയാണ് ആശുപത്രി അവധി. |
| 120 | ആകസ്മികാവധി (Casual Leave) | ഒഴിവുകാലത്തിന് അവകാശമില്ലാത്ത ജീവനക്കാർക്ക് ഓരോ സൗരവർഷത്തിലും 20 ദിവസവും, ഒഴിവുകാലസൗജന്യത്തിനർഹരായ ജീവനക്കാർക്ക് ഒരു സൗരവർഷത്തിൽ പരമാവധി 15 ദിവസവും നൽകുന്ന അവധി. |
| 121 | ഇംഗ്ലീഷ് പെന്റഗ്രാഫ് | ഒരു മാപ്പ് അല്ലെങ്കിൽ സ്കെച്ച് വലുതാക്കാനും ചെറുതാക്കാനും പകർത്തിയെടുക്കാനും സഹായിക്കുന്ന ഒരു ഉപകരണം. |
| 122 | ഇക്വലൈസേഷൻ ഓഫ് ബന്റ്സ്: | ഒരു ഭൂവിഭാഗം സർവെ ചെയ്യുമ്പോൾ രണ്ടു വസ്തുക്കളുടെ പൊതുവായ അതിർത്തിയിൽ വരുന്ന ചെറിയ ബന്റുകൾ അവഗണിച്ച് (വസ്തു ഉടമസ്ഥന്മാരുടെ അനുമതിയോടെ) അതിർത്തി നേരെയാക്കി സർവെ ചെയ്യുന്നതിനെ ഇക്വലൈസേഷൻ ഓഫ് ബന്റ്സ് എന്നുപറയുന്നു. |
| 123 | ഇൻക്രിമെന്റ് റമിഷൻ | ഒരു ദേശത്തിന് അനുവദിക്കുന്ന റമിഷൻ |
| 124 | ഇൻഡിജന്റ് സർട്ടിഫിക്കറ്റ് | ജീവിക്കാൻ തക്ക വരുമാനമില്ലാത്ത പവപ്പെട്ടയാളാണെന്ന് കാണിച്ച് നൽകുന്ന സാക്ഷ്യപത്രം |
| 125 | ഇൻകോർപ്പറേറ്റഡ് ദേവസ്വം | സർക്കാർ നേരിട്ടു ഭരണം നടത്തിയിരുന്ന ദേവസ്വങ്ങൾ. |
| 126 | ഇന്റർപൊളേറ്റഡ് സ്റ്റേഷൻ | അടുത്തുള്ള രണ്ടു തിയോഡൊലൈറ്റ് കല്ലുകൾ തമ്മിൽ കാണുവാൻ സാധിക്കാതെ വരുമ്പോഴോ കല്ലുകൾ സ്ഥാപിക്കാൻ പറ്റാത്ത വിധത്തിൽ തോടുകൾ, പുഴകൾ മുതലായവ ഉണ്ടാകുമ്പോഴോ രണ്ടു സ്റ്റേഷനുകളും കാണത്തക്കവിധം സൗകര്യമായ സ്ഥലത്ത് കല്ലുകൾ നാട്ടി അളവുകളും കോണളവുകളും എടുക്കുന്നു. ഇപ്രകാരം സ്ഥാപിക്കുന്ന കല്ലുകൾക്കാണ് ഇന്റർപൊളേറ്റഡ് സ്റ്റേഷൻ എന്നു പറയുന്നത്. |
| 127 | ഇന്റർ മീഡിയറ്റ് ജംഗ്ഷൻ | ഒരു ജംഗ്ഷനിൽനിന്നും അടുത്ത ജംഗ്ഷനിലേക്ക് യാതൊരു വിധത്തിലും ജി ലൈൻ ഏർപ്പെടുത്തുവാൻ സാധിക്കാതെ വരുകയോ ബൈ ജംഗ്ഷൻ ഏപർപ്പെടുത്താൻ നിവൃത്തിയില്ലാതെ വരികയോ ചെയ്യുന്ന സന്ദർഭങ്ങളിൽ ഫീൽഡിനുള്ളിൽ ഏതെങ്കിലും സൗകര്യപ്രദമായ സബ് ഡിവിഷൻ ബന്റിനെ ഒരു ജംഗ്ഷനായി കണക്കാക്കി ജി ലൈനുകളും ചെക്ക് ലൈനുകളും അളന്നെടുക്കുന്നു. ഇങ്ങനെയുള്ള ജംഗ്ഷനുകളെ ഇന്റർ മീഡിയറ്റ് ജംഗ്ഷൻ എന്നു പറയുന്നു. |
| 128 | ഇരിസാൽ ചെയ്യുക | ഖജനാവിൽ പണം അടയ്ക്കുക |
| 129 | ഇരിസാൽ | ചലാൻ |
| 130 | ഇരുപൂകിൽ | ഒരു വർഷം രണ്ടുപ്രാവശ്യം നെൽകൃഷി ചെയ്യുന്ന നിലം |
| 131 | ഇലക്ഷൻ | തെരെഞ്ഞെടുപ്പ് |
| 132 | ഇൻവാലിഡ് പെൻഷൻ | ശാരീരികോ മാനസികമോ ആയ അവശത കാരണം ഒരു ജീവനക്കാരൻ ഉദ്യോഗത്തിന് അഥവാ അയാളിരിക്കുന്ന പ്രത്യേക ഉദ്യോഗത്തിന് അനുയോജ്യനല്ലെന്ന് കാണുമ്പോൾ ആ ജീവനക്കാരനെ പെൻഷൻ നൽകി സേവനത്തിൽ നിന്നും വിരമിപ്പിക്കുന്നു. ഇപ്രകാരം നൽകുന്ന പെൻഷനെ ഇൻവാലിഡ് പെൻഷനെന്നും ഗ്രാറ്റുവിറ്റിയെ ഇൻവാലിഡ് ഗ്രാറ്റുവിറ്റി എന്നും പറയുന്നു. |

| | | |
|---|---|---|
| 133 | ഇടങ്ങഴി | മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ഒരു അളവ് യൂണിറ്റ്. നാല് നാഴി അളവ്. |
| 134 | ഇൻവാലിഡ് ഗ്രാറ്റുവിറ്റി | ശാരീരികോ മാനസികമോ ആയ അവശത കാരണം ഒരു ജീവനക്കാരൻ ഉദ്യോഗത്തിന് അഥവാ അയാളിരിക്കുന്ന പ്രത്യേക ഉദ്യോഗത്തിന് അനുയോജ്യനല്ലെന്ന് കാണുമ്പോൾ ആ ജീവനക്കാരനെ പെൻഷൻ നൽകി സേവനത്തിൽ നിന്നും വിരമിപ്പിക്കുന്നു. ഇപ്രകാരം നൽകുന്ന പെൻഷനെ ഇൻവാലിഡ് പെൻഷനെന്നും ഗ്രാറ്റുവിറ്റിയെ ഇൻവാലിഡ് ഗ്രാറ്റുവിറ്റി എന്നും പറയുന്നു. |
| 135 | ഇടവകകൾ | സർക്കാർ കണക്കുകളിൽ ഇടവവകയായി അംഗീകരിച്ചിട്ടുള്ളതും ഭൂനികുതി ഒഴിവാക്കിയിട്ടുള്ളതുമായ സ്ഥലം |
| 136 | ഇനാം | നികുതി സൗജന്യം നൽകിയും അല്ലാതെയും മറ്റും പതിച്ചുകൊടുത്തിരുന്ന ഭൂമി. |
| 137 | ഇനാംദാർ | ഇനാമായി ലഭിച്ച ഭൂമികളുടെ ഉടമസ്ഥന്മാർ |
| 138 | ഇനാം ക്വിറ്റ് റെന്റ് | ഇനാം ഭൂമികൾക്ക്, സർക്കാരിലേയ്ക്ക് ഭൂമിയുടെയും വിസ്തീർണ്ണത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതും, സർക്കാരിലേയ്ക്ക് വർഷംതോറും കിസ്തുകളായി അടയ്ക്കുവാൻ കൽപ്പിച്ചിട്ടുള്ളതുമായ ഒരുതരം രാജഭോഗമാണ് ഇനാം ക്വിറ്റ് റെന്റ്. |
| 139 | ഇലക്ട്രോണിക് ഡിസ്റ്റൻസ് മെഷറിംഗ് ഇൻസ്ട്രുമെന്റ് | ദൂരം അളക്കുന്നതിനുപയോഗിക്കുന്ന ഉപകരണം. |
| 140 | ഇളവുകൾ | സൗജന്യങ്ങൾ |
| 141 | ഇഷ്ടദാനാധാരം | എഴുതിക്കൊടുക്കുന്ന ആൾക്ക് എഴുതി വാങ്ങുന്ന ആളോടുള്ള സ്നേഹത്തെ പ്രതി ഭൂമി എഴുതിക്കൊടുക്കുന്ന തീരാധാരത്തെയാണ് ഇഷ്ടദാനാധാരം എന്ന് പറയുന്നത്. |
| 142 | ഇ സ്കെച്ച് | ഐ സ്കെച്ച് |
| 143 | ഇറുപ്പുകരം | തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരു തരം നികുതിയുടെ പേര് |
| 144 | ഇ പ്രോസസ് | ചെയിൻ സർവെ ചെയ്യേണ്ട ഭൂമിയുടെ കിടപ്പ്, കൈവശാനുഭവം (കൈവശാവകാശം) ,മറ്റു റിക്കാർഡുകൾ ഇവയെ ആസ്പദമാക്കി അതിർത്തി നിർണ്ണയിച്ച് ആവശ്യമായ സ്ഥാനങ്ങളിൽ നിശ്ചിത സൈസിലുള്ള സർവെ കല്ലുകൾ സ്ഥാപിക്കുകയും സർവെ ഫീൽഡിന്റെ ഐ സ്കെച്ച് തയ്യാറാക്കുകയും ഫീൽഡ് രജിസ്റ്റർ (ലാന്റ് രജിസ്റ്റർ) തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നജോലി എ പ്രോസസ്സിൽ ഉൾപ്പെടുന്നു. |
| 145 | ഇഞ്ച് | ഒരടിയുടെ പന്ത്രണ്ടിൽ ഒരു ഭാഗം. |
| 146 | ഈട് | പണയം. |
| 147 | ഈട് നിൽക്കുക | ജാമ്യം നിൽക്കുക. |
| 148 | ഇൻക്വസ്റ്റ് | അസ്വാഭാവിക മരണം സംഭവിച്ച വ്യക്തികളുടെ ശാരീരിക പരിശോധന നടത്തുന്ന നടപടി. |
| 149 | ഇൻക്വസ്റ്റ് റിപ്പോർട്ട് | അസ്വാഭാവിക മരണം സംഭവിച്ച വ്യക്തികളുടെ ശാരീരിക പരിശോധന നടത്തുന്ന നടപടി. |
| 150 | ഇഷ്ടദാനം | ഇഷ്ടദാനപ്രമാണം, ഒസ്യത്ത്. |
| 151 | *Ex-post-facto* | കാര്യോത്തരമായ |
| 152 | *Ex-parte* | ഏകപക്ഷീയമായി |

| | | |
|---|---|---|
| 153 | *Esprit-de corps* | സംഘഭാവന |
| 154 | *Entente cordiale* | പരസ്പര മൈത്രി |
| 155 | *Enbloc* | കൂട്ടത്തോടെ |
| 156 | *Ejusdem generis* | സജാതീയ |
| 157 | ഇൻക്രിമെന്റ് തടയൽ(താത്ക്കാലികം) (Barring of increment without cumulative effect) | "താരതമ്യേന നിസ്സാര കുറ്റങ്ങൾ തെളിഞ്ഞുകഴിഞ്ഞാൽ നൽകുന്ന ശിക്ഷയാണിത്. ഇൻക്രിമെന്റ് തടഞ്ഞുകൊണ്ട് ശിക്ഷാനടപടി സ്വീകരിക്കുന്ന അധികാരി ഉത്തരവ് പുറപ്പെടുവിക്കുന്നു. മൂന്ന് മാസത്തിൽ കുറഞ്ഞകാലത്തേക്കോ മൂന്ന് വർഷത്തിൽ കവിഞ്ഞകാലത്തേക്കോ ഈ ശിക്ഷ നൽകാൻ പാടില്ല. ഇത് ഭാവിയിലെ ശംബളത്തെയോ ഇൻക്രിമെന്റിനെയോ ബാധിക്കുന്നില്ല. |
| 158 | ഇ.എഫ്.വർക്ക് | എബി, ഇഎഫ് പ്രോസസുകൾ വഴി ഫീൽഡ് വർക്കും സി.ഡി, ജി.എച് പ്രോസസുകൾ ഓഫീസ് ജോലിയുമാണ്. പ്രോസസുകളെ ആധാരമാക്കി തിയോഡൊലൈറ്റ് സർവ്വയെ എ.ബി. വർക്ക് എന്നും ചെയിൻ സർവെയെ ഇ.എഫ്.വർക്ക് എന്നും പറയുന്നു. |
| 159 | ഉഗ്രാനി | അംശം ശിപായി |
| 160 | ഉപ്പുപടന്ന | ഉപ്പുൽപ്പാദിപ്പിക്കുന്ന ഉപ്പളം, ഉപ്പുവെള്ളം കയറ്റി വറ്റിക്കുന്ന പാടങ്ങൾ നിലങ്ങൾ എന്നിവ. |
| 161 | ഉരി | ഒരു അളവ് (നാഴിയുടെ പകുതി ) |
| 162 | ഉത്സവകോപ്പ് | സാധാരണ പാട്ടത്തിന് പുറമേ കുടിയാൻ ജന്മിയ്ക്ക് വിശേഷാവസരത്തിൽ നൽകിയിരുന്ന പണമോ സാധനങ്ങളോ ആണ് ഉത്സവകോപ്പ്. |
| 163 | ഉപദേശക ബോർഡ് | കേരള സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) നിയമത്തിന്റെ 65-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ച ഉപദേശക ബോർഡ്. |
| 164 | ഉഴക്ക് | ഒരു അളവ് (നാഴിയുടെ നാലിലൊന്ന് ) |
| 165 | ഊടുകൂർ | ഒന്നിൽ കൂടുതൽ അവകാശികളുള്ളതും, പ്രത്യേകം പ്രത്യേകം പേർ തിരിച്ചിട്ടില്ലാത്തതും എന്നാൽ ഒരേ തണ്ടപ്പേരിൽ എല്ലാവരുടെയും പേരിൽക്കൊണ്ടതുമായ വസ്തുക്കളെയാണ് ഊടുകൂർ എന്നു പറയുന്നത്. |
| 166 | ഊരാണ്മ ദേവസ്വം | സ്വകാര്യ ദേവസ്വം. |
| 167 | ഉപേക്ഷിക്കപ്പെട്ട സ്ഥാവര വസ്തുക്കൾ | യഥാർത്ഥ അവകാശി ഉപേക്ഷിക്കുന്ന വസ്തുക്കൾ / സ്വത്തുക്കൾ എന്നിവയുടെ അവകാശം Kerala Escheats Forfeitures Act പ്രകാരം സർക്കാരിനാണ്. |
| 168 | ഉതവി | സഹായം |
| 169 | ഉടമ്പടി | കരാർ. |
| 170 | ഊഴിയം | സേവ. |
| 171 | ഉപജീവനബത്ത (Subsistance Allowance) | ശംബളമോ അവധിവേതനമോ ലഭിക്കാത്ത ഒരു ജീവനക്കാരന് നൽകുന്ന ധനസഹായം. |

| | | |
|---|---|---|
| 172 | ഉദ്യോഗസമന്വയം (Combination Appointment) | സർക്കാർ സർവ്വീസിന്റെ താത്പര്യം പരിഗണിച്ച് ഒരുദ്യോഗസ്ഥനോട് ഒന്നിലധികം തസ്തികകളിലെ ജോലികൾ ഒരേകാലത്ത് നോക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ഈ രീതിയിൽ തനിക്കുള്ള തസ്തികയിലെ ജോലികൾക്കുപുറമേ മറ്റൊരു തസ്തികയുടെ കൃത്യങ്ങളും ചുമതലകളും ഒരേകാലത്തുവഹിക്കുന്നതിനെയാണ് ഉദ്യോഗസമന്വയം എന്നുപറയുന്നത്. |
| 173 | ഋജുരേഖ(Straight line) | നേർരേഖ. |
| 174 | ഋണബാദ്ധ്യത | കടബാധ്യത. |
| 175 | എ.പ്രോസസ് | തിയോഡൊലൈറ്റ് സർവെ ചെയ്യേണ്ട ഭൂവിഭാഗത്തിന്റെ അതിർത്തി തിരിച്ച് സർവെ അടയാളങ്ങൾ സ്ഥാപിക്കുകയും കല്ലുകൾക്കിടയിലുള്ള ലൈനിൽവരുന്ന തടസ്സങ്ങൾ നീക്കം ചെയ്തു ലൈൻ വൃത്തിയാക്കുന്ന ജോലി എ പ്രോസസ്സിൽ ഉൾപ്പെടുന്നു. |
| 176 | എ രജിസ്റ്റർ | സെറ്റിൽമെന്റ് കാലത്ത് ഓരോ വസ്തുവിന്റെയും സർവെ നമ്പർ, സബ്ഡിവിഷൻ നമ്പർ, ഇനം, തരം, വിസ്തീർണ്ണം വസ്തു ഉടമയുടെ പേര്, കരം മുതലായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് ഓരോ വില്ലേജുകളിലുമുള്ള സർവെ നമ്പർ അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള രജിസ്റ്റർ ആണ് എ രജിസ്റ്റർ (സെറ്റിൽമെന്റ് രജിസ്റ്റർ). |
| 177 | എച്ച് പ്രോസസ് | ജി പ്രോസസ് മൂലം തയ്യാറാക്കിയിട്ടുള്ള ബ്ലോക്ക്, വില്ലേജ്മാപ്പ് എന്നിവ മഷിയിൽ വരയ്ക്കുന്നു. വില്ലേജിന്റെ മൊത്തം വിസ്തീർണ്ണം കൃത്യമായി കണക്കുകൂട്ടി കണ്ടുപിടിക്കുകയും വില്ലേജിനകത്തുള്ള എല്ലാ സർവ്വേ ഫീൽഡുകളുടെയും മൊത്ത വിസ്തീർണ്ണം വില്ലേജ് മാപ്പിൽ ട്രാവേഴ്സ് കംപ്യൂട്ടേഷൻ വഴി കിട്ടിയ വിസ്തീർണ്ണവുമായി യോജിച്ച് വരത്തക്കവിധത്തിൽ വേണ്ട ക്രമീകരണങ്ങൾ നടത്തുന്നു.എബി, ഇഎഫ് പ്രോസസുകൾ വഴി ഫീൽഡ് വർക്കും സി.ഡി, ജി.എച്ച് പ്രോസസുകൾ ഓഫീസ് ജോലിയുമാണ്. പ്രോസസുകളെ ആധാരമാക്കി തിയോഡൊലൈറ്റ് സർവ്വയെ എ.ബി. വർക്ക് എന്നും ചെയിൻ സർവെയെ ഇ.എഫ്.വർക്ക് എന്നും പറയുന്നു. |
| 178 | എവറസ്റ്റ് ഡബിൾ ആർക്ക് | ഒരു തരം തിയോഡൊലൈറ്റിന്റെ പേര്. |
| 179 | എക്സിക്യൂട്ടീവ് മജിസ്( | തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ തുടങ്ങിയ തസ്തികകളുടെ ഒപ്പം സർക്കാർ അനുവദിച്ചുനൽകിയിട്ടുള്ള മജിസ്ട്രേട്ട് ചുമതല. |
| 180 | Exhumation | മറവുചെയ്ത മൃതദേഹം ശവക്കല്ലറ പൊളിച്ച് പുറത്തെടുത്ത് പരിശോധിക്കുന്ന നടപടി. |
| 181 | എലുക | അതിർത്തി. |
| 182 | എബി വർക്ക് | തിയോഡൊലൈറ്റ് സർവെ സംബന്ധിച്ച എ ബി സി ഡി പ്രോസസുകൾ. |
| 183 | എ.റെവിഷൻ | പൊതുമുതൽ കണക്കിൽ നിന്നും ഇളവ് ചെയ്യുന്നത്. |
| 184 | എ ഫാറം | പോക്കുവരവ് അനുവദിക്കുന്നതിനായി തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റ്. |
| 185 | എതൃകൈവശം ( Adverse Possession ) | നിയമാനുസൃത അവകാശിയല്ലാത്ത വ്യക്തിയുടെ കൈവശത്തിലുള്ള ഭൂമി എതൃകൈവശം എന്ന പദത്തിന്റെ പരിധിയിൽപ്പെടുന്നു. |
| 186 | എൻക്ലോഷർ | വനപ്രദേശത്തിനുള്ളിലെ പട്ടയഭൂമിയെ എൻക്ലോഷർ എന്നു വിളിക്കുന്നു. |

| | | |
|---|---|---|
| 187 | ഏക്കർ | ഭൂമിയുടെ വിസ്തീർണ്ണം നിശ്ചയിക്കുന്നതിന്റെ ഒരു മാനദണ്ഡം (100 സെന്റ് ഒരേക്കർ ) |
| 188 | എരക്കരായ്മ | ഒരു തരം അനുഭവക്രമം |
| 189 | ഏരിയാ ലിസ്റ്റ് (Area List) | ഓരോ സർവ്വെ നമ്പരിന്റെയും സബ് ജിവിഷൻ നമ്പറിന്റെയും വിസ്തീർണ്ണം ക്രമപ്രകാരം എഴുതി സൂക്ഷിക്കുന്ന ലിസ്റ്റ്. |
| 190 | എ .ടു.എച്ച് പ്രോസസ്സ് | സർവ്വെ ജോലി വളരെ കൃത്യമായി ചെയ്യുന്നതിന് എ മുതൽ എച്ച് വരെയുള്ള എട്ട് പ്രോസസ്സുകളായി ഇതിനെ തിരിച്ചിട്ടുണ്ട്,. ഇവ എ ടു എച്ച് പ്രോസസ്സ് എന്നറിയപ്പെടുന്നു. |
| 191 | എക്സ് ഓഫിഷ്യോ സ്റ്റാമ്പ് വെണ്ടർ | സ്റ്റാമ്പ് വെണ്ടറുടെ ജോലി ചെയ്യുന്ന സർക്കാരുദ്യോഗസ്ഥൻ. ഒരു നിശ്ചിത തുകയിൽ കൂടിയ മുദ്രപ്പത്രം നേരിട്ട് ട്രഷറിയിൽ നിന്നുമാണ് വാങ്ങേണ്ടത്. |
| 192 | എട്ടരയോഗം | ശ്രീപത്മനാഭ ക്ഷേത്രത്തിന്റെ ഭരണചുമതലവഹിച്ചിരുന്ന ഒരു സമിതി. |
| 193 | എഫ് പ്രോസസ് | സർവെ ഫീൽഡിന്റെ അതിർത്തികളുടെയും സബ് ഡിവിഷൻ അതിർത്തികളുടെയും വശ അളവുകൾ അളന്ന് Eye Sketch ൽ രേഖപ്പെടുത്തി പ്ലോട്ട് ചെയ്യുന്നതിനാവശ്യമായ ജി ലൈനുകളും ചെക്ക് ലൈനുകളും അതാത് ലൈനുകളിൽ നിന്നുള്ള ഓഫ്സെറ്റുകളും അളന്നെടുത്ത് ഫീൽഡ് ബുക്ക് തയ്യാറാക്കി അതുപ്രകാരം ഫീൽഡ് മെഷർമെന്റ് സ്കെച്ച് തയ്യാറാക്കുകയും (എഫ്.എം.ബി) അല്ലെങ്കിൽ (എഫ്.എം.സ്കെച്ച്). |
| 194 | എടുപ്പ് | സ്വീകരിക്കൽ ലാഭം. |
| 195 | ഏരി | വെള്ളം സംഭരിച്ച ചിറ, വരമ്പ് തുടങ്ങിയവ. |
| 196 | എൽ.ആർ.എം. (ലാന്റ് റിക്കാർഡ് മെയിന്റനൻസ്): | ഒരിക്കൽ സർവെ ചെയ്ത് റിക്കാർഡ് തയ്യാറാക്കിയ ഭൂവിഭാഗങ്ങളിൽ അപ്പപ്പോഴുണ്ടാ കുന്ന മാറ്റങ്ങൾ പഴയ റിക്കാർഡിൽ ഉൾപ്പെടുത്തി റിക്കാർഡ് അപ്ഡേറ്റ് ചെയ്യുന്ന നടപ ടിക്ക് എൽ.ആർ.എം.എന്നുപറയുന്നു. |
| 197 | ഏരിയ ആൾട്ടറേഷൻ മെമ്മോറാണ്ടം | സർവെ ഫീൽഡിന്റെ അളവിൽ അനുവദനീയമായതിൽ കൂടുതൽ വ്യത്യാസമുണ്ടാകുന്ന അവസരത്തിൽ വിസ്തീർണ്ണം ശരിയാക്കുന്നതിനായി താലൂക്ക് സർവെയർ തയ്യാറാക്കി തഹസീൽദാർ, ജില്ലാ സർവെ സൂപ്രണ്ട് എന്നിവർ മുഖാന്തിരം ജില്ലാ കളക്ടർക്ക് സമർപ്പി ക്കുന്ന മെമ്മോറാണ്ടം. |
| 198 | ഏരിയ സ്ക്വയർപേപ്പർ | സ്കെച്ചിൽ നിന്നും വിസ്തീർണ്ണം തിട്ടപ്പെടുത്തിയെടുക്കുന്നതിനുവേണ്ടി ട്രെയിസിംഗ് പേപ്പറിൽ പ്രത്യേകം സ്കെയിലിൽ വരച്ചെടുക്കുന്ന പേപ്പർ. |
| 199 | ഏറിടൽ | തണ്ടപ്പേരിന്റെ പിൻഭാഗത്ത്, അതായത് രണ്ടാംപേജിൽ ഒടുക്കുവിവരം എഴുതിചേർക്കുന്ന തിനെ ഏറിടൽ എന്നുപറയുന്നു. |
| 200 | ഐ സ്കെച്ച് | ചെയിൻ സർവെ ചെയ്യുമ്പോൾ സർവെ ഫീൽഡിന്റെ ഏകദേശചിത്രം വരച്ചെടുക്കുന്ന താണ് ഐ സ്കെച്ച്. |
| 201 | *Ipso jure* | നിയമപ്രകാരം |
| 202 | *Ipso facto* | കാര്യപ്രകാരം |
| 203 | *Inter vivos* | ജീവിച്ചിരിപ്പുള്ളവർ തമ്മിൽ |
| 204 | *Inter alia* | സാന്ദർഭികമായി |
| 205 | *Inter parties* | കക്ഷികൾ തമ്മിൽ |
| 206 | *In forma pauperis* | പാപ്പരായി |

| | | |
|---|---|---|
| 207 | ഒടുക്കുരസീത് | നികുതി ഒടുക്കുമ്പോൾ വില്ലേജാഫിസിൽ നിന്നും നൽകുന്നത്. |
| 208 | ഓപ്റ്റിക്കൽ സ്ക്വയർ | ക്രോസ്റ്റാഫിന് പകരം ഉപയോഗിക്കുന്ന ഉപകരണം. |
| 209 | ഓബ്ജക്ട് ഗ്ലാസ് | തിയോഡലൈറ്റിന്റെ ഭാഗം. |
| 210 | ഒബ്ലിക് ഓഫ് സെറ്റ് | ഒരു ലൈനിൽ നിന്നും ഒരു നിർദ്ദിഷ്ട പോയിന്റിന് ഓഫ്സെറ്റ് എടുക്കാൻ കഴിയാത്ത വണ്ണം ഓഫ്സെറ്റ് ലൈനിൽ തടസ്സങ്ങളോ, പ്രസ്തുത ലൈനിന് നീളക്കൂടുതലോ വന്നാൽ ചെയിൻ ലൈനിൽ രണ്ട് പോയിന്റുകൾ നിശ്ചയിച്ച് അതിൽനിന്ന് ഓഫ്സെറ്റ് പോയിന്റിലേക്കുള്ള അളവുകൾ അളന്ന് രേഖപ്പെടുത്തുന്നു. ഇതാണ് ഒബ്ലിക് ഓഫ് സെറ്റ്. |
| 211 | ഒലമ്പഴുത് (Plummet hole) | തിയോഡൊലൈറ്റിൽ സെന്റിംഗ് നടത്തുന്നതിന് തൂക്കുകട്ട നേരെ പിടിക്കുന്നതിനുവേണ്ടി കല്ലിന്റെ മുകളിൽ നടുവിലായി ഉണ്ടാക്കിയിട്ടുള്ള ഒരു ചെറിയ കുഴിയെയാണ് ഒലമ്പപ്പഴുത് എന്നു പറയുന്നത്. |
| 212 | ഒടുക്കുവിവരം | തണ്ടപ്പേരിന്റെ രണ്ടാംപേജിൽ നികുതി ഒടുക്കിയവിവരം രേഖപ്പെടുത്തുന്നു. |
| 213 | ഒരു പുകിൽ | ഒരു വർഷത്തിൽ ഒരു പ്രാവശ്യം മാത്രം കൃഷി നടത്തുന്ന നിലം. |
| 214 | ഒഴിച്ചിടപ്പെട്ട ഭൂമി | വനം റിസർവിനായി നീക്കിയ ഭൂമി. |
| 215 | ഒഴിച്ചിടപ്പെടാത്ത ഭൂമി | പതിവ് ഭൂമി, റിസർവ് എന്നിവയല്ലാത്തതും, സർവെ ചെയ്തിട്ടില്ലാത്തതുമായ സർക്കാർ ഭൂമി. |
| 216 | ഒറിജിനൽ സർവെ | ഒരിക്കലും സർവെ ചെയ്തിട്ടില്ലാത്ത ഭൂമിയിൽ നടത്തുന്ന സർവെ. |
| 217 | ഒഴിവുപട്ടയം | ഒരു പട്ടയത്തിലെ ഭൂമി പൂർണ്ണമായും കൈമാറിക്കഴിഞ്ഞ അവസ്ഥ. |
| 218 | ഒറ്റിക്കുഴിക്കാണം | നിലമല്ലാത്ത ഭൂമി അനുഭവത്തിനായി മറ്റൊരാൾക്ക് പ്രതിഫലംപറ്റിക്കൊണ്ട് നൽകുന്നത്. |
| 219 | ഓഫ് സെറ്റ് | ജിലൈനിൽ നിന്നോ ചെക്ക് ലൈനിൽ നിന്നോ ഒരു നിർദ്ദിഷ്ട ബിന്ദുവിലേക്ക് ഉള്ള ഏറ്റവും കുറഞ്ഞ ദൂരത്തെ സൂചിപ്പിക്കുന്ന രേഖ. |
| 220 | ഓഫ് സെറ്റ് നമ്പർ | സർവെ സ്കെച്ചിൽ ഓഫ് സെറ്റുകൾക്ക് നൽകുന്ന നമ്പർ. |
| 221 | ഓടച്ചാർത്ത് | മുളവെട്ടിയെടുക്കുന്നതിന് അവകാശം നൽകിക്കൊണ്ട് തയ്യാറാക്കുന്ന കരാർ. |
| 222 | ഒഴിച്ചിടപ്പെട്ട വനങ്ങൾ | വനം റിസർവ്വുകളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ |
| 223 | ഒഴുക് | കണ്ടെഴുത്ത് കാലത്ത് ഒരു വസ്തുവിനെ സംബന്ധിച്ച വിസ്തീർണ്ണം, അതിർത്തി, ഇനം, തരം അവകാശം മുതലായ വിവരങ്ങൾ കാണിച്ചു തയ്യാറാക്കി സൂക്ഷിചിചിരുന്ന ഒരു റവന്യൂ റിക്കാർഡിനെയാണ് ഒഴുക് എന്നു പറയുന്നത്. |
| 224 | ഒഴുക് റിക്കാർഡുകൾ | കണ്ടെഴുത്ത് കാലത്ത് തയ്യാറാക്കിയ റിക്കാർഡുകൾ |
| 225 | ഒഴുക് നമ്പർ | കണ്ടെഴുത്ത് സർവ്വെ രീതിയിൽ റിക്കാർഡുകൾ തയ്യാറാക്കിയപ്പോൾ തുടർച്ചയായി നൽകിയിരുന്ന നമ്പറാണ് ഒഴുക് നമ്പർ |

| | | |
|---|---|---|
| 226 | ഒട്ടിൽ | ഒട്ടാകെയുള്ളതിൽ |
| 227 | ഒഴുമുറി ആധാരം | ഒരു വസ്തുവിന്റെ അവകാശം ഒഴിഞ്ഞ് എഴുതി നൽകുന്ന പ്രമാണം |
| 228 | ഓവർറൂൾഡ് ഫീൽഡുബുക്ക് | ഫീൽഡ് സ്കെച്ചിന് മെയിന്റനൻസ് വരുമ്പോൾ അംഗീകരിച്ചു കിട്ടിയ പുതിയ ഷീറ്റ് പ്രാബല്യത്തിലുണ്ട് എന്ന് കാണിക്കാനായി മുൻ ഫീൽജ് ബുക്കിന്റെ പേജിൽ ഓവർ റൂൾഡ് എന്ന് രേഖപെടുത്തുന്നു (വാർഷിക മെയിന്റനൻസ് ബുക്ക് കാണുക) |
| 229 | ഒട്ടുജമ | മൊത്തം മുതൽ |
| 230 | ഓവർ ഗ്രോൺ | കുറ്റിച്ചെടികൾ കൊണ്ട് സർവെ കല്ല് കാണാൻ കഴിയാത്ത അവസ്ഥയിൽ സ്റ്റോൺ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന പദം. |
| 231 | ഔട്ട് ഓഫ് ഗ്രൗണ്ട് | സർവെ കല്ലിന്റെ കൂടുതൽ ഭാഗം മണ്ണിന് പുറത്തിരിക്കുമ്പോൾ സ്റ്റോൺ രജിസ്റ്ററിൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തുന്ന പദം. |
| 232 | ഓണക്കാഴ്ച | ഓണ ഉത്സവത്തോടനുബന്ധിച്ച് ജന്മിക്ക് കുടിയാൻ നൽകിയിരുന്ന കാഴ്ചദ്രവ്യം. |
| 233 | ഒറ്റിക്കാണം | പാറപൊട്ടിക്കുന്നതിനായി റവന്യൂ വകുപ്പിലേക്ക് ഒടുക്കിയിരുന്ന തുക. |
| 234 | 1-ാം നമ്പർ രജിസ്റ്റർ (സർക്കാർവക ഭൂമികളെ കാണിക്കുന്ന രജിസ്റ്റർ) | ഒരു വില്ലേജിൽപ്പെട്ട സർക്കാർ ഭൂമികളുടെ സർവ്വെ നമ്പർ, വിസ്തീർണ്ണം, ഇനം തുടങ്ങിയ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ. |
| 235 | ഒൺ ആന്റ് ദ സെയിം സർട്ടിഫിക്കറ്റ് | രണ്ട് പേരുകളിൽ അറിയപ്പെടുന്ന വ്യക്തി ഒരാളാണെന്ന് സാക്ഷ്യപ്പെടുത്തുന്നത്. |
| 236 | ഒഴിമുറി | വസ്തുവിന്റെ അവകാശം ഒഴിഞ്ഞുകൊണ്ട് ചമയ്ക്കുന്ന പ്രമാണം. |
| 237 | ഒറ്റി | ഭൂമിയുടെ താത്ക്കാലികാവകാശം കൈമാറുന്നതാണ് ഒറ്റി. |
| 238 | ഒറ്റിക്കരണം | ഒറ്റിക്കുള്ള രേഖ. |
| 239 | ഒറ്റിയാധാരം | ഒറ്റിയവകാശം കൊടുക്കുന്ന പ്രമാണം. |
| 240 | ഒസ്യത്ത് | ഇഷ്ടദാനം. |
| 241 | *Obiter dictum* | പ്രസംഗോക്തി |
| 242 | ഒരു തസ്തികയുടെ ശരാശരി ശംബളം (Average pay/ Average cost of a Post) | ഒരു തസ്തികയിലേക്ക് ചെലവായി കണക്കാക്കുന്ന തുകയെ ഒരു തസ്തികയുടെ ശരാശരി ശംബളം എന്നുപറയുന്നു. |
| 243 | അംശം കച്ചേരി | വില്ലേജാഫീസ് |
| 244 | അംശം കോൽക്കാരൻ | അംശം ശിപായി |
| 245 | അംശം ചാവടി | കുറ്റക്കാരെ തടവിലിടുന്ന കെട്ടിടഭാഗം |
| 246 | അംശം മജിസ്ട്രേറ്റ് | അംശം അധികാരിക്ക് മജിസ്ട്രേറ്റിന്റെ ചുമതലയും ഉണ്ടായിരുന്നു. അംശം അധികാരി അംശം മജിസ്ട്രേറ്റ് എന്നും അറിയപ്പെട്ടിരുന്നു. |

| | | |
|---|---|---|
| 247 | അംശം ഉദ്യോഗസ്ഥന്മാർ | അംശം അധികാരി അംശം ശിവായി തുടങ്ങിയ ഉദ്യോഗസ്ഥന്മാർ |
| 248 | അംശം ശിപായി | അംശം അധികാരിയുടെ കൽപ്പന പ്രകാരം പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻ ഇപ്പോൾ വില്ലേജ്മാൻ എന്ന പേരിൽ അറിയപ്പെടുന്നു. |
| 249 | അംശം കാവൽക്കാരൻ | അധികാരിയുടെ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിരുന്ന പോലീസുകാരൻ. |
| 250 | അംശം ഒട്ടുജമ | ഒരു അംശത്തിലെ മൊത്തം മുതൽ |
| 251 | അംഗുലം | ഒരു തരം അളവ്. ഒരു അംഗുലം ഏതാണ്ട് 3 സെന്റീമീറ്ററിന് തുല്യം |
| 252 | അംശിക്കുക | ഭാഗിക്കുക |
| 253 | കുത്തുരേഖ(dotted line) | കുത്തുകൾ മാത്രം ഉപയോഗിച്ച് സൂചിപ്പിക്കുന്ന രേഖ. |
| 254 | കഡാസ്ട്രൽ സർവെ | ഒരു ഭൂവിഭാഗത്തിന്റെ ശരിയായ രൂപം ഒറ്റനോട്ടത്തിൽ കാണത്തക്കവിധം ചുരുങ്ങിയതോതിൽ പേപ്പറിൽ വരക്കുന്നതിനും സ്ഥിതിസ്ഥാപകചിഹ്നങ്ങൾ രേഖപ്പെടുത്തുന്നതിനും വിസ്തീർണ്ണം കണക്കാക്കുന്നതിനും ആവശ്യമായ അളവുകൾ എടുക്കുന്ന സമ്പ്രദായം. |
| 255 | കോമ്പസ് സർവെ | പ്രിസ്മാറ്റിക് കോമ്പസ് എന്ന ഉപകരണത്തിന്റെ സഹായത്തോടെ നടത്തുന്ന സർവെ. |
| 256 | കോണ്ടൂർ ലൈൻ | ഒരു നിശ്ചിത ലവലിലുള്ള ബിന്ദുക്കളിൽ കൂടി കടന്നുപോകുന്ന സാങ്കൽപ്പിക രേഖയാണ് കോണ്ടൂർ ലൈൻ. ഭൂമിയുടെ ഉയരവ്യത്യാസം മനസ്സിലാക്കുന്നതിന് ഇതുകൊണ്ട് സാധിക്കുന്നു. |
| 257 | കീമാപ്പ് | ഒരു മൈനർ സർക്യൂട്ടിലെ എല്ലാ പതിവുകളേയും മറ്റ് സബ്ഡിവിഷനുകളേയും ഉൾപ്പെടുത്തി അതിന്റെ ഏകദേശമായ സ്ഥാനം മാത്രം കാണിച്ചുകൊണ്ട് വില്ലേജാഫീസിൽ വരച്ചുണ്ടാക്കുന്ന സ്കെച്ച്. |
| 258 | കരം ഒഴിവ് | പ്രത്യേക കുടുംബങ്ങൾക്കോ സമുദാങ്ങൾക്കോ അനുഭവത്തിനായി ദാനമായും കരം ഒഴിവാക്കികൊടുത്ത ഭൂമി. |
| 259 | കുടികൾ | കൃഷിക്കാർ. |
| 260 | കണ്ടുകൃഷിവക | തിരുവിതാംകൂർ മഹാരാജാവ് തിരുമനസിലെ സ്വന്തം വകയായിരുന്ന വസ്തുക്കൾ. |
| 261 | കെട്ടിട നികുതി | കേരളാ കെട്ടിട നികുതി നിയമപ്രകാരം 100 എം2 ന് മുകളിൽ വിസ്തീർണ്ണമുള്ള വാസഗൃഹ ഉടമകളിൽ നിന്നും 50 എം2 ന് മുകളിൽ വിസ്തീർണ്ണമുള്ള മറ്റ് കെട്ടിട ഉടമകളിൽ നിന്നും സർക്കാരിലേക്ക് ഈടാക്കുന്ന നികുതി. |
| 262 | കിസ്ത് തീയതി | വാർഷിക നികുതിയുടെ ഓരോ തവണയും ഒടുക്കുവാനുള്ള പ്രഖ്യാപിത തീയതി. |
| 263 | കിസ്ത് ബന്ദി | വാർഷിക നികുതിയുടെ ഓരോ തവണയും ഒടുക്കുവാനുള്ള പ്രഖ്യാപിത തീയതി. |
| 264 | കഡാസ്ട്രൽ റിക്കാർഡു | കഡാസ്ട്രൽ സർവ്വെ ചെയ്ത് തയ്യാറാക്കിയ റിക്കാർഡുകളെയാണ് കഡാസ്ട്രൽ റിക്കാർഡുകൾ എന്നുപറയുന്നത്. |

| | | |
|---|---|---|
| 265 | കീഷണൽ പേഴ്സണൽ ഇനാം | വ്യവസ്ഥകളോടുകൂടി നൽകുന്ന ഇനാം ഭൂമി. |
| 266 | കുകൃഷി തനത് | തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സിലെ വകയും അനുഭവക്കാർക്ക് നൽകിയിരുന്നതും എന്നാൽ പട്ടയം നൽകാത്തതുമായ ഭൂമി. |
| 267 | കുകൃഷി പാട്ടം | തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സിലെ വകയും അനുഭവക്കാർക്ക് നൽകയിരുന്നതും പട്ടയം നൽകിയിരുന്നതുമായ ഭൂമി. |
| 268 | കയൽതൊഴിലാളി പെൻഷൻ | കയർതൊഴിലാളികൾക്ക് നിർദ്ദിഷ്ട വ്യവസ്ഥകളോടെ നൽകിവരുന്ന പെൻഷൻ. |
| 269 | കരണം | ആധാരം മുതലായ രേഖകൾ. |
| 270 | കരംകൊ ഭൂമി | കരം നിശ്ചയിച്ചുനൽകിയിട്ടുള്ള ഭൂമി. |
| 271 | കരാറുപാട്ടം | കരാറിന്റെ അടിസ്ഥാനത്തിൽ ജന്മി കുടിയാന് പാട്ടമായി ഭൂമി നൽകുന്നതാണ് കരാറുപാട്ടം. |
| 272 | കരം | നികുതി |
| 273 | കരിനിലം | കറുത്ത മണ്ണുള്ള നിലം |
| 274 | കരം ഒടുക്ക് രസീത് | നികുതി ഒടുക്കുമ്പോൾ നികുതി സ്വീകരിച്ചതിന് തെളിവായി നൽകുന്ന രസീത്. |
| 275 | കരമൊടുക്ക് രസീതുപുസ്തകങ്ങൾ വക അക്കൗ | താലൂക്കാഫീസിൽ നിന്നും ഏറ്റുവാങ്ങുന്ന എസീതുപുസ്തകങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതും വില്ലേജിൽ സൂക്ഷിക്കുന്നതുമായ അക്കൗ. |
| 276 | കരംപട്ടാൽ | ചില സ്ഥാപനങ്ങളുടെ നടത്തിപ്പിനും മറ്റുമായി നൽകിയിരുന്ന ഭൂമിയുടെ നികുതി മുൻകാലത്ത് സാധനങ്ങളായോ നാണയങ്ങളായോ ഈടാക്കിയിരുന്നു. ഇതാണ് കരംപട്ടാൽ. |
| 277 | കരം പതിഞ്ഞ ഭൂമി | കരം ഈടാക്കിയിരുന്ന ഭൂമി. |
| 278 | കരം പിരിവ് അക്കൗ | ഒരു വില്ലേജിനുവേി വസൂൽ ചെയ്യപ്പെട്ട എല്ലാ ലാന്റ് റവന്യൂ വക മുതലും രേഖപ്പെടുത്തുന്ന രജിസ്റ്റർ. |
| 279 | കസ്റ്റമറി ഡ്യൂസ് | സാധാരണ പാട്ടത്തിന് പുറമേ കുടിയാൻ ജന്മിയ്ക്ക് വിശേഷാവസരത്തിൽ നൽകിയിരുന്ന പണമോ സാധനങ്ങളോ ആണ് കസ്റ്റമറി ഡ്യൂസ്. |
| 280 | കർഷക തൊഴിലാളി പെ | കർഷക തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ. വ്യവസ്ഥകൾ ബാധകം. |
| 281 | കാണതീട്ടൂരം | കാണം അവകാശദാനം. |
| 282 | കാണാർത്ഥം | കാണക്കുടിയാൻ ഭൂവുടമകൾക്ക് നൽകുന്ന മുൻകൂർ പണം |
| 283 | കാണം-കുഴിക്കാണം | കാണക്കുടിയാൻ ഭൂവുടമയ്ക്ക് നൽകിയ മുൻകൂർ പണത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആദായത്തിന്റെ ഒരു ഭാഗം ജന്മിക്ക് എടുക്കുവാൻ നിശ്ചയിച്ചും ബാക്കിയുള്ളവ കുടിയാന് എടുക്കുവാൻ വ്യവസ്ഥ ചെയ്തും നൽകിയിരുന്ന ഭൂമി. |
| 284 | കാണംദാർ | കാണപ്പാട്ടം സർക്കാരിൽ നിന്നും ലഭിച്ച വ്യക്തി |

| | | |
|---|---|---|
| 285 | കാലപ്പിഴകൊല്ലാത്ത നിറുത്തൽ/കുറവ് | തെറ്റായി മുതലിൽ കൊു വന്നിട്ടുള്ള നികുതികൾ അനധികൃത കയ്യേറ്റത്തിന് വിധേയമായ സർക്കാർ ഭൂമി കൈയ്യേറ്റക്കാരന് പതിച്ചുകൊടുക്കുന്നതോടൊപ്പം മുതലിൽ കുറവെഴുതേ നിരോധനകരം, പിഴ തുടങ്ങിയ ഭൂ സംരക്ഷണ നിയമമനുസരിച്ചുള്ള കുടിശ്ശികകൾ റവന്യൂ അപ്പീലിലോ റിവിഷനിലോ ഉായ ഉത്തവിന്മേൽ റവന്യൂ അക്കൗിൽ നിന്നും കുറവെഴുതേ കുടിശ്ശികകൾ കുടിശ്ശികക്കാരനിൽ നിന്നും ഈടാക്കാൻ നിവൃത്തിയില്ലാതെ വരുന്ന തുകകൾ, നോട്ടീസ് നടത്തുന്നതിന് മുമ്പ് കുടിശ്ശിക ഈടാക്കുന്നതു മൂലം കുറവ് ചെയ്യേിവരുന്ന പ്രോസസ് ഫീസ് തുടങ്ങിയവ കാലപ്പിഴകൊല്ലാത്ത നിറുത്തൽ/കുറവിന് ഉദാഹരണമാണ്. |
| 286 | കാലപ്പിഴ കൊുള്ള നിറുത്തൽ | കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ച പ്രദേശങ്ങളിലും മറ്റും കർഷകർക്ക് ഭൂനികുതി, ജലസേചന നികുതി തുടങ്ങിയവ ഇളവുചെയ്തുകൊടുക്കുന്നത് ഈ വിഭാഗത്തിൽപ്പെടുന്നു. |
| 287 | കാർഡമം സെറ്റിൽമെന്റ് | ഏല കൃഷിക്കായി സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി. |
| 288 | കിട്ടിയ രശീതി | മടക്കുരശീതി (Acknowledgement) |
| 289 | കിണ്ണം മുട്ടുക | ജപ്തി വിവരം ഓട്ടുപാത്രത്തിൽ വടികൊടിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നതിനെയാണ് കിണ്ണംമുട്ടുക എന്നുപറയുന്നത്. |
| 290 | കീറി പരിശോധന | പോസ്റ്റ്മോർട്ടം. |
| 291 | കുടി ജന്മം | കരം ചുമത്തിയതിന്റെ നാലിലൊന്ന് മാത്രം നികുതി കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ളഭൂമികളെ കുടിജന്മം എന്നു പറയന്നു. |
| 292 | കുടിയാൻ ജന്മം | ഭൂമിയുടെ ജന്മി കുടിയാനായി വരുന്നതാണ് കുടിയാൻ ജന്മം. |
| 293 | കുടിൽ ഇൻഷ്വറൻസ് പ | തീപിടിച്ചുനശിക്കുന്ന കുടിലിന് നൽകിയിരുന്ന സാമ്പത്തിക സഹായം ഇപ്പോൾ നിലവിലില്ല. |
| 294 | കുത്തകപ്പാട്ടം | സർക്കാർ ഭൂമിയും അതിലെ വൃക്ഷങ്ങളും പാട്ടത്തിന് നൽകിയിരുന്നതിനെ കുത്തകപ്പാട്ടം എന്നുവിളിച്ചിരുന്നു. ഇപ്പോൾ പാട്ടമാണ് നിലവിലുള്ളത്. |
| 295 | കുങ്കിദാർ | കൃഷിക്കായി ഭൂമി പതിച്ചുകിട്ടിയവർ. |
| 296 | കുങ്കിലാന്റ്സ് | കൃഷിക്കായി പതിച്ചുനൽകിയ ഭൂമി. |
| 297 | കുറ്റിക്കാണം | സർക്കാർ വക ഭൂമിയിൽ നിന്നും പാറപൊട്ടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഈടാക്കുന്ന തുക. |
| 298 | കുംഭപ്പൂ | മുകൻ കൃഷി. |
| 299 | കുംഭം | പറയുടെ പത്തിലൊന്ന്, ഒരു അളവ്. |
| 300 | കുഷ്ഠരോഗ പെൻഷൻ | കുഷ്ഠരോഗികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള പെൻഷൻ. |
| 301 | കൂലിപാട്ടംദാർ | കുടിയാന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വിഭാഗം. |
| 302 | കെട്ടിട നികുതി | 1992 ലെ റൂൾ പ്രകാരം പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്ന നികുതി. |
| 303 | കേട്ടെഴുത്ത് | ഭൂവുടമ/ഭൂമി കൈവശക്കാരൻ സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥന്റെ അടുത്തുചെന്ന് അയാളുടെ ഭൂമിയുടെ വിവരങ്ങൾ പറയുകയും അത് കേട്ട് എഴുതി തയ്യാറാക്കിയ കണക്ക്. |
| 304 | കേട്ടെഴുത്ത് റിക്കാർഡ് | കേട്ടെഴുത്ത് പ്രകാരം തയ്യാറാക്കിയ റിക്കാർഡ്. |

| | | |
|---|---|---|
| 305 | കൈപ്പാഡു സിസ്റ്റം ഓഫ് കൾട്ടിവേഷൻ | ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങളിൽ മൺകൂനയുാക്കി നെൽകൃഷി ചെയ്യുന്നത്. |
| 306 | കൈവശപ്പണയം | രൂപ കടംവാങ്ങുന്നതിന് ഈടായി ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനെയാണ് കൈവശപ്പണയം എന്നുപറയുന്നത്. |
| 307 | കൈവശ-ജപ്തിരഹിത സർട്ടിഫിക്കറ്റ് | ഒരു വസ്തുവിന്റെ കൈവശാവകാശം, ഉടമസ്ഥാവകാശം മറ്റുവിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയും പ്രസ്തുത വസ്തു ജപ്തി ചെയ്തിട്ടില്ലാത്തതാണ് എന്നും രേഖപ്പെടുത്തി നൽകുന്ന സാക്ഷ്യപത്രം. |
| 308 | കൊടികൾ | 3 മീറ്റർ നീളത്തിലും 4 സെന്റീമിറ്റർ വ്യാസത്തിലും ഒരറ്റം ഭൂമിയിൽ തറക്കുന്നതിന് കൂർത്തതാക്കിയിട്ടുള്ളതും, സർവെ ആവശ്യങ്ങൾക്കുപയോഗിക്കുന്നതുമായ ഉപകരണം. ഇതിന്റെ മുകൾഭാഗത്ത് അകലെനിന്നും കറിയുന്നതിനുവേി തുണികെട്ടുക പതിവാണ്. |
| 309 | കൊടികുത്തിമല | മൈനർ ട്രിഗണോമെട്രിക്കൽ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ള കുന്നിൻപ്രദേശങ്ങൾ കൊടികുത്തിമല എന്നറിയപ്പെടുന്നു. |
| 310 | കൊട്ടുവിരുത്തി | ചെ, ഉടുക്ക് മുതലായ വാദ്യഉപകരണങ്ങൾ ക്ഷേത്രങ്ങളിലോ മറ്റോ വദനം ചെയ്യുന്നതിനായി നൽകിയിരുന്ന ഭൂമിയാണ് കൊടുവിരുത്തി എന്നറിയപ്പെട്ടിരുന്നത്. |
| 311 | കൊഴുവർക്കപ്പണയം | രൂപ കടംവാങ്ങുന്നതിന് ഈടായി ഭൂമിയുടെ കൈവശാവകാശം നൽകുന്നതിന് പുറമേ അതിലെ ആദായം എടുക്കുന്നതിനുള്ള അവകാശം കൂടി നൽകുന്ന പണയം. |
| 312 | കോറിലേഷൻ സ്റ്റേറ്റ്മെ | റീസർവെ നടത്തുമ്പോൾ പുതിയ സർവെ നമ്പരും പഴയ സർവെ നമ്പരും തമ്മിലുള്ള ബന്ധം രേഖപ്പെടുത്തുന്ന റിക്കാർഡ്. |
| 313 | കാൻസർ പെൻഷൻ | കാൻസർ രോഗികൾക്ക് സർക്കാർ അനുവദിച്ചുനൽകുന്ന പെൻഷൻ. |
| 314 | ക്ലാസിഫയർ | കഴെുത്ത് കാലത്ത് ഭൂമിയെ ആദായത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ. |
| 315 | ക്രോസ് സ്റ്റാഫ് | ഒരു സർവെ ഉപകരണം. |
| 316 | കേരള സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) നിയമം | കേരള സംസ്ഥാനത്ത് ചിതരത്തിലുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും, നിയന്ത്രിക്കുന്നതിനും പ്രത്യേകം വ്യവസ്ഥ ചെയ്ത് പുറപ്പെടുവിച്ച നിയമം. |
| 317 | കള്ളനോട്ട് നിർമ്മാതാവ് | കള്ളനോട്ട് നിർമ്മാതാവ് എന്നാൽ അറിഞ്ഞുകൊും മന:പൂർവ്വമായും വ്യാജമായ നാണയമോ നോട്ടോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860 ലെ 45-ാം കേന്ദ്ര ആക്ട്) യിലെ 30-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള വാല്യുവേഷൻ സെക്യൂരിറ്റിയോ നിർമ്മിക്കുകയോ, ശേഖരിച്ച് വയ്ക്കുകയോ വിതരണം നടത്തുകയാ ചെയ്യുന്ന ഏതെങ്കിലും ഒരാൾ എന്നർത്ഥമാകുന്നതും, അത്തരം ഏതെങ്കിലും പ്രവർത്തനങ്ങളെ അറിഞ്ഞുകൊ് പ്രേരിപ്പിക്കുന്ന ഒരാളും ഉൾപ്പെടുന്നതാകുന്നു. |

| | | |
|---|---|---|
| 318 | കൊള്ളപലിശക്കാരൻ | കൊള്ളപലിശക്കാരൻ എന്നാൽ വായ്പയുടെ ഏതെങ്കിലും ഭാഗമോ അതിന്റെ പലിശയോ, അതിന്റെ ഏതെങ്കിലും ഗഡുവോ പിരിക്കുന്നതിനോ വായ്പ ഇടപാടുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാവരമോ, ജംഗമമോ ആയ വസ്തു എടുക്കുന്നതിനോ, വായ്പതുക ഭാഗികമായോ മുഴുവനുമായോ അതിന്മേലുള്ള പലിശയോ ഈടാക്കുന്നതിനോവേി, ഏതെങ്കിലും വ്യക്തിക്ക് നേരെ നേരിട്ടോ അല്ലാതെയോ മറ്റൊരാൾ മുഖേനയോ ശാരീരികമായ അക്രമം നടത്തുകയോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന ഒരു പണംകടംകൊടുപ്പുകാരനോ, പണം കൊടുപ്പുകാരനാൽ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആളോ അയാൾക്കുവേി പ്രവർത്തിക്കുന്ന ഒരാളോ എന്നർത്ഥമാകുന്നു. |
| 319 | കിസ്ത് | വാർഷിക നികുതിയുടെ ഓരോ തവണയെയുമാണ് കിസ്ത് എന്ന് വിളിക്കുന്നത്. |
| 320 | കണക്കൻ | അക്കൗണ്ടന്റ്. |
| 321 | കണക്ടിങ് ലൈൻ | വലിയ സർവെ നമ്പരിനകത്തോ മൈനർ സർക്യൂട്ടിനകത്തോ ചുറ്റുമുള്ള അതിർത്തിയോടു തൊടാതെ ഒരു നമ്പർ ഉണ്ടായിരുന്നാൽ അത് സർവെ ചെയ്ത് പ്ലാനിൽ അതിന്റെ സ്ഥാനം കൃത്യമായി നിർണ്ണയിക്കുന്നതിന് വലിയ നമ്പരിന്റെ അതിർത്തിയോടുചേർത്ത് നൽകുന്ന ലൈൻ. |
| 322 | കൃഷിയുക്തവനഭൂമി ( Arable Forest Land ) | കൃഷിചെയ്യാവുന്ന വനഭൂമി. |
| 323 | Conditional Personal Inam | ഒരു വ്യക്തിക്ക് കൊടുക്കുന്ന പേഴ്സണൽ ഇനാം ഭൂമി നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമാണെങ്കിൽ അവ ഈ വിഭാഗത്തിൽപ്പെടുന്നു. |
| 324 | കോമ്പൻസേഷൻ പെൻഷൻ (Compensation Pension) | ഒരു സ്ഥിരം ജീവനക്കാരന്, തസ്തിക നിർത്തലാക്കിയതു നിമിത്തം തസ്തിക ഇല്ലാതാവുകയും അയാൾ നേരത്തെ വഹിച്ചിരുന്ന തസ്തികയ്ക്കു തുല്യമെങ്കിലുമായ ഒരു തസ്തികയിൽ അയാളെ നിയമിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, ഒന്നുകിൽ പകരം അയാൾക്ക് കുറഞ്ഞ ശമ്പള സ്കെയിലിലുള്ള ഒരു തസ്തികയിൽ സർക്കാർ നല്കുന്ന ഉദ്യോഗം സ്വീകരിക്കുകയോ അല്ലാത്തപക്ഷം കോമ്പൻസേഷൻ പെൻഷനും ഗ്രാറ്റുവിറ്റിയും ലഭിക്കാനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്യാം. ഇത്തരം സാഹചര്യങ്ങളിൽ ഉദ്യോഗം നഷ്ടപ്പെട്ട ജീവനക്കാർക്ക് അവരുടെ സേവനകാലത്തിന്റെ തോതനുസരിച്ചു നൽകുന്ന പെൻഷനെയാണ് കോമ്പൻസേഷൻ പെൻഷൻ എന്നു പറയുന്നത്. |
| 325 | കുടുംബവേതന ലളിത പദ്ധതി (Liberalized Family Pension) | ഈ പദ്ധതിയനുസരിച്ചുള്ള കുടുംബ പെൻഷൻ, സേവനകാലത്തു മരിച്ച ജീവനക്കാരുടെ കുടുംബത്തിനും പെൻഷൻ പറ്റിയതിനുശേഷം മരിച്ച ഒരാളുടെ കുടുംബത്തിനും നിർബന്ധിത പെൻഷനിൽ വിടുതൽ ചെയ്യപ്പെട്ട ആശ്രിതന്റെ മരണശേഷം അയാളുടെ കുടുംബത്തിനും ലഭിക്കുന്നു. |
| 326 | കീഴ് വഴക്കം | പൂർവ്വാചാരം. |
| 327 | കണ്ടെഴുത്ത് | ഭൂമി പരിശോധിച്ചു തയ്യാറാക്കിയ കണക്കാണ് കണ്ടെഴുത്ത്. |
| 328 | കണ്ണാടിക്കല്ല് | തിയോഡൊലൈറ്റ് ഉപയോഗിച്ചു സർവെ ചെയ്യുമ്പോൾ സ്ഥാപിക്കുന്ന സർവെ കല്ല്. |

| | | |
|---|---|---|
| 329 | കമ്പോളവില | ഒരു ഭൂമിയുടെ യഥാർത്ഥ വില നിശ്ചയിക്കുന്നത് അതിന്റെ സമീപപ്രദേശത്ത് സ്ഥിതി ചെയ്യുന്നതും തുല്യപ്രാധാന്യമുള്ളതുമായ ഭൂമിയുടെ യഥാർത്ഥ വിലയുടെ അടിസ്ഥാന ത്തിലാണ്. ഇത്തരത്തിൽ നിശ്ചയിക്കുന്നവിലയാണ് കമ്പോളവില. |
| 330 | കരടുപടം | ഐ സ്കെച്ച്, കീമാപ്പ്. |
| 331 | കരക്കുടിശ്ശിക | കിസ്ത് തീയതിയിൽ ഒടുക്കാതെ വന്ന തുകയാണ്/നികുതിയാണ് കരകുടിശ്ശിക. |
| 332 | കരംപതിയാത്ത ഭൂമി | പുറമ്പോക്ക്, സർവെ ചെയ്യാത്ത ഭൂമി എന്നിവ. |
| 333 | കളക്ഷൻചാർജ്ജ് | റവന്യൂ റിക്കവറിയിനത്തിൽ ഈടാക്കുന്ന തുകയുടെ അഞ്ച് ശതമാനം ഈടാക്കിയതി നുള്ള തുകയായി റവന്യൂ വകുപ്പിലേക്ക് മുതൽ കൂട്ടുന്നു. ഇതാണ് കളക്ഷൻ ചാർജ്ജ്. |
| 334 | കാനേഷുമാരി | ജനസംഖ്യാ കണക്കെടുപ്പ്. |
| 335 | കായികതാരങ്ങൾക്ക് പെൻഷൻ | അവശരായ കായികതാരങ്ങൾക്ക് നൽകുന്ന പെൻഷൻ. |
| 336 | കാര്യക്കാർ | തഹസീൽദാർ. |
| 337 | കുറവ് | കുടിശ്ശിക മുതൽ റവന്യൂ അക്കൗണ്ടിൽ നിന്നും സ്ഥിരമായി എഴുതിത്തള്ളുന്നതിനെ കുറവ് എന്നുപറയുന്നു. |
| 338 | കാഴ്ചദ്രവ്യം | വിശേഷാവസരങ്ങളിൽ ജന്മിക്ക് കുടിയാൻ നൽകിയിരുന്ന സാധനങ്ങൾ. |
| 339 | കിഴമേൽ | കിഴക്കുപടിഞ്ഞാറ്. |
| 340 | കുടിക്കട സർട്ടിഫിക്കറ്റ് (Encumbrance Certificate) | ബാദ്ധ്യതാ സാക്ഷ്യപത്രം. |
| 341 | കുടിശ്ശികക്കാരൻ | കുടിശ്ശിക വരുത്തുന്ന വ്യക്തി. |
| 342 | കുടിൽ ഇൻഷ്വറൻസ് പദ്ധതി | റവന്യൂ വകുപ്പ് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് കുടിൽ തീകത്തിനശിച്ചതിന് നൽകിയിരുന്ന ഇൻഷ്വറൻസ് പദ്ധതി, ഇപ്പോൾ നിലവിലില്ല. |
| 343 | കുഷ്ഠരോഗപെൻഷൻ | നിർദ്ധനരായ കുഷ്ഠരോഗികൾക്ക് നൽകുന്ന പെൻഷൻ. |
| 344 | കേടുപാടുകൾ തീർത്തു | ഈ പദം ഭൂമിയിലെ സർവ്വെ കല്ലുകളുടെ കേടുപാടുകൾ തീർന്നശേഷം സർവെകല്ല് രജി സ്റ്ററിൽ രേഖപ്പെടുത്തുന്നു. |
| 345 | കൊച്ചുകാശ് | തിരുവിതാംകൂറിലുണ്ടായിരുന്ന നാണയം (ഒരു ചക്രത്തിന്റെ 1/16 ആണ് 1 കാശ്) |
| 346 | കോടി | വെള്ളം കൊണ്ടുപോകുന്നതിനുള്ള ചാലുകൾ. |
| 347 | കോറിലേഷൻ രജിസ്റ്റർ | പുതിയതായി റീസർവെ റിക്കാർഡുകൾ തയ്യാറാക്കുമ്പോൾ പഴയ സർവെ നമ്പരും പുതിയ സർവ്വെ നമ്പരും തമ്മിലുള്ള ബന്ധം കാണിക്കുന്നതിനായി തയ്യാറാക്കുന്ന രജി സ്റ്റർ. |
| 348 | ക്യാപിറ്റൽ അക്കൗണ്ട് | സർക്കാർവക വസ്തുക്കൾ വിറ്റ് കിട്ടുന്ന മുതലിനുള്ള ഒരു അക്കൗണ്ട്. |
| 349 | ക്യാപിറ്റൽ റവന്യൂ | സർക്കാർ വക വസ്തുക്കൾ വിറ്റുകിട്ടുന്ന തുക. |

| | | |
|---|---|---|
| 350 | ക്വാഡ്രജങ്ഷൻ | നാലു ബ്ലോക്കുകളുടെയോ, സർവെ നമ്പരുകളുടെയോ വില്ലേജിന്റെയോ അതിർത്തികൾ ഒത്തുചേരുന്ന ഭാഗം. |
| 351 | ക്രിമിലെയർ സർട്ടിഫിക്കറ്റ് | കേന്ദ്ര സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് മറ്റ് പിന്നോക്കവിഭാഗക്കാർക്ക് വരുമാനത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ നൽകുന്ന സാക്ഷ്യപത്രം. |
| 352 | കുടുംബപെൻഷൻ | മുൻ തിരുവിതാംകൂർ സംസ്ഥാനത്തും കൊച്ചി സംസ്ഥാനത്തും ചില പ്രത്യേക പരിഗണനയുടെ അടിസ്ഥാനത്തിൽ ഏതാനും കുടുംബങ്ങൾക്കും വ്യക്തികൾക്കും നൽകിയിരുന്ന പെൻഷൻ. |
| 353 | കുടുംബാംഗത്വ സാക്ഷ്യപത്രം | ഒരു കുടുംബത്തിലെ വ്യക്തികളുടെ പേരുവിവരം രേഖപ്പെടുത്തി നൽകുന്ന സാക്ഷ്യപത്രം. |
| 354 | കൈവശാവകാശ സർട്ടിഫിക്കറ്റ് | ഒരു വസ്തുവിന്റെ ഉടമസ്ഥാവകാശം, കൈവശം എന്നിവയെക്കുറിച്ച് രേഖപ്പെടുത്തി നൽകുന്ന സാക്ഷ്യപത്രം. |
| 355 | കച്ചീട്ട് | രസീത്, കരാർ പത്രം. |
| 356 | കൈച്ചീട്ട് | രസീത്, കരാർ പത്രം. |
| 357 | കമ്പിയില്ലാ കമ്പി | കമ്പിയുടെ സഹായമില്ലാതെ ദൂരെദിക്കിലേക്ക് സന്ദേശങ്ങളയക്കാനുള്ള രീതി. |
| 358 | കമ്മട്ടം | നാണയങ്ങൾ അടിക്കുന്ന സ്ഥലം. |
| 359 | കമ്മിട്ടം | നാണയങ്ങൾ അടിക്കുന്ന സ്ഥലം. |
| 360 | കമ്മ്യൂട്ടേഷൻ (Commutation) | സാധാരണ ഗതിയിലുള്ള പെൻഷൻതുകയുടെ നിശ്ചിത ശതമാനം പരിവർത്തനം (Commute) ചെയ്ത് ഒറ്റത്തുകയായി മുൻകൂർ വാങ്ങാൻ പെൻഷൻ പറ്റിയ വ്യക്തിയ്ക്ക് അവകാശമുണ്ട്. ഇത്തരത്തിൽ പരിവർത്തനം ചെയ്യുന്നതിനെയാണ് കമ്മ്യൂട്ടേഷൻ എന്നു പറയുന്നത്. |
| 361 | കെട്ടുതെങ്ങ് | വൃക്ഷപ്പാട്ടത്തിന് ചുമത്തിയിരുന്ന അധിക നികുതി |
| 362 | കോൽ | ഒരു അളവുപകരണം. |
| 363 | കസബ | പട്ടണം, ജില്ലാതലസ്ഥാനം. |
| 364 | കാണം | വില, അവകാശം, വസ്തു. |
| 365 | കാണപ്പാട്ടം | പണയ വായ്പ കൊടുത്ത് കാണമായി എഴുതി വാങ്ങുന്ന വസ്തു. |
| 366 | കാതം | നാലുനാഴിക (ഏഴര നാഴിക ദൂരം) |
| 367 | കാരാണ്മ | എന്നെന്നേയ്ക്കും അനുവദിച്ചുലഭിക്കുന്ന ക്ഷേത്രവൃത്തി/ കർഷകന്റെ അവകാശം. |
| 368 | കടവ് | കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമപ്രകാരം മണൽവാരൽ നടത്തുന്ന ഒരു നദീതീരമോ ജലാശയമോ എന്നർത്ഥമാകുന്നു. |
| 369 | കടവ് കമ്മിറ്റി | കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കമ്മിറ്റി. |
| 370 | കാരാളൻ | ജന്മാവകാശമുള്ളവൻ. |
| 371 | കുടി | കുടികിടപ്പ്. |
| 372 | കുടിയായ്മ | കുടികിടപ്പുകാരൻ എന്ന സ്ഥിതി. |
| 373 | കുടിയാൻ | കുടികിടപ്പുകാരൻ. |
| 374 | കുടിയിറക്ക് | പാർക്കുന്നവരെ ഇറക്കിവിട്ട് സ്ഥലം അവകാശപ്പെടുത്തുക. |

| | | |
|---|---|---|
| 375 | കുടിശ്ശിക | ബാക്കി കിട്ടാനുള്ളത് അല്ലെങ്കിൽ അടക്കേണ്ട തവണകളിൽ മുടക്കം വന്നത്. |
| 376 | കൊറ്റ് | ധാന്യമായി കൊടുക്കുന്ന കൂലി. |
| 377 | കോട് | പ്രദേശം. |
| 378 | കോശാധിപൻ | ഖജാൻജി. |
| 379 | കീർത്താഡ്സ് / (KIRTADS) | ഏതെങ്കിലും ഒരു വ്യക്തിയുടെ ജാതിയെക്കുറിച്ച് സംശയമുള്ള പക്ഷം അത് അന്വേഷണം നടത്തി കണ്ടുപിടിക്കുന്ന സർക്കാർ സ്ഥാപനം. |
| 380 | കേഡർ(Cadre) | ജോലിയുടെ സ്വഭാവം ഉത്തരവാദിത്വത്തിന്റെ വ്യത്യാസം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിലേയും ജീവനക്കാരെ പ്രത്യേകം പ്രത്യേകമായി തരം തിരിച്ചിട്ടുണ്ട്. ഇപ്ര കാരം ഒരു വിഭാഗമായോ ഒരു വിഭാഗത്തിന്റെതന്നെ ഉപവിഭാഗമായോ പ്രവർത്തിക്കാൻ അനുവദിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സമൂഹമാണ് കേഡർ. |
| 381 | കാലം | സമയം. |
| 382 | കലണ്ടർമാസം | സൗരമാസം. |
| 383 | കൃത്യ നിർവ്വഹണം (Duty) | കേരളാ സർവ്വീസ് ചട്ടം 12(7) ൽ പറഞ്ഞിരിക്കുന്ന കാലയളവുകളെ ഡ്യൂട്ടി എന്നുപറയു ന്നു. |
| 384 | കുടുംബസഹായ നിധി (Family Benefit Scheme) | 1.9.1984 മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ നിർബന്ധമായും വരിക്കാരാകേണ്ടിയിരുന്ന സർക്കാർ ഫണ്ട്. |
| 385 | കോമ്പൻസേറ്ററി ഓഫ് | പൊതുഒഴിവെടുക്കാൻ അനുവദിക്കപ്പെട്ടിട്ടില്ലാത്ത പാർട്ട്ടൈം കണ്ടീജൻസി ജീവന ക്കാർക്ക് ഞായറാഴ്ച ഒഴികെയുള്ള പൊതു ഒഴിവുദിവസങ്ങളിലെ ജോലിക്ക് വ്യവസ്ഥ കൾക്ക് വിധേയമായി അനുവദിക്കുന്ന ഓഫ്. ഒരു സൗരവർഷത്തിൽ പരമാവധി 15 ദിവ സം. |
| 386 | ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് | തഹസിൽദാർ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കൂടിയാണ്. അതുകൊണ്ട് തന്നെ ക്രിമിനൽ നടപടി നിയമം, തെളിവു നിയമം തുടങ്ങിയവയിൽ തഹസിൽദാർക്ക് അറിവ് ഉണ്ടായിരിക്കണം. ഇത് പരിശോധിക്കാനായി പി.എസ്.സി.നടത്തുന്ന പരീക്ഷ. |
| 387 | *Casus omissus* | വിട്ടുപോയ വിഷയം |
| 388 | *Cause celebre* | അധിക ശ്രദ്ധ അർഹിക്കുന്ന വ്യവഹാരം |
| 389 | ക്രോസ്ഡ് വയർ | തിയോഡലൈറ്റിന്റെ ഭാഗം. |
| 390 | ക്രോസ് പർട്ടൽ ലൈൻ | ഒരു ഖണ്ഡം ചെയിൻ സർവെ രീതിപ്രകാരം സർവെ ചെയ്തശേഷം ഖണ്ഡത്തിന്റെ ഒരു വശത്തുള്ള തിയോഡലൈറ്റ് സ്റ്റേഷനിൽ നിന്നും ഖണ്ഡത്തിന്റെ എതിർവശത്തെ തിയോഡലൈറ്റ് സ്റ്റേഷനിലേക്കോ ട്രാവേഴ്സ് ലൈനിന്റെ പാർട്ടിലേക്കോ ഒന്നോ അതില ധികമോ ലൈനുകൾ ഏർപ്പെടുത്തി ഖണ്ഡത്തിനുള്ളിൽ വരുന്ന ഫീൽഡ് ജംഗ്ഷനു കൾക്ക് ഓഫ് സെറ്റ് എടുത്ത് ഫീൽഡ് ബുക്ക് തയ്യാറാക്കുന്നു. (ഒഫ് സെറ്റ് ദൂരം 100 മീറ്റർ വരെയുള്ളതിന് മാത്രം). ഇപ്രകാരം ഖണ്ഡത്തിനുള്ളിൽ കൂടി വിടുന്ന ലൈനിനെ ക്രോസ് പർട്ടൽ ലൈൻ എന്നു പറയുന്നു. |

| | | |
|---|---|---|
| 391 | ക്രോസ് പർട്ടൽ ലൈൻ ഫീൽഡുബുക്ക് | ഒരു ഖണ്ഡം ചെയിൻ സർവെ രീതിപ്രകാരം സർവെ ചെയ്തശേഷം ഖണ്ഡത്തിന്റെ ഒരു വശത്തുള്ള തിയോഡലൈറ്റ് സ്റ്റോണിൽ നിന്നും ഖണ്ഡത്തിന്റെ എതിർവശത്തെ തിയോഡലൈറ്റ് സ്റ്റോണിലേക്കോ ട്രാവേഴ്സ് ലൈനിന്റെ പാർട്ടിലേക്കോ ഒന്നോ അതിലധികമോ ലൈനുകൾ ഏർപ്പെടുത്തി ഖണ്ഡത്തിനുള്ളിൽ വരുന്ന ഫീൽഡ് ജംഗ്ഷനുകൾക്ക് ഓഫ് സെറ്റ് എടുത്ത് ഫീൽഡ് ബുക്ക് തയ്യാറാക്കുന്നു. (ഒഫ് സെറ്റ് ദൂരം 100 മീറ്റർ വരെയുള്ളതിന് മാത്രം). ഇപ്രകാരം ഖണ്ഡത്തിനുള്ളിൽ കൂടി വിടുന്ന ലൈനിനെ ക്രോസ് പർട്ടൽ ലൈൻ എന്നും ഫീൽഡു ബുക്കിനെ ക്രോസ് പർട്ടൽ ലൈൻ ഫീൽഡു ബുക്ക് എന്നും പറയുന്നു. |
| 392 | കട്ട് മെഷർമെന്റ് | റോഡ്, തോട് മുതലായ ഇടുങ്ങിയ ഫീൽഡ് സർവെ ചെയ്ത് പ്ലാൻ തയ്യാറാക്കുമ്പോൾ അതിന്റെ ആകൃതിക്ക് വ്യത്യാസം വന്നിട്ടുണ്ടോ എന്നറിയുന്നതിനുവേണ്ടി ഫീൽഡിന്റെ ഒരുവശത്തുള്ള ബന്റിൽ നിന്നും എതിർവശത്തുള്ള മറ്റൊരു ബന്റിലേക്ക് ലൈൻവിട്ട് നീളം അളന്നെടുക്കുന്നു. ഇതിനെ കട്ട് മെഷർമെന്റ് എന്നുപറയുന്നു. |
| 393 | ഖണ്ഡം | ബ്ലോക്കുകളെ 25 മുതൽ 50 വരെ ഹെക്ടർ വിസ്തീർണ്ണമുള്ള ഭാഗങ്ങളായി തിരിക്കുന്നു. ഇത്തരം ഭാഗങ്ങളാണ് ഖണ്ഡങ്ങൾ. |
| 394 | ഖസറ സർവ്വെ | മുമ്പ് നിലവിലിരുന്ന ഒരു സർവെ രീതിയാണ് ഇത്. ശാസ്ത്രീയമായ അളവുസമ്പ്രദായമല്ല. എല്ലാഫീൽഡുകളും ചതുർഭുജങ്ങളാണെന്ന നിഗമനത്തിൽ വിസ്തീർണ്ണം കണക്കാക്കിയിരുന്നു. |
| 395 | ഖജാന | ട്രഷറി. |
| 396 | ഖജനാവ് | സർക്കാർ ധനം സൂക്ഷിക്കുന്ന സ്ഥലം. |
| 397 | ഖണ്ഡം ബൗണ്ടറി തിയോഡൊലൈറ്റ് സ്റ്റോൺ | ഖണ്ഡം അതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള സർവ്വെ (കണ്ണാടി) കല്ലുകൾ. |
| 398 | ഗ്രാമപഞ്ചായത്ത് | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു. |
| 399 | ഗ്രാറ്റുവിറ്റി | ഒരു വർഷത്തെ യോഗ്യസേവന കാലത്തിന് സർവ്വീസിലെ അവസാന മാസത്തെ ശംബളനിരക്കിൽ അരമാസത്തെ ശബളം എന്ന നിരക്കിൽ നൽകുന്ന തുകയാണ് ഗ്രാറ്റുവിറ്റി. ഇതിന്റെ പരമാവധി യോഗ്യസേവനകാലം 33 വർഷമാണ്. |
| 400 | ഗായി മകരാർദാർ | കുടിയാന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വിഭാഗം. |
| 401 | ഗോമ്പ്രചിറ്റു | കുടിയാന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വിഭാഗം. |
| 402 | ഗഴേസ് ചെയിൻ | ഗർ എന്ന യൂറോപ്യൻ ശാസ്ത്രജ്ഞൻ കുപിടിച്ച 66 അടി നീളമുള്ള അളവു ചങ്ങലയാണിത്. |
| 403 | ഗവൺമെന്റ് ലാന്റ് | സർക്കാരിന്റേതായ എല്ലാ ഭൂമിയും ഈ വിഭാഗത്തിൽപ്പെടുന്നു. |
| 404 | ഗൊല്ല | ട്രഷറിയിലുായിരുന്ന ഒരുദ്യോഗസ്ഥൻ. |
| 405 | ഗ്രാമമുൻസിഫ് | ഗ്രാമക്കോടതിയിലെ പ്രിസൈഡിംഗ് ഓഫീസർ. |
| 406 | ഗ്രേറ്റ് ട്രിഗണോ മെട്രിക്കൽ സ്റ്റേഷൻ | ട്രിഗണോ മെട്രിക്കൽ സർവെ ചെയ്യുന്നതിന് സർവെ ഓഫ് ഇന്ത്യ ഡിപ്പാർട്ട്മെന്റ് ത്രികോണങ്ങളുടെ മൂലകളിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റേഷനുകളാണ് ജി.റ്റി.സ്റ്റേഷനുകൾ. ഓരോ സ്റ്റേഷന്റെയും, ലോംജിറ്റ്യൂഡ്, ലാറ്റിറ്റ്യൂഡ്, ഹയിറ്റ് എന്നിവ സർവെയിൽ കണ്ടെത്തുന്നു. |
| 407 | ഗ്രൗ ലൈൻ | ജി ലൈൻ. |

| | | |
|---|---|---|
| 408 | ഗു | ഗു എന്നാൽ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, പ്രത്യക്ഷമായോ പൊതുവ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന നിയമവിരുദ്ധ പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നതും, കൂടാതെ വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡേറ്റയും പകർപ്പവകാശവും അപഹർത്താവ് , മയക്കുമരുന്ന് കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, വാടക ചട്ടമ്പി, റൗഡി, അസാന്മാർഗ്ഗിക കുറ്റവാളി, കൊള്ളപലിശക്കാരൻ, വസ്തു കയ്യേറ്റക്കാരൻ എന്നിവർ ഉൾപ്പെടുന്നതാകുന്നു. |
| 409 | ഗ്രാമക്കോടതി | ഓരോ ഗ്രാമത്തിലും നിലവിലുായിരുന്ന കോടതി. |
| 410 | ഗജം | ഒരു അളവ് ഏതാ് 36‘ നീളം |
| 411 | ഗ്രൂപ്പ് വില്ലേജ് | ഒന്നിൽകൂടുതൽ വില്ലേജുകൾ ഒരു ആഫീസിൽ പ്രവർത്തിക്കുന്നതാണ് ഗ്രൂപ്പ് വില്ലേജ്. |
| 412 | ചാവടി | കച്ചേരി, കാര്യാലയം. |
| 413 | ചതുരം | എതിർവശങ്ങൾ തുല്യവും എല്ലാ കോണുകളും തുല്യവുമായ ചതുർഭുജമാണ് ചതുരം. |
| 414 | ചുങ്കം | നികുതി. |
| 415 | ചെയിൻ സർവെ | ചങ്ങലയും, ക്രോസ്സ്റ്റാഫും ഉപയോഗിച്ചുനടത്തുന്ന സർവെ. |
| 416 | ചക്രം | രൂപ |
| 417 | ചില്ലിക്കാശ് | 12 ചില്ലിക്കാശ് ഒരു അണ. |
| 418 | ചിട്ട ഗുമസ്തൻ | നിത്യവസൂൽ ചിട്ടയും രസീതും ഒത്തുനോക്കിയിരുന്ന താലൂക്ക് കച്ചേരിയിലെ ഉദ്യോഗസ്ഥൻ. |
| 419 | ചൂിപ്പണയം | കടം വാങ്ങുന്ന തുകക്ക് ഈടാക്കി ചൂിക്കാണിച്ച് നൽകുന്ന വസ്തു. |
| 420 | ചെക്ക് ലൈൻ | ജി ലൈനുകൾ ഏർപ്പെടുത്തുന്നതുമൂലം ഉാകുന്ന ഫീൽഡിനെ ത്രികോണങ്ങളാക്കി മാറ്റുന്നതിന് ഒരു സർവെ ഫീൽഡിന്റെ ഒരു ജംങഷനിൽ നിന്നും ഒന്നിടവിട്ട എതിർ ജങ്ഷനിലേക്ക് ഏർപ്പെടുത്തുന്ന ചെയിൻ ലൈനുകളെ ചെക്ക് ലൈനുകൾ എന്നുപറയുന്നു. |
| 421 | ചെങ്ങതം | ഒരുതരം നികുതി (ഇപ്പോഴില്ല) |
| 422 | ചെയിൻ | അളക്കുന്നതിനായി ഉപയോഗിക്കുന്ന ചങ്ങല. |
| 423 | ചുമട്ടുപണം | മുമ്പ് ചുമത്തിയിരുന്ന ഒരു കരം. |
| 424 | ചാകുടി | വ്യക്തികളുടെ മരണംമൂലം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി. |
| 425 | ചിറ്റ | തണ്ടപ്പേർ. |
| 426 | ചുവടുവയ്ക്കൽ | ഒരു പോയിന്റിൽ നിന്നും മറ്റൊരു പോയിന്റിലേയ്ക്ക് ഏകദേശമായ അളവ് ലഭിക്കുന്നതിന് അളവുപകരണങ്ങൾ ഉപയോഗിക്കാതെ ഒരുചുവടുവച്ച് അതിന് നാല് ലിംഗ്സ് എന്ന തോതിൽ ലൈനിന്റെ ഏകദേശ നീളം കണ്ടുപിടിക്കുന്നതിനെയാണ് അടിവയ്ക്കൽ, ചുവടുവയ്ക്കൽ അല്ലെങ്കിൽ പേസിംഗ് (Pacing) എന്നു പറയുന്നത്. |
| 427 | ചെയിൻമാൻ | സർവ്വെ ചെയ്യുമ്പോൾ സർവെ ഉദ്യോഗസ്ഥനെ സഹായിക്കുകയും ചങ്ങല പിടിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻ. |
| 428 | ചാർജ്ജ് ഷീറ്റ് | കുറ്റപത്രം. |

| | | |
|---|---|---|
| 429 | ജി.റ്റി.സ്റ്റേഷൻ | ട്രിഗണോ മെട്രിക്കൽ സർവെ ചെയ്യുന്നതിന് സർവെ ഓഫ് ഇന്ത്യ ഡിപ്പാർട്ട്മെന്റ് ത്രികോണങ്ങളുടെ മൂലകളിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റേഷനുകളാണ് ജി.റ്റി.സ്റ്റേഷനുകൾ. ഓരോ സ്റ്റേഷന്റെയും, ലോംജിറ്റ്യൂഡ്, ലാറ്റിറ്റ്യൂഡ്, ഹയിറ്റ് എന്നിവ സർവെയിൽ കണ്ടെത്തുന്നു. |
| 430 | ജി പ്രോസസ് | വില്ലേജ് ബൗണ്ടറിയും ഖണ്ഡം ബൗണ്ടറിയും ട്രാവേഴ്സ് പ്ലോട്ടിംഗ് നടത്തിയതിനു ശേഷം ട്രാവേഴ്സ് ലൈനിൽ നിന്നുള്ള ഓഫ്സെറ്റുകളും Cross Purtal line offset കളും അടയാളപ്പെടുത്തുന്നു. പിന്നീട് ഇ.എഫ്.പ്രോസസ് പ്രകാരം തയ്യാറാക്കിയിട്ടുള്ള റിക്കാർഡുകൾ വച്ചുകൊണ്ട് വില്ലേജ് മാപ്പ് പ്ലോട്ട് ചെയ്യുന്നു. |
| 431 | ജി ലൈൻ | ഗ്രൗണ്ട് ലൈൻ. |
| 432 | ജിപിഎസ് | ഗ്ലോബൽ പൊസഷനിംഗ് സിസ്റ്റം. |
| 433 | ജമമാറ്റം | പോക്കുവരവ്. |
| 434 | ജമതിരി | പോക്കുവരവ്. |
| 435 | ജന്മാവകാശം | ഒരു വസ്തുവിൽ ഒരാൾക്കുള്ള സ്ഥിരമായ അവകാശത്തെ ആ വസ്തുവിന്മേലുള്ള ജന്മാവകാശം എന്നുപറയുന്നു. ജന്മാവകാശമുള്ള ആളാണ് ജന്മി. |
| 436 | ജില്ലാ വിദഗ്ദ സമിതി | കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചതും ഓരോജില്ലയ്ക്കും വേണ്ടിയുള്ളതുമായ സമിതി. |
| 437 | ജില്ലാ പഞ്ചായത്ത് | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ജില്ലാ പഞ്ചായത്ത് എന്നർത്ഥമാകുന്നു. |
| 438 | ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പർ | ജുഡീഷ്യൽ ആവശ്യങ്ങൾക്കായുപയോഗിക്കുന്ന മുദ്രപ്പത്രം. |
| 439 | ജണ്ട | വനാതിർത്തിയിലോ ഉള്ളിലോ സ്ഥാപിക്കപ്പെടുന്ന സർവെ അടയാളങ്ങൾ കാലാന്തരത്തിൽ കാടുപിടിച്ചുമൂടുന്നതിനും ഇലയോ മണ്ണോ വീണ് കാണാതാകുന്നതിനും ഇടയുണ്ട്. സർവെ അടയാളങ്ങൾ പ്രയാസംകൂടാതെ കണ്ടുപിടിക്കുവാൻ വേണ്ടി അതിനോട് ചേർന്ന് വളരെയധികം ചെറിയ കല്ലുകൾ കൊണ്ട് അടുക്കിയിട്ടുള്ള കൽകൂമ്പാരമാണ് ജണ്ട. |
| 440 | ജില്ലാ മജിസ്ട്രേട്ട് | ജില്ലാ കളക്ടറിൽ ക്രിമിനൽ നടപടി നിയമപ്രകാരം ചുമതലപ്പെട്ടിട്ടുള്ള ചുമതല. |
| 441 | ജനന മരണ കണക്കെടുപ്പു വരുത്തി | ജനന മരണകണക്ക് എടക്കുന്നതിന് പ്രതിഫലമായി നൽകിയിരുന്ന ഭൂമി. |
| 442 | ജന്മഭോഗം | മുമ്പ് നിലവിലിരുന്ന ഒരുതരം നികുതി (ഇരുപ്പൂ നിലങ്ങളിൽ രാം വിളയുടെ മൂന്നിൽ രംഹരി നികുതി) |
| 443 | ജമാബന്തി | ലാന്റ് റവന്യൂ വകുപ്പ് ചുമത്തേണ്ട എല്ലാ നികുതികളും യഥാസമയം ചുമത്തി പിരിവ് വരുത്തി വില്ലേജ് അക്കൗണ്ടുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയുന്നതിനായി വില്ലേജിലെയും താലൂക്കിലെയും വിവിധ അക്കൗണ്ടുകളും രജിസ്റ്ററുകളും ഒത്തുനോക്കി സൂക്ഷ്മ പരിശോധന നടത്തുന്നതാണ് ജമാബന്തി. |
| 444 | ജന്മം വസ്തുക്കൾ | സർക്കാർ കണക്കുകളിൽ ദേവസ്വം വകയെന്നോ ബ്രഹ്മസ്വം വകയെന്നോ മാടമ്പിമാർവകയെന്നോ കാണിച്ചിരുന്നതും സർക്കാരിലേക്ക് കരം കൊടുക്കുന്നതിൽ നിന്നും ഒഴിച്ചിട്ടുള്ളതോ പാട്ടത്തിൽ ഒരംശം രാജഭോഗം മാത്രം കൊടുക്കേണ്ടതോ ആയ വസ്തുക്കൾ. |
| 445 | ജില്ലാ കളക്ടർ | ജില്ലാ ഭരണമേധാവി. |

| | | |
|---|---|---|
| 446 | ജന്മിക്കരം കോമ്പൻസേഷൻ | ജന്മിക്കരം നിറുത്തൽ ചെയ്ത കാരണത്താൽ ജന്മിമാർക്ക് പ്രതിഫലമായി നൽകിയ നഷ്ട പരിഹാരം. |
| 447 | ജമ | മുതൽ. |
| 448 | ജമാബന്തി ചെക്ക് മെമ്മോറാണ്ടം | ജമാബന്തി പരിശോധനക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രശ്നാവലി. |
| 449 | ജമാബന്തി ഓഫീസർ | വില്ലേജാഫീസ് വാർഷികപരിശോധന നടത്തുന്ന ജില്ലാ കളക്ടറോ, ജില്ലാ കളക്ടർ അധി കാരപ്പെടുത്തുന്ന മറ്റ് റവന്യൂ ഉദ്യോഗസ്ഥന്മാരോ ആണ് ജമാബന്തി ഓഫീസർമാർ. |
| 450 | ജംഗമസാധനങ്ങൾ | ഇളകുന്നമുതൽ. |
| 451 | ജില്ലാ സർവെ സൂപ്രണ്ട്: | ഒരു ജില്ലയിലെ സർവെയുടെയും ഭൂരേഖാ സംരക്ഷണത്തിന്റെയും ചുമതലയുള്ള ഉദ്യോ ഗസ്ഥൻ. |
| 452 | ജംഗ്ഷൻ | റവന്യൂ സർവെയിൽ രണ്ടിലധികം സർവ്വെ നമ്പരുകളുടെയോ, ബ്ലോക്കുകളുടെയോ അതിർത്തികൾ കൂട്ടിമുട്ടുന്ന സ്ഥലം. |
| 453 | ജാതി സർട്ടിഫിക്കറ്റ് | ഒരു വ്യക്തിയുടെ ജാതി, മതം, വിഭാഗം എന്നിവ കാണിച്ച് നൽകുന്ന സാക്ഷ്യപത്രം. |
| 454 | ജനറൽ പവർ ഓഫ് അറ്റോർണി | മുക്ത്യാർ പലകാര്യങ്ങൾ ചെയ്യുന്നതിനായാണ് നൽകുന്നതെങ്കിൽ അതിനെ ജനറൽ പവർ ഓഫ് അറ്റോർണി എന്നുപറയുന്നു. |
| 455 | ജന്മി | ഭൂമിയിൽ പൂർണ്ണാവകാശമുള്ള ഭൂവുടമ. |
| 456 | ജന്മിഭാഗം | ജന്മിക്ക് ഭൂമിയിൽ നിന്ന് ലഭിക്കേണ്ട ആദായം. |
| 457 | ജന്മിമാറാട്ടം | ജന്മിയുടെ വസ്തുവിനെ സംബന്ധിച്ച തർക്കം. |
| 458 | ജന്മി സമ്പ്രദായം | ഭൂവുടമാ സമ്പ്രദായം. |
| 459 | ജന്മാധികാരം | ജന്മനാ ഉള്ള അവകാശം, തീറവകാശം. |
| 460 | ജമീന്ദാർ | ഭൂവുടമ. |
| 461 | ജപ്തി | കണ്ടുകെട്ടൽ. |
| 462 | ജപ്തി കൽപന | ജപ്തി ഉത്തരവ്. |
| 463 | ജപ്തിമുതൽ | കണ്ടുകെട്ടിയ ദ്രവ്യം. |
| 464 | ജമീൻ | ഭൂമി, നിലം. |
| 465 | ജില്ലാ ഓഫീസ് മാനുവൽ | റവന്യൂ വകുപ്പിലെ ഓഫീസ് നടപടി രീതികൾ/വിവരങ്ങൾ പ്രതിപാദിക്കുന്ന മാനുവൽ. |
| 466 | *Jus Civile* | വ്യവഹാര വിധി |
| 467 | ട്രിപ്പോഡ് സ്റ്റാൻഡ് | തിയോഡലൈറ്റിന്റെ ഭാഗം. |
| 468 | ട്രയാംഗുലർ ഫ്രെയിം | തിയോഡലൈറ്റിന്റെ ഭാഗം. |
| 469 | ടാൻജന്റ് | തിയോഡലൈറ്റിന്റെ ഭാഗം. |
| 470 | ടെലസ്കോപ്പ് | തിയോഡലൈറ്റിന്റെ ഭാഗം. |

| | | |
|---|---|---|
| 471 | ടൈലൈൻ | ഒരു ഫീൽഡ് സർവെ ചെയ്യുമ്പോൾ ജി ലൈനുകളിൽ നിന്നോ ചെക്ക് ലൈനുകളിൽ നിന്നോ ഓഫ് സെറ്റ് എടുക്കാൻ കഴിയാതെ വരുന്ന സബ്ഡിവിഷൻ ബന്റുകൾക്ക് ഓഫ്സെറ്റ് എടുക്കുന്നതിനുവേണ്ടി അല്ലെങ്കിൽ മറ്റേതെങ്കിലും അളവുകൾ പരിശോധി ക്കുന്നതിനുവേണ്ടി ഫീൽഡിന്റെ ബൗണ്ടറി ബെന്റിൽനിന്നോ പാർട്ടളവിൽനിന്നോ എതിർവശത്തെ ഏതെങ്കിലുമൊരു ബന്റിലേക്കോ പാർട്ടിലേക്കോ അല്ലെങ്കിൽ ഫീൽഡിൽ ഏതെങ്കിലുമൊരു ലൈനിലുള്ള പോയിന്റിലേക്കോ വിടുന്ന ലൈൻ ആണ് ടൈ ലൈൻ. ഇത് ടൗൺ സർവെയിൽ ആവശ്യമായി വരുന്നു. ജി ലൈൻ, ചെക്ക് ലൈൻ എന്നിവ പരി ശോധിക്കുന്നതിനും ഗ്രൂപ്പ് സ്കെച്ച് തയ്യാറാക്കുന്നതിനും ഇത് സഹായകരമാണ്. ഡീമാർക്കേഷൻ സ്കെച്ചിൽ ഈ ലൈൻ ചുവന്ന മഷിയിൽ വരക്കുന്നു. |
| 472 | ടോപ്പോഗ്രഫിക്കൽ സർവെ മാപ്പ് | പ്രകൃതിദത്തമായിട്ടുള്ള മലകൾ, നദികൾ, അരുവി, തടാകം എന്നിവയും മനുഷ്യ നിർമ്മി തമായിട്ടുള്ള റോഡ്, റെയിൽവേ, മതസ്ഥാപനങ്ങൾ തുടങ്ങിയവയും സർവെ ചെയ്ത് പ്ലാനിൽ യഥാസ്ഥാനത്ത് രേഖപ്പെടുത്തുന്നു. ഇത്തരത്തിൽ തയ്യാറാക്കുന്ന സ്കെച്ചാണ് ടോപ്പോഗ്രഫിക്കൽ സർവ്വെ മാപ്പ്. |
| 473 | ടോപ്പോഗ്രാഫിക്കൽ സർവെ | പ്രകൃതിദത്തമായിട്ടുള്ള മലകൾ, നദികൾ, അരുവി, തടകം എന്നിവയും മനുഷ്യ നിർമ്മിത മായിട്ടുള്ള റോഡ്, റെയിൽവേ, മതസ്ഥാപനങ്ങൾ തുടങ്ങിവയും സരേവ ചെയ്ത് പ്ലാൻ തയ്യാറാക്കുന്നു. ഈ വിധത്തിൽ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി നടത്തുന്ന സർവെ യാണ് ടോപ്പോഗ്രഫിക്കൽ സർവെ. |
| 474 | ട്രാൻസിറ്റ് | ഒരു തരം തിയോഡൊലൈറ്റിന്റെ പേര്. |
| 475 | ടാക്കോമീറ്റർ | ഒരു തരം തിയോഡൊലൈറ്റിന്റെ പേര്. |
| 476 | ടോംടോം ചാർജ്ജ് | ജപ്തി വിവരം മുരശ്കൊട്ടി അറിയിക്കുകയും അതിന്റെ ചെലവ് കുടിശ്ശികക്കാരനിൽ നിന്നും ഈടാക്കുകയും ചെയ്തിരുന്നു. അതാണ് മുരശ്പടി അഥവാ ടോംടോം ചാർജ്ജ്. |
| 477 | ടി | മേൽപടി. |
| 478 | ടോട്ടൽ ഹാം സിസ്റ്റം | ഓഫീസുകളിൽ ജോലി കൃത്യമായി നടപ്പിലാക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള രീതി. |
| 479 | ട്രാവേഴ്സ് ലൈൻ | തിയോഡൊലൈറ്റ് സർവ്വെ ചെയ്യുമ്പോൾ ഒരു കണ്ണാടികല്ലിൽ നിന്നും മറ്റൊരു കണ്ണാടിക ല്ലിലേക്ക് നീണ്ടുപോകുന്നരേഖ. |
| 480 | ട്രാവേഴ്സ് സർവെ | തിയോഡൊലൈറ്റ് സർവ്വേ. |
| 481 | ടോട്ടൽ സ്റ്റേഷൻ | കമ്പ്യൂട്ടർ വത്കൃത ആധുനിക സർവ്വെ. |
| 482 | ടൈം സ്കെയിൽ (Time Progressive Scale of Pay) | ഏറ്റവും കുറഞ്ഞ തുകയിൽ നിന്നും നിശ്ചിത വർദ്ധനവുവഴി പരമാവധി തുകയിലെ ത്തുന്ന ശംബള സ്കെയിലുകൾ. |
| 483 | ടെമ്പർ ഓഫ് അപ്പോ യ്മെന്റ് | നിയമന സ്വഭാവം. |
| 484 | ൌൺ സർവ്വേ | ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരങ്ങൾ, മുനിസിപ്പാലിറ്റികൾ മുതലായവ ത്രികോണപ്പെ ടുത്തി സർവെ ചെയ്യാൻ പ്രയാസമായതിനാൽ കൈവശ ഭൂമികളെ ഉദ്ദേശം 4 ഹെക്ടർ വരുന്ന ബ്ലോക്കുകളായി തിരിച്ച് റോഡ്, ചെറിയവഴി എന്നിവയിലൂടെ തിയോഡലൈറ്റ് കൊണ്ട് സർവെ ചെയ്യുന്നു. ഇപ്രകാരമുള്ള ട്രാവേഴ്സ് ലൈനിൽ നിന്നോ ടൈ ലൈനിൽ നിന്നോ എല്ലാ പോയിന്റുകൾക്കും ഓഫ് സെറ്റ് എടുത്ത് സർവെ ചെയ്ത് റിക്കാർഡു തയ്യാറാക്കുന്നു. |

| | | |
|---|---|---|
| 485 | ഡിവൈഡ് പ്ലാൻ | സെറ്റിൽമെന്റ് കാലത്ത് ചെയ്ത സബ്ഡിവിഷനുകളുടെ അളവുകൾ, കിടപ്പ്, അതിർത്തികൾ എന്നിവ കാണിക്കുന്ന സ്കെച്ച്. |
| 486 | ഡീമാർക്കേഷൻ | ഭൂമിയുടെ ഇനം, തരം, കൈവശം ബന്ധപ്പെട്ട റിക്കാർഡുകൾ മുതലായവ അടിസ്ഥാനപ്പെടുത്തി വസ്തുക്കൾ പരസ്പരം വേർതിരിച്ച് അതിർത്തികളിൽ ആവശ്യമായ ഭാഗത്ത് നിശ്ചിത രീതിയിലും വലിപ്പത്തിലുമുള്ള സർവെ അടയാളങ്ങൾ സ്ഥാപിക്കുന്നതിനെ ഡീമാർക്കേഷൻ എന്നുപറയുന്നു. |
| 487 | ഡ്യൂട്ടി | കേരളാ സർവ്വീസ് ചട്ടം 12(7) ൽ പറഞ്ഞിരിക്കുന്ന കാലയളവുകളെ ഡ്യൂട്ടി എന്നുപറയുന്നു. |
| 488 | ഡിജിറ്റൽ ഡേറ്റ പകർപ്പവകാശ അപഹർത്താവ് | ഡിജിറ്റൽ ഡേറ്റ പകർപ്പവകാശ അപഹർത്താവ് എന്നാൽ വാണിജ്യ ആവശ്യത്തിനായി ഏതെങ്കിലും പുസ്തകത്തിന്റെയോ, സംഗീതത്തിന്റെയോ ചലച്ചിത്രത്തിന്റെയോ സോഫ്റ്റ് വയറിന്റെയോ കലാപരമായതോ അല്ലെങ്കിൽ ശാസ്ത്രീയമായതോ ആയ സൃഷ്ടിയുടെയോ പകർപ്പവകാശവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമം അറിഞ്ഞുകൊണ്ടും മന:പൂർവ്വമായും ലംഘിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും, അതിൽ നിയവിരുദ്ധമായ ഏതെങ്കിലും സ്വാർത്ഥലാഭത്തിനുവേ ഏതെങ്കിലും കമ്പ്യൂട്ടറിലോ ഏതെങ്കിലും ഡിജിറ്റൽ നെറ്റ്വർക്കിലോ അതിന്റെ ഉപയോക്താവായ ആളിന്റെ റെഡന്റിറ്റിയിലൂടെ ഏതെങ്കിലും ആളെയോ ഏതെങ്കിലും കമ്പ്യൂട്ടർ സിസ്റ്റത്തെയോ കബളിപ്പിച്ചുകൊ് നിയമവിരുദ്ധമായി പ്രവേശിക്കുകയും നിയമവിരുദ്ധമായി ഉപയോഗിക്കുകയും ചെയ്യുന്ന ആൾ ഉൾപ്പെടുന്നതുമാകുന്നു. |
| 489 | ഡിവൈഡ് സ്കെച്ച് | ഒറിജിനൽ സർവെ കാലത്ത് സബ്ഡിവിഷൻ ചെയ്യാതിരുന്നവ സെറ്റിൽമെന്റ് കാലത്ത് സബ്ഡിവിഷൻ ചെയ്യേണ്ടിവന്നാൽ മുൻ സർവെ നമ്പരിന്റെ സ്കെച്ചിനകത്ത് പുതിയ സബ് ഡിവിഷന്റെ സ്ഥാനം ആവശ്യമായ അളവോടുകൂടി കൃത്യമായ തോതിലല്ലാതെ വച്ചുണ്ടാക്കുന്നതാണ് ഡിവൈഡ് സ്കെച്ച്. |
| 490 | ഡയഗണൽ സ്കെയിൽ | ഏതെങ്കിലും ഒരു തോതനുസരിച്ച് അതിന്റെ ഏറ്റവും ചെറിയ ഘടകം വരെ വളരെ കൃത്യമായി വായിയ്ക്കത്തക്കവിധം വിഭജിച്ചു തയ്യാറാക്കുന്ന സ്കെയിൽ ആണ് ഡയഗണൽ സ്കെയിൽ. സമാനത്രികോണങ്ങളുടെ സമാനവശങ്ങൾ അനുപാതത്തിലായിരിക്കും എന്നതത്വമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. |
| 491 | ഡി പ്രോസസ് (Traverse Plotting) | സി പ്രോസസിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അളവുകൾ വച്ച് ട്രാവേഴ്സ് പ്ലോട്ട് ചെയ്ത് പ്ലാൻ തയ്യാറാക്കുന്നു. |
| 492 | Defence | ന്യായസമർത്ഥനം. |
| 493 | ഡബിൾലൈൻ ബൗണ്ടറി | ഒരു വില്ലേജിന്റെയോ, താലൂക്കിന്റെയോ മറ്റോ അതിർത്തിയിൽ പുഴ ഉണ്ടായിരുന്നാൽ ഇരുകരകളിൽകൂടിയും തിയോഡൊലൈറ്റ്കൊണ്ട് സർവെ ചെയ്ത് റിക്കാർഡുണ്ടാക്കുന്നു. രണ്ട് ലൈനുകളുടെയും മധ്യഭാഗമായിരിക്കും യഥാർത്ഥ അതിർത്തി. ഇതിനെയാണ് ഡബിൾലൈൻ ബൗണ്ടറി എന്ന് പറയുന്നത്. |
| 494 | ഡയഗണൽ ലൈൻ | ചെക്ക് ലൈൻ. |
| 495 | ഡി-ഫോം ചെക്ക് | സർക്കാരിലേക്ക് ഭൂമി പൊന്നുംവിലക്കെടുക്കുമ്പോൾ നഷ്ടപരിഹാരം ഡി ഫോറം ചെക്കായാണ് നൽകുന്നത്. എന്നാൽ ഫാസ്റ്റ് ട്രാക് പ്രോജക്ട് പ്രകാരമുള്ള വസ്തുവാങ്ങലിന് ബാങ്ക്ചെക്കാണ് ഉപയോഗിക്കുന്നത്. |
| 496 | ഡിസ്ക്രിപ്പൻസി | സർവെയിൽ അനുവദനീയമായ അളവിൽകൂടുതലുള്ള തെറ്റ്. |

| | | |
|---|---|---|
| 497 | ഡിപ്പെൻഡൻസി സർട്ടിഫിക്കറ്റ് | ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ആശ്രയിച്ചു കഴിയുന്നതായി സാക്ഷ്യപ്പെടുത്തി നൽകുന്നത്. |
| 498 | ഡൊമിസൈൽ | ഒരു വ്യക്തിയുടെ സ്ഥിരവും നിയമപരവുമായ താമസസ്ഥലത്തെക്കുറിച്ച് രേഖപ്പെടുത്തി നൽകുന്ന സാക്ഷ്യപത്രം. |
| 499 | ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് | അഗതിയാണെന്ന് കാണിച്ച് നൽകുന്ന സാക്ഷ്യപത്രം. |
| 500 | ഡിനോവ ട്രയൽ / (De-novo trial) | പുതു വിചാരണ |
| 501 | *Donatio mortis causa* | മരണാസന്ന ദാനം |
| 502 | *De facto* | വസ്തു സ്ഥിതിപ്രകാരം |
| 503 | *De jure* | നിയമ പ്രകാരം |
| 504 | ത്രികോണം | മൂന്നുവശങ്ങളും മൂന്നുകോണുകളുമുള്ള രൂപം. |
| 505 | തിയോഡൊലൈറ്റ് സർവെ | തിയോഡൊലൈറ്റ് എന്ന ഉപകരണത്തിന്റെ സഹായത്തോടെ നടത്തുന്ന സർവെ. |
| 506 | തടസ്സലൈനുകൾ | ഏതെങ്കിലും ഒരു ലൈൻ ഏതെങ്കിലും കാരണവശാൽ നേരിട്ട് അളക്കാൻ കഴിയാതെവന്നാൽ അത്തരം ലൈനുകളെ തടസ്സലൈനുകൾ എന്നു പറയുന്നു. |
| 507 | തെങ്ങടയാളം | കേരള സംസ്ഥാന രൂപീകരണത്തിനുശേഷം സ്ഥാപിക്കുന്ന സർവ്വെക്കല്ലുകളിൽ കൊത്തിയിരിക്കുന്ന അടയാളം |
| 508 | തവണമാസം | മുതൽ അടയ്ക്കേണ്ടതായ തീയതി / മാസം |
| 509 | താത്കാലിക സ്ഥലംമാറ്റം (Temporary transfer) | രണ്ട് മാസത്തിൽ കവിയാത്ത കാലത്തേയ്ക്കാണ് സ്ഥലം മാറ്റമെങ്കിൽ അതിനെ താത്കാലിക സ്ഥലംമാറ്റം എന്ന് പറയുന്നു. |
| 510 | തദ്ദേശാധികാര സ്ഥാനം | 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ 1994-ലെ കേരളാ മുൻസിപ്പാലിറ്റി ആക്ട് (1994-ലെ 20) പ്രകാരം രൂപീകരിക്കപ്പെട്ട മുൻസിപ്പാലിറ്റിയാണ് തദ്ദേശാധികാര സ്ഥാനം എന്നതു കൊണ്ടർത്ഥമാക്കുന്നത്. |
| 511 | തോട്ടി | അംശം ശിപായി |
| 512 | തണ്ടൽക്കാരൻ | അംശം ശിപായി |
| 513 | തരിശ് | ആരുടേയും കൈവശത്തിലും ദേഹണ്ഡത്തിലും അല്ലാത്തതും ആവശ്യമായി വന്നാൽ പതിച്ചുകൊടുക്കാവുന്നതുമായ സർക്കാർ ഭൂമിയാണ് തരിശ്. |
| 514 | തൊങ്ങൽ സ്റ്റേഷൻ | വില്ലേജ് ബൗണ്ടറി, ഖണ്ഡം ബൗണ്ടറി മുതലായവ തിയോഡലൈറ്റ് കൊണ്ട് സർവെ ചെയ്യുമ്പോൾ ഒരു സ്റ്റേഷനിൽ നിന്നും അടുത്ത സ്റ്റേഷനിലേക്ക് ലൈൻ വിട്ട് കോണളവുകളെടുക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലോ അല്ലെങ്കിൽ ഭൂമിയുടെ സ്ഥിതിക്കനുസരണമായി അതിർത്തി തിരിക്കുമ്പോഴോ സ്ഥാപിക്കേണ്ടിവരുന്ന തിയോഡലൈറ്റ് കല്ലിന്റെ ഭദ്രതയെ മുൻനിറുത്തി പുഴയുടേയും മറ്റും ബൗണ്ടറിയിൽ സ്ഥാപിക്കാതെ ഫീൽഡിന്റെ ഉള്ളിലേക്ക് കയറ്റി സ്ഥാപിക്കുന്നു. ഇത്തരം സ്റ്റേഷനെ തൊങ്ങൽ സ്റ്റേഷൻ എന്നുപറയുന്നു. |

| | | |
|---|---|---|
| 515 | തണ്ടപ്പേർ രജിസ്റ്റർ (ടി പി ആർ) | ഓരോ വസ്തുവിന്റേയും അവകാശികളിൽനിന്നും കരം ഈടാക്കുന്നതിനുള്ള സൗകര്യത്തിനായി വസ്തുവിന്റെ സർവെ നമ്പർ, സബ്ഡിവിഷൻ നമ്പർ, ഇനം, തരം, വിസ്തീർണ്ണം, പട്ടയനമ്പർ, വസ്തു ഉടമയുടെ പേര് എന്നിവ കാണിച്ച് വില്ലേജാഫീസിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ. |
| 516 | തനതു ചിറ്റ | സർക്കാർ ക്ഷേത്രവും കൊട്ടാരവും ഇരിക്കുന്ന വസ്തുക്കൾ. |
| 517 | തിരുപ്പുവാരംഭൂമി | ഭൂനികുതിയിൽ ഒരുഭാഗം മൂന്നമതൊരാളിനുകൊടുക്കണമെന്ന വ്യവസ്ഥ ചെയ്തിരുന്ന ഭൂമി. |
| 518 | തിരുപ്പുവാരം | ഭൂനികുതിയിൽ ഒരുഭാഗം മൂന്നമതൊരാളിനുകൊടുക്കണമെന്ന വ്യവസ്ഥ ചെയ്തിരുന്ന ഭൂമികളും തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. ഇത്തരത്തിൽ നൽകിയിരുന്ന നികുതിയാണ് തിരുപ്പുവാരം. |
| 519 | തോട്ടനികുതി | കേരള തോട്ടനികുതി നിയമപ്രകാരം തോട്ടം ഉടമയിൽ നിന്നോ പാട്ടക്കാരനിൽ നിന്നോ ഭൂനികുതിക്കുപുറമേ ഈടാക്കുന്ന നികുതി. |
| 520 | തലവരി | ഓരോരുത്തരും നൽകേണ്ട പണം. |
| 521 | തിയോഡൊലൈറ്റ് സ്റ്റോൺ | തിയോഡൊലൈറ്റ് ഉപയോഗിച്ചു സർവെ ചെയ്യുമ്പോൾ സ്ഥാപിക്കുന്ന സർവെ കല്ല്. |
| 522 | തടിവില | പതിച്ചു നൽകേണ്ട ഭൂമിയിൽ നിൽക്കുന്ന വൃക്ഷത്തിന് നൽകേണ്ടവില. |
| 523 | താത്ക്കാലിക കൈമാറ്റം | താത്ക്കലികാവകാശം കൈമാറുന്ന രീതി, ഒറ്റി, പാട്ടം തുടങ്ങിയവ. |
| 524 | തടസ്സർ | സാക്ഷികൾ. |
| 525 | താത്ക്കാലിക രജിസ്റ്ററുകൾ | ബിറ്റിആർ, അടങ്കൽ എന്നിവ ഒഴികെയുള്ള രജിസ്റ്ററുകൾ. |
| 526 | തടങ്കൽ കൽപന | സ്റ്റേ ഉത്തരവ്. |
| 527 | തലയാരി | അംശം കാവൽക്കാരൻ |
| 528 | തീട്ടൂരം | അവകാശദാനം, രാജാവിന്റെ അനുവാദമോ അവകാശദാനമോ അടങ്ങുന്ന രേഖ |
| 529 | തീട്ട് | രാജകൽപന. |
| 530 | തീരാക്കുറ്റി | തിരിച്ചുകിട്ടാത്ത കടം |
| 531 | തീരുവ | നികുതി, തവണ. |
| 532 | തീർച്ച | തീരുമാനം. |
| 533 | തീരുവില | വസ്തുവിന്റെ ഉടമാവകാശം നൽകുന്നതിന് കിട്ടുന്ന പ്രതിഫലം. |
| 534 | തറപ്പാട്ടം | സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിരുന്നതാണ് തറപ്പാട്ടം. |
| 535 | താത്ക്കാലിക കുത്തകപ് | കുറഞ്ഞ കാലയളവിലേക്ക് നൽകിയിരുന്ന കുത്തകപ്പാട്ടം. |
| 536 | താപ്പുപറ | മുമ്പ് ഉപയോഗിച്ചിരുന്ന ഒരു അളവുപകരണം. |
| 537 | തടങ്കൽ ഉത്തരവ് | കേരള സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം തടങ്കൽ ഉത്തരവ് എന്നാൽ 3-ാം വകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവ് എന്നർത്ഥമാകുന്നു. |
| 538 | തണ്ടൽക്കാരൻ | കോൽക്കാരൻ. |
| 539 | തവണഒടുക്ക് അക്കൗണ്ട് | ഓരോ തവണയും പണം ഖജനാവിൽ ഒടുക്കുമ്പോൾ എഴുതി തയ്യാറാക്കുന്ന അക്കൗണ്ട്. |
| 540 | തഹസിൽ | താലൂക്ക്. |
| 541 | താലൂക്ക് ജി കണക്ക് | കൃഷി സ്ഥിതി വിവരകണക്ക്. |

| | | |
|---|---|---|
| 542 | തിരിച്ചറിയൽ സാക്ഷ്യപത്രം | ഒരു വ്യക്തിയെ തിരിച്ചറിയുന്നതിനായി ശാരീരിക അടയാളങ്ങൾ ഒപ്പ് എന്നിവ സാക്ഷ്യപ്പെടുത്തി നൽകുന്നത്. |
| 543 | തൊഴിൽരഹിത സാക്ഷ്യപത്രം | ഒരു വ്യക്തി തൊഴിൽരഹിതനാണെന്ന് അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുന്നത്. |
| 544 | തട്ടിക്കിഴിക്കുക | ബാദ്ധ്യതയിൽ നിന്നും കുറവ് വരുത്തുക. |
| 545 | തച്ചേറുകാരൻ | ഒരുതരം പറ കൊട്ടി പരസ്യപ്പെടുത്തുന്നവൻ. |
| 546 | തലവരി | ഓരോരുത്തരും നൽകേണ്ട വിഹിതം. |
| 547 | തഹസീൽദാർ | ഒരു താലൂക്കിലെ റവന്യൂ കാര്യങ്ങളുടെ അധികാരി. |
| 548 | തഹ്സീൽ | റവന്യൂ, കരംപിരിവ്. |
| 549 | തറവില | ഭൂമി പതിച്ചു ലഭിക്കുന്നതിനായി പതിച്ചുകിട്ടേണ്ട ആൾ നൽകേണ്ട ഭൂമിയുടെ വില. |
| 550 | താക്കോൽക്കാരൻ | പ്രധാന കാര്യസ്ഥൻ. |
| 551 | തിരുമുൽക്കാഴ്ച | ബഹുമാന്യന്മാരായവരുടെ മുമ്പിൽ വയ്ക്കുന്ന കാഴ്ച ദ്രവ്യം. |
| 552 | തിരുവെഴുത്ത് | രാജകൽപന. |
| 553 | തീട്ട് | രാജകൽപന. |
| 554 | തിട്ടൂരം | രാജാവിന്റെ അനുവാദമോ അവകാശദാനമോ അടങ്ങുന്നരേഖ. |
| 555 | തീറാധാരം | പൂർണ്ണമായ ഉടമാവകാശത്തിന്റെ പ്രമാണം. |
| 556 | തൊണ്ടി | മോഷണവസ്തു, ക്രിമിനൽ കേസിന്റെ ഭാഗമായി ഹാജരാക്കുന്ന വസ്തു. |
| 557 | തോക്കുപുര(Armoury) | തോക്കുകൾ സൂക്ഷിക്കുന്ന സ്ഥലം. |
| 558 | തോടർ | ഒരു ഗിരിവർഗ്ഗം. |
| 559 | തൻപതിവേട് | തപാലുകളുടെ (ഫയലുകളുടെ) വിവരം രേഖപ്പെടുത്തുന്ന ഗുമസ്തന്മാരുടെ രജിസ്റ്റർ. |
| 560 | തദ്ദേശനിധി (Local Fund) | ഏതെങ്കിലും പ്രത്യേക നിയമമോ പൊതുവായ നിയമമോ അനുസരിച്ച് സർക്കാർ നിയന്ത്രിക്കുന്നതും എന്നാൽ വിനിയോഗാധികാരം അതത് സ്ഥാപനങ്ങളിൽതന്നെ നിക്ഷിപ്തമായിരിക്കുന്നതുമായ നിധി. |
| 561 | താത്ക്കാലിക തസ്തിക (Temporary Post) | ഒരു ക്ലിപ്തകാലയളവിലേക്കുമാത്രം അനുവദിക്കുന്ന തസ്തികകൾ. |
| 562 | തുല്യശംബള സ്കെയിലുകൾ (Same Scale of Pay) | രണ്ട് തസ്തികകളുടെ ശംബള സ്കെയിലിന്റെ ഏറ്റവും കുറഞ്ഞ തുക ,വർദ്ധന നിരക്ക്, പരമാവധി തുക എന്നിവ തുല്യമായിരിക്കുകയും പ്രസ്തുത തസ്തികകൾക്ക് നിശ്ചയിച്ചിരിക്കുന്ന കൃത്യങ്ങളും ചുമതലകളും ഒരേതരത്തിലുള്ളവയോ ഏകദേശം ഒരേതരത്തിലുള്ളവയോ ആയിരിക്കുകയും രണ്ട് തസ്തികകളും ഒരേ കേഡറിലായിരിക്കുകയും ചെയ്താൽ ആ തസ്തികകളുടെ ശംബള സ്കെയിലുകളെ തുല്യ ശംബള സ്കെയിലുകൾ എന്നുപറയുന്നു. |
| 563 | തയ്യാറെടുപ്പുകാലം (Preparation Time) | ഒരു സ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേക്ക് മാറ്റം ലഭിച്ച ഉദ്യോഗസ്ഥന് മാറ്റത്തിനുള്ള തയ്യാറെടുപ്പിനായി അനുവദിക്കുന്ന സമയം. |
| 564 | ദൂരമാപിനി | ദൂരമളക്കുന്ന ഉപകരണം. |
| 565 | ദേവസ്വം | ദേവന്റെ വകയായത്, ക്ഷേത്രം വക സ്വത്ത്. |

| | | |
|---|---|---|
| 566 | ദിവസബത്ത (Daily Allowance) | തന്റെ ഔദ്യോഗിക കൃത്യങ്ങൾക്കും ചുമതലകൾക്കും കോട്ടംതട്ടാതെ ഏതെങ്കിലും ജോലി മറ്റ് സർക്കാരിന് വേണ്ടിയോ സ്ഥാപനങ്ങൾക്കുവേണ്ടിയോ ഏറ്റെടുക്കുന്ന ഒരുദേ ്യാഗസ്ഥന് സാധാരണ നിയമം അനുസരിച്ചുള്ള യാത്രാപ്പടി ലഭിക്കുകയില്ല. ആ സാഹചര ്യത്തിൽ മാന്യവേതനമായി നൽകുന്ന തുകയാണ് ദിനബത്ത. |
| 567 | ദൂരബത്ത(Mileage Allowance) | ഒരുദ്യോഗസ്ഥൻ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി അഥവാ കൃത്യനിർവ്വഹണത്തിനു വേണ്ടി യാത്ര ചെയ്യുന്ന ദൂരം, യാത്രയുടെ മാർഗ്ഗം, ഉപയോഗിച്ച വാഹനം ഇവയുടെ അടി സ്ഥാനത്തിൽ നൽകുന്ന ബത്ത. |
| 568 | ദിനബത്ത(ഡെയ്‌ലി അലവൻസ്) | ഒരു ജീവനക്കാരൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി തന്റെ ആസ്ഥാനത്തിന് വെളിയിൽ താമസിക്കുന്നതിന് സമയം ചെലവഴിക്കേണ്ടതായി വരുമ്പോൾ അതിന്റെ ചെല വുകൾ വഹിക്കാൻ നൽകുന്ന ബത്ത. |
| 569 | ധനനിശ്ചയം | വിൽപന. |
| 570 | ധാനി | ആസ്ഥാനം. |
| 571 | ന്യൂനകോൺ | തൊണ്ണൂറ് ഡിഗ്രിയിൽ കുറവായ കോൺ. |
| 572 | നിരോധനകരം | ഗവൺമെന്റിന്റെ അനുവാദം കൂടാതെ പുറമ്പോക്ക് സ്ഥലങ്ങൾ കൈവശം വക്കുന്നതിനും അതിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനും മറ്റും ചുമത്തുന്ന നികുതി. |
| 573 | നിരതദ്രവ്യം (Earnest Money) | ഒരു ലേലക്കാരനിൽ നിന്നും ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരം നൽകുന്നതിനായും മറ്റും മുൻകൂറായി ഈടാക്കുന്നതുക. |
| 574 | നിറുത്തൽ | പൊതുമുതൽ കണക്കിൽ നിന്നും ഇളവ് ചെയ്യുന്നത്. |
| 575 | നിത്യവസൂൽചിട്ട | നാൾവഴി. |
| 576 | നിർബന്ധിത കൈമാറ്റം | കോടതിവിധി, റവന്യൂ ലേലം തുടങ്ങിയവ മൂലമുള്ള കൈമാറ്റം. |
| 577 | നാറ്റിവിറ്റി സർട്ടിഫിക്കറ്റ് | ഒരു വ്യക്തിയുടെ സ്ഥിരതാമസത്തെക്കുറിച്ചും അയാൾ എവിടെ ജനിച്ചുവളർന്നയാളാണ് എന്നും അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ നൽകുന്ന സാക്ഷ്യപത്രം. |
| 578 | നോൺ റീമാര്യാജ് സർട്ടിഫിക്കറ്റ് | ഒരു വ്യക്തി പുനർവിവാഹം ചെയ്തിട്ടില്ല എന്ന് അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് നൽകുന്ന സാക്ഷ്യപത്രം. |
| 579 | നികുതി ഒടുക്ക് സാക്ഷ ്യപത്രം | നികുതി ഒരിക്കൽ ഒടുക്കിയാൽ അതേ ഭൂമിക്ക് അതേ സാമ്പത്തിക വർഷത്തിൽ വീണ്ടും നികുതി ഒടുക്കാൻ കഴിയില്ല. അതിനാൽ ഭൂവുടമ ആ സാമ്പത്തിക വർഷത്തിൽ നികുതി ഒടുക്കിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തി നൽകുന്നതാണ് നികുതി ഒടുക്ക് സാക്ഷ്യപത്രം. |
| 580 | നങ്ങയാർ | ദേവദാസി. |
| 581 | നമ്പൂതിരി | മലയാള ബ്രാഹ്മണ സമൂഹം. |
| 582 | നമ്പ്യാതിരി | ബ്രാഹ്മണരിൽ ഒരു താണവിഭാഗം. |
| 583 | നമ്പീശൻ | അമ്പലവാസികളിൽ ഒരു വിഭാഗം. |
| 584 | നികുതി | കരം, രാജഭോഗം. |
| 585 | നികുതിച്ചീട്ട് | നികുതിപ്പറ്റുചീട്ട്. |
| 586 | നികുതിദായകൻ | കരം കൊടുക്കുന്നവൻ. |
| 587 | നികുതി വിമുക്തം | നികുതി വേണ്ടാത്ത. |
| 588 | നിയമം. | വ്യവസ്ഥ. |
| 589 | നിലം | വയൽ. |

| | | |
|---|---|---|
| 590 | ന്യായവിധി | അവാർഡ് - പൊന്നുംവില കേസുകളിൽ നഷ്ടപരിഹാര നിർണ്ണയം നടത്തി പൊന്നുംവില ഓഫീസർ പ്രഖ്യാപിക്കുന്ന ന്യായവിധി. |
| 591 | നരവംശ ശാസ്ത്ര സർവ്വെ (Anthropological Survey) | ഏതെങ്കിലും ഒരു വ്യക്തിയുടെ ജാതിയെക്കുറിച്ച് സംശയമുള്ള പക്ഷം അത് കണ്ടെത്തുന്നതിനായി നടത്തുന്ന സർവ്വെ.കീർത്താഡ്സ് ആണ് ഇത് നടത്തുന്നത്. |
| 592 | *Non-Compos Mentis* | ബുദ്ധിക്ക് സ്ഥിരതയില്ലാത്ത |
| 593 | നഷ്ട പരിഹാര ബത്ത (Compensatory allowance) | ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ജോലി ചെയ്യേണ്ടതായി വരുന്നതുനിമിത്തം ഒരുദ്യോഗസ്ഥന് വന്ന് ചേരാവുന്ന വ്യക്തിപരമായ ചെലവിന് നഷ്ടപരിഹാരമായി അനുവദിക്കുന്ന ബത്ത. |
| 594 | നാഴി | മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ഒരു അളവ് യൂണിറ്റ്. |
| 595 | നാടൻ ഇടങ്ങഴി | പറയളവിനെ എട്ട് സമഭാഗങ്ങളായി ഭാഗിച്ച് അതിൽ ഒരു ഭാഗത്തിൽ ഉൾക്കൊള്ളുന്ന അളവ്. |
| 596 | നിർബന്ധിത പെൻഷൻ) | ഒരു ജീവനക്കാരൻ സേവനത്തിൽ തുടരാൻ അനുവദിക്കുന്നത് പൊതുതാത്പര്യത്തിനു ഹാനികരമാണെന്ന് അധികാരികൾക്കു ബോദ്ധ്യമാവിമ്പോൾ ആ ജീവനക്കാരനെ നിർബന്ധിത പെൻഷനിൽ സേവനത്തിൽ നിന്നും വിരമിപ്പിക്കുന്നു. |
| 597 | നോൺ- ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പർ | ജുഡീഷ്യൽ ആവശ്യങ്ങൾക്കൊഴികെയുള്ള ആവശ്യങ്ങൾക്കുപയോഗിക്കുന്ന മുദ്രപ്പ ത്രം. |
| 598 | നിയമനാധികാരി (Appointing Authority) | ഒരു ഉദ്യോഗാർത്ഥിക്ക് നിയമാനുസൃതം നിയമന ഉത്തരവ് നൽകേണ്ട ഉദ്യോഗസ്ഥനെ നിയമാധികാരി എന്നുപറയുന്നു. |
| 599 | നിർദ്ദിഷ്ട വേഷബത്ത (Uniform Allowance) | ഏതെങ്കിലും ഒരുദ്യോഗസ്ഥന് നിർദ്ദിഷ്ടവേഷം ഡ്യൂട്ടി സമയത്ത് വേണമെന്നുണ്ടെങ്കിൽ അത്തരം ഉദ്യോഗസ്ഥർക്ക് സർക്കാർ നൽകുന്ന ബത്ത. |
| 600 | നഷ്ടപരിഹാരാ വധി(കോമ്പൻസേഷൻ ലീവ്) | അധികാരമുള്ള മേലുദ്യോഗസ്ഥന്റെ അനുവാദത്തോടെ മറ്റൊരു ജീവനക്കാരന്റെ അസാന്നിദ്ധ്യം കൊണ്ടോ, നിയന്ത്രണാതീതമായ മറ്റു കാരണത്താലോ, അംഗീകൃത പൊതു ഒഴിവുദിവസം കൃത്യ നിർവ്വഹണത്തിൽ ഏർപ്പെടുന്ന ജീവനക്കാരന് അതിനുപകരം പിന്നീട് തത്തുല്യമായി അനുവദിക്കുന്ന അവധി. |
| 601 | നിരത്തുദൂരബത്ത( റോഡ് മൈലേജ് അലവൻസ്) | ഔദ്യോഗിക കൃത്യങ്ങൾക്കായി പൊതുനിരത്തിൽ കൂടി യാത്ര ചെയ്യുന്നതിനു ദൂരത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ബത്ത. |
| 602 | പകുതി കച്ചേരി | വില്ലേജാഫീസ്. |
| 603 | പ്രവർത്തികച്ചേരി | വില്ലേജാഫീസ്. |
| 604 | പാദാംശം(Segment) | ഒരു ത്രികോണത്തിലെ ഏതെങ്കിലും ഒരു ശീർഷകത്തിൽ നിന്നും എതിർവശത്തേക്ക് ഒരു ലംബം വീഴ്ത്തിയാൽ അത് പാദത്തിലോ പാദം നീട്ടിയതിലോ വന്നു പതിക്കുന്നു. അപ്പോഴുണ്ടാകുന്ന പതനബിന്ദുവിൽ നിന്നും ഇരുവശങ്ങളിലേക്കുമുള്ള അകലത്തെയോ ഒരുവശത്തേക്കുള്ള അകലങ്ങളെയോ ആവശത്തിന് മേലുള്ള പാദാംശം എന്ന് പറയുന്നു. |

| | | |
|---|---|---|
| 605 | പ്ലയിൻടേബിൾ സർവെ | പ്ലയിൻ ടേബിൾ എന്ന ഉപകരണവും ചങ്ങലയും ഉപയോഗിച്ച് നടത്തിയിരുന്ന സർവെ. |
| 606 | പെരാമ്പുലേഷൻ | ഭൂമി ഡീമാർക്കേറ്റു ചെയ്യുമ്പോൾ അതിന്റെ ഉപരിതലത്തെപ്പറ്റി സമാന്യമായ അറിവുലഭിക്കുന്നതിനുവേണ്ടി അതിരുകൾ നടന്നു കാണുന്നതിനെ പെരാമ്പുലേഷൻ(Perambulation) എന്നു പറയുന്നു. |
| 607 | പ്ലാനിക്സ് | നിശ്ചിത തോതിൽ വരച്ചിട്ടുള്ള പ്ലാനിൽ നിന്നും വിസ്തീർണ്ണം കണക്കാക്കുന്നതിനുപയോഗിക്കുന്ന ഇലക്ട്രോണിക്സ് ഉപകരണം. |
| 608 | പെന്റ ഗ്രാഫ് | ഒരു മാപ്പ് അല്ലെങ്കിൽ സ്കെച്ച് വലുതാക്കാനും ചെറുതാക്കാനും പകർത്തിയെടുക്കാനും സഹായിക്കുന്ന ഒരു ഉപകരണമാണ് പെന്റഗ്രാഫ്. |
| 609 | പ്ലാനിമീറ്റർ | നിശ്ചിത തോതിൽ വരച്ചിട്ടുള്ള പ്ലാനിൽ നിന്നും വിസ്തീർണ്ണം കണക്കാക്കുന്നതിനുപയോഗിക്കുന്ന ഉപകരണമാണ് പ്ലാനിമീറ്റർ. |
| 610 | പാർട്ട് മെഷർമെന്റ് | ഏതെങ്കിലുമൊരതിർത്തിയിൽ ഒന്നോ അതിലധികമോ അതിർത്തികൾ വന്നുചേർന്ന് ലൈൻ പലതായി അംശിക്കപ്പെടുകയാണെങ്കിൽ അതിൽ ഓരോ ഭാഗത്തിന്റെയും അളവിനെ പാർട്ട് മെഷർമെന്റ് എന്നുപറയുന്നു. പാർട്ടളവുകൾ അതാത് പാർട്ടിന്റെ ഉള്ളിൽ മദ്ധ്യഭാഗത്തായും മൊത്തം അളവ് ലൈനിന്റെ പുറത്ത് മദ്ധ്യഭാഗത്തായും എഴുതണം. |
| 611 | പുറമ്പോക്ക് | പൊതുജനങ്ങളുടെ ആവശ്യത്തിനായി ഒഴിച്ചിടപ്പെട്ടിട്ടുള്ളതും യാതൊരു കാരണവശാലും പതിച്ചുകൊടുക്കാൻ പാടില്ലാത്തതും ഗവൺമെന്റിന്റെ അധീനതയിൽതന്നെ ഇരിക്കുന്നതുമായ വസ്തുക്കളാണ് പുറമ്പോക്ക്. |
| 612 | പ്ലാൻ | ഭൂമിയിൽ അളക്കുന്ന എല്ലാ അളവുകളും കാണിച്ച് ഒരു ചെറിയ ഭൂവിഭാഗത്തെ കഴിയുന്നത്ര വലിയതോതിൽ വരച്ചുകാണിക്കുന്നതാണ് പ്ലാൻ. |
| 613 | പായ്മാഷ് നമ്പർ | പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ മദ്രാസ് സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും ഭൂമിയുടെ അളവുകളും കൈവശങ്ങളും രേഖപ്പെടുത്തി ഓരോ നമ്പരുകൾ കൊടുത്തിരുന്നു. ഇത്തരം നമ്പരുകളാണ് പായ്മാഷ് നമ്പർ. |
| 614 | പണ്ടാരവക | സർക്കാർ വക വസ്തുക്കളാണ് പണ്ടാരവക വസ്തുക്കളായി അറിയപ്പെട്ടിരുന്നത്. |
| 615 | പണ്ടാരപ്പാട്ടം | സർക്കാർ വക വസ്തുക്കളെ യാതൊരു അർത്ഥ ബാദ്ധ്യതയും കൂടാതെ ആദ്യകാലത്ത് ഓരോ കുടിയാന്മാർക്ക് പാട്ടമായി കൊടുത്തിട്ടുള്ള വസ്തുക്കളെ പണ്ടാരപ്പാട്ടം എന്നുപറയുന്നു. |
| 616 | പണ്ടാരവകപ്പാട്ടം | സർക്കാരിൽ നിന്നും അർത്ഥ ബാധ്യത കൂടാതെ പാട്ടമായികൊടുത്ത ഭൂമി. |
| 617 | പണ്ടാരവക ഒറ്റി | സർക്കാരിൽ നിന്നും അർത്ഥംപറ്റിയോ പറ്റിയതായി ഗണിച്ചോ കൊടുത്ത ഭൂമി. |
| 618 | പേഴ്സണൽ ഇനാം | കുടുംബങ്ങൾക്കോ വ്യക്തികൾക്കോ മുൻ പ്രവർത്തിയെ അടിസ്ഥാനപ്പെടുത്തി നൽകിയ ഭൂമി. |
| 619 | പണ്ടാരവക കുടി ജന്മം | ജന്മംഭൂമിപോലെ സ്വതന്ത്രമായി അനുഭവിക്കത്തക്കവണ്ണം നൽകിയിരുന്ന ഭൂമി. |
| 620 | പ്രവേശനം | കേരളാ ഭൂ സംരക്ഷണ നിയമപ്രകാരം അനധികൃത കൈയ്യേറ്റം എന്ന് വിവക്ഷ. |
| 621 | പേർവഴി നമ്പർ | തണ്ടപ്പേർ നമ്പർ. |
| 622 | പ്ലമ്മറ്റ്ഹോൾ (ഒലുമ്പപ്പഴുത്) | തിയോഡൊലൈറ്റ് സ്ഥാപിച്ച് സെന്ററിംഗ് നടത്തുന്നതിന്, അതായത് തൂക്കുകട്ട നേരെ പിടിക്കുന്നതിനായി ഉപകരണത്തിന്റെ നടുവിലായി ഉണ്ടാക്കിയിട്ടുള്ള ഒരു ചെറിയ കുഴി. |
| 623 | പുതുവൽ | പുതിയതായി കൃഷിയിറക്കിയ സ്ഥലം. |

| | | |
|---|---|---|
| 624 | പുതുക്കുടിശ്ശിക | തന്നാണ്ടിൽ ഭൂമി പതിവ് തുടങ്ങിയ ഇനങ്ങളിൽ പുത്തനായി മുതൽവന്നതും എന്നാൽ മുൻ വർഷങ്ങളിലേതുമായ നികുതിയാണ് പുതുക്കുടിശ്ശിക. |
| 625 | പുത്തൻകുടിശ്ശിക | തന്നാണ്ടിൽ ഭൂമി പതിവ് തുടങ്ങിയ ഇനങ്ങളിൽ പുത്തനായി മുതൽവന്നതും എന്നാൽ മുൻ വർഷങ്ങളിലേതുമായ നികുതിയാണ് പുതുക്കുടിശ്ശിക. |
| 626 | പറ | മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ഒരു അളവ് യൂണിറ്റ്. |
| 627 | പേസിംഗ് (Pacing) | ഒരു പോയിന്റിൽ നിന്നും മറ്റൊരു പോയിന്റിലേയ്ക്ക് ഏകദേശമായ അളവ് ലഭിക്കുന്നതിന് അളവുപകരണങ്ങൾ ഉപയോഗിക്കാതെ ഒരുചുവുവച്ച് അതിന് നാല് ലിംഗ്സ് എന്ന തോതിൽ ലൈനിന്റെ ഏകദേശ നീളം കണ്ടുപിടിക്കുന്നതിനെയാണ് അടിവയ്ക്കൽ, ചുവടുവയ്ക്കൽ അല്ലെങ്കിൽ പേസിംഗ് (Pacing) എന്നു പറയുന്നത്. |
| 628 | പ്രതീക്ഷിത പെൻഷൻ (Anticipatory Pension) | പെൻഷൻ അനുവദിച്ച് ഉത്തരവാകാൻ കാലതാമസം വന്നേയ്ക്കുമെന്ന് കാണുന്നപക്ഷം, അനുവദിയ്ക്കാമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്ന പെൻഷന്റെ എഴുപത്തഞ്ചു ശതമാനം തുക പെൻഷനിൽ പിരിഞ്ഞ ആളിനു നൽകാം. ഇതിനെ പ്രതീക്ഷിത പെൻഷൻ എന്നു വിളിക്കുന്നു. |
| 629 | പരിവർത്തിത മൂല്യം (Commutation of Pension) | ഒരാൾക്ക് തന്റെ അടിസ്ഥാന പെൻഷനിൽ ഒരുഭാഗം അതിന്റെ മൂല്യം ഒറ്റത്തുകയായി കിട്ടുന്നതിനു വേണ്ടി പരിവർത്തനം ചെയ്യാവുന്നതാണ്. ഇത്തരത്തിൽ പരിവർത്തനം ചെയ്യുന്നതാണ് പെൻഷൻ കമ്മ്യൂട്ടേഷൻ അല്ലെങ്കിൽ പരിവർത്തിതമൂല്യം എന്നു പറയുന്നത്. |
| 630 | Prosecution witness | സർക്കാർ ഭാഗം സാക്ഷി |
| 631 | പൊന്നുംവില ഓഫീസർ | ഒരു ഭൂവിഭാഗം പൊന്നുംവിലയ്ക്കെടുക്കുന്നതിനായി ചുമതലപ്പെടുത്തുന്നതും കളക്ടർ എന്ന നിർവചനത്തിന്റെ പരിധിയിൽപ്പെടുന്നതുമായ ഉദ്യോഗസ്ഥൻ. |
| 632 | പ്രോസസ്പടി | റവന്യൂ റിക്കവറി നിയമപ്രകാരം കുടിശ്ശികക്കാരനിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ടുവരുന്ന ചെലവുകൾക്കാണ് പ്രോസസ്പടി എന്നു പറയുന്നത്. പ്രോസസ് നടത്തുന്നതിനുള്ള ബത്ത, ലേല പരസ്യത്തിനുള്ള ചെലവ്,കുടിശ്ശിക കാരനെ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവ ഇതിൽപ്പെടുന്നു. |
| 633 | പാട്ടച്ചീട്ട് | പാട്ടം എഴുതി നൽകിയിരുന്നതാണെങ്കിൽ ആ ആധാരത്തെയാണ് പാട്ടച്ചീട്ട് എന്ന് വിളിക്കുന്നത്. |
| 634 | പാട്ട ഏൽപ്പന | പാട്ടം ഏൽപ്പിച്ചുകൊടുക്കൽ. |
| 635 | പെരുന്നാൾ കാഴ്ച | സാധാരണ പാട്ടത്തിന് പുറമേ കുടിയാൻ ജ•ിയ്ക്ക് വിശേഷാവസരത്തിൽ നൽകിയിരു പണമോ സാധനങ്ങളോ ആണ് പെരുന്നാൾ കാഴ്ച |
| 636 | പട്ടാദാർ | പട്ടയ ഉടമ. |
| 637 | പോസ്റ്റ്മോർട്ടം | ശവശരീരം കീറി പരിശോധിച്ച് മരണകാരണം കത്തെുന്ന നടപടി. |
| 638 | പാട്ടശീട്ട് | പാട്ടച്ചീട്ട്. |
| 639 | പ്രേതവിചാരണ | അസ്വാഭാവിക മരണം സംഭവിച്ച വ്യക്തികളുടെ ശാരീരിക പരിശോധന നടത്തുന്ന നടപടി. |
| 640 | പ്രേതവിചാരണ റിപ്പോർ | പ്രേത വിചാരണ നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന റിപ്പോർട്ട്. |
| 641 | പിറവക | ചുമട്ടുപണം. |

| | | |
|---|---|---|
| 642 | പാരിസ്ഥിതിക വിധ്വംസ | പാരിസ്ഥിതിക വിധ്വംസകൻ എന്നാൽ നേരിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയാൽ, സാമ്പത്തികമോ, വാണിജ്യപരമോ ആയ നേട്ടത്തിനുവേ പരിസ്ഥിതിയുടെയോ നദികളുടെയോ സംരക്ഷണത്തെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിലോ, ഏതെങ്കിലും സ്ഥലത്ത് നിന്ന് മണൽ ഖനനം ചെയ്യുന്നത് സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിലോ, പാറപൊട്ടിക്കുന്നതോ ഖനനം നടത്തുന്നതോ ആയി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിൻകീഴിലോ, കുറ്റം ചെയ്യുന്ന ആൾ അല്ലെങ്കിൽ വനങ്ങളുടെയോ വന്യജീവികളുടെയോ സംരക്ഷണവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ ചെയ്യുകയോ ചെയ്യുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരു ആൾ എന്നർത്ഥമാകുന്നു. |
| 643 | പണം കടംകൊടുപ്പുകാ | പണം കടംകൊടുപ്പുകാരൻ എന്നാൽ ഒരു വ്യക്തിഗത പണംകടം കൊടുപ്പുകാരൻ, അല്ലെങ്കിൽ ഏതുതരത്തിൽപ്പെട്ടതുമായ ഏതെങ്കിലും പണം കടംകൊടുക്കുന്ന സ്ഥാപനം എന്നർത്ഥമാകുന്നു. |
| 644 | പ്രോസസ്ബത്ത | പ്രോസസ് ശിപായിമാർക്ക് നൽകുന്ന ബത്ത. |
| 645 | പിഴ | സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റക്കാരിൽ നിന്നും ഈടാക്കുന്നത്. |
| 646 | പിൻതുടർച്ചാവകാശ തീർച്ച | ഒരു പാട്ടാദാർ മരണമടഞ്ഞാൽ അയാളുടെ അനന്തരാവകാശികളുടെ പേരിൽ അവകാശം തീർച്ചപ്പെടുത്തുന്ന രീതി. |
| 647 | പട്ട | പോക്കുവരവ് പട്ട. |
| 648 | പട്ടയം | പട്ടയദാർക്ക് ഭൂമിയിൽ പൂർണ്ണമായ അവകാശം നൽകുന്ന രേഖ. |
| 649 | പഞ്ചനാമ | മഹസ്സർ. |
| 650 | പെർമനന്റ് റസിഡൻസ് സർട്ടിഫിക്കറ്റ് | എംബസികളിൽ സ്ഥിരതാമസം തെളിയിക്കുന്നതിനായി സമർപ്പിക്കേണ്ടതും ജില്ലാ കളക്ടർ നൽകുന്നതുമായ സാക്ഷ്യപത്രം. |
| 651 | പണം | തിരുവിതാംകൂറിൽ നിലനിന്നിരുന്ന ഒരുവെള്ളിനാണയം. |
| 652 | പരവൻ | അരയൻ. |
| 653 | പാട്ടക്കുറി | പാട്ടം കൊടുക്കുന്നത് സംബന്ധിച്ച പ്രമാണം. |
| 654 | പാട്ടക്കാണം | പാട്ടക്കാരൻ ഉടമസ്ഥന് കൊടുക്കുന്ന കരം. |
| 655 | പാട്ടക്കണ്ടം | പാട്ടത്തിനെടുത്തിരിക്കുന്ന വയൽ. |
| 656 | പാട്ടനിലം | പാട്ടത്തിനെടുത്തിരിക്കുന്ന വയൽ. |
| 657 | പാട്ടക്കാരൻ | വസ്തു പാട്ടത്തിനെടുത്തിരിക്കുന്ന ആൾ. |
| 658 | പാട്ട ബാക്കി | കൊടുത്ത് തീർക്കാതെ ബാക്കിവരുത്തിയിട്ടുള്ള തുക. |
| 659 | പാട്ടവിരുത്തി | പാട്ടമായി ലഭിക്കുന്ന പ്രതിഫലം, പാട്ടഭൂമി. |
| 660 | പാട്ടാവകാശം | പാട്ട വ്യവസ്ഥ പ്രകാരമുള്ള അവകാശം. |
| 661 | പുലം | വയൽ. |
| 662 | പ്രമാണം | തെളിവുരേഖ, ആധാരം. |
| 663 | പ്രവൃത്തിയാർ | ഗ്രാമതലത്തിലുള്ള ഭരണചുമതലയുള്ള സർക്കാരുദ്യോഗസ്ഥൻ, വില്ലേജ് ഓഫീസർ. |
| 664 | പ്രവൃത്തി | വില്ലേജ്. |
| 665 | പട്ടേൽ | വില്ലേജ് ജീവനക്കാരൻ എന്നതിൽ ഉൾപ്പെട്ടിരുന്ന വിഭാഗം. (ഇപ്പോൾ നിലവിലില്ല) |
| 666 | *Pro rata* | ആനുപാതികമായി |
| 667 | *Prima Facie* | പ്രഥമ ദൃഷ്ടിയിൽ |
| 668 | *Persona grata* | മാന്യ വ്യക്തി |

| | | |
|---|---|---|
| 669 | പൊഴി | കടലിനും കായലിനും ഇടക്കുള്ള തിട്ട. |
| 670 | പൊറ്റ | കരനിലം, ഉയർന്ന ഭൂമി. |
| 671 | പൊറ്റപിടിക്കൽ | ഭൂമി ഉഴാതെയും,കിളക്കാതെയും വേരുകൾ വളർന്നുപിണഞ്ഞുകിടക്കൽ. |
| 672 | പൊതു അധികാരി | ഭരണഘടനാ പ്രകാരമോ ലോകസഭയുടെയോ നിയമസഭകളുടെയോ നിയമം വഴിയോ സർക്കാർ വിജ്ഞാപനം വഴിയോ നിലവിൽ വന്നതോ രൂപീകരിക്കപ്പെട്ടതോ ആയ അധികാരിയോ സ്ഥാപനമോ ആണ് 'പൊതു അധികാരി' എന്നതിന്റെ പരിധിയിൽ വരുന്നത്. |
| 673 | പൂർവ്വാഹ്നം | ഉച്ചക്ക് മുമ്പുള്ള സമയം. |
| 674 | പേക്കാറ്റ് | ചുഴലിക്കാറ്റ്. |
| 675 | പെരുവെള്ളം | വെള്ളപ്പൊക്കം. |
| 676 | പേരേട് | പേരുപതിച്ച ഏട് (പേജ്) |
| 677 | പേർവഴി | തലമുറ |
| 678 | പാരിതോഷികം (Fee) | ഒരു സർക്കാർ ജീവനക്കാരന് സർക്കാർ വരുമാനത്തിൽ നിന്നല്ലാതെ നിയമാനുസൃതം നൽകുന്നതുക. |
| 679 | പ്രവേശനകാലം (Joining Time) | ഒരുദ്യോഗസ്ഥനെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റുമ്പോൾ അയാൾക്ക് ജോലിയിലിരിക്കുന്ന സ്ഥലത്തുനിന്നും പുതിയതായി ജോലിയിൽ പ്രവേശിക്കേണ്ട സ്ഥലത്ത് ചെന്നുചേരുന്നതിന് അനുവദിക്കുന്ന കാലം. |
| 680 | പകരം കൃത്യ നിർവ്വ ഹണം (Officiate) | മറ്റൊരു സീനിയർ ഉദ്യോഗസ്ഥനുവേണ്ടി സൂക്ഷിക്കാൻ ബാധ്യതയുള്ളതിനാൽ സൂക്ഷിക്ക പ്പെട്ടിരിക്കുന്ന ലാവണത്തിൽ, ആ ഉദ്യോഗസ്ഥന്റെ അസാന്നിദ്ധ്യത്തിൽ, ആ കൃത്യങ്ങൾ നിർവ്വഹിക്കാൻ അതേ ശംബള സ്കെയിലിൽ നിയമിക്കപ്പെടുന്ന ആൾ ആ സ്ഥാനത്ത് പകരം കൃത്യം നിർവ്വഹിക്കുന്നു എന്ന് പറയാം. |
| 681 | പ്രൊബേഷണർ (Probationer) | സേവനത്തെ സംബന്ധിച്ച നിശ്ചിത വ്യവസ്ഥകളോടെ സ്ഥിരമായ ഒരൊഴിവിൽ പ്രൊബേ ഷനിൽ ആദ്യമായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ. |
| 682 | പൊതുമു തൽ(General Revenue) | കേരളത്തിന്റെ സഞ്ചിതി നിധി, ആകസ്മികാവശ്യനിധി, പൊതുനിക്ഷേപം എന്നിവ ഉൾപ്പെ ട്ടതാണ് കേരളത്തിന്റെ പൊതുമുതൽ. |
| 683 | പൊതുനിക്ഷേപം (Public Account) | സർക്കാരിന്റെ കൈവശം വന്നുചേരുന്നതും എന്നാൽ സഞ്ചിതനിധിയിൽ ഉൾപ്പെടാത്തതു മായ തുക. |
| 684 | പ്രായപൂർത്തി പെൻഷൻ (Superannuation Pension) | ഒരുദ്യോഗസ്ഥൻനിലവിലുള്ള നിയമമനുസരിച്ചുള്ള പ്രായമെത്തുമ്പോൾ വിരമിക്കുന്നത്. |
| 685 | പരിവർത്തിതാവധി (Commutted leave) | കണക്കിൽ ബാക്കിയുള്ള രണ്ടുദിവത്തെ അർദ്ധവേതനാവധി പരിവർത്തനം ചെയ്ത് പകരം ഒരുദിവസത്തെ പൂർണ്ണവേതനാവധി ലഭ്യമാക്കുന്നതിനെയാണ് പരിവർത്തിതാവധി എന്നുപറയുന്നത്. |
| 686 | പ്രസവാവധി (Maternity Leave) | പ്രസവസംബന്ധമായി സ്ത്രീകൾക്ക് മുഴുവൻ ശംബളത്തോടുകൂടി മൂന്നുമാസത്തേക്ക് (സർവ്വീസിൽ ആകെ രണ്ടുപ്രാവശ്യം) അനുവദിക്കുന്ന അവധി. |
| 687 | പഠനാവധി (Study Leave) | ഒരു ജീവനക്കാരന് തന്റെ ഔദ്യോഗിക മണ്ഡലവുമായി നേരിട്ട് ബന്ധമുള്ള സാങ്കേതി കമോ തൊഴിൽപരമോ ആയ വിഷയത്തിൽ ഭാരതത്തിനുള്ളിലോ ഭാരതത്തിനുവെളി യിലോ പഠനത്തിന് അഥവാ പരിശീലനത്തിന് പോകാൻ സർക്കാർ അനുവദിക്കുന്ന അവ ധി. |

| | | |
|---|---|---|
| 688 | പഠനാവധി ബത്ത (Study Leave Allowance) | പഠനാവധിയെടുത്ത ഉദ്യോഗസ്ഥന് നൽകുന്ന ബത്ത. |
| 689 | പ്രത്യേക യാദൃശ്ചികഅവധി ( സ്പെഷ്യൽ കാഷ്വൽ ലീവ്): | ചില പ്രത്യേക രോഗങ്ങൾ ജീനക്കാരൻ താമസിക്കുന്ന വീട്ടിലെ ഏതെങ്കിലും ഒരംഗത്തിന് പിടിപെട്ടിട്ടുള്ളതായി ഒരു മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ആ ജീവനക്കാരൻ തന്റെ കൃത്യനിർവ്വഹണത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ ഓഫീസ് മേധാവി അയാളോടാവശ്യപ്പെടണം. ഇത്തരത്തിൽ വിട്ടുനിൽക്കുന്ന കാലയളവിലേക്ക് അനുവദിച്ചുനൽകുന്ന നികുതി. |
| 690 | പ്രതിപൂരകാവധി | നഷ്ടപരിഹാരാവധി. |
| 691 | ഫീൽഡ് രജിസ്റ്റർ | സർവെ ചെയ്യുമ്പോൾ ഭൂമിയുടെ സർവെ നമ്പർ, സബ്ഡിവിഷൻ നമ്പർ, ഇനം, വിസ്തീർണ്ണം, കൈവശക്കാരന്റെ/പട്ടാദാരുടെ പേര് തുടങ്ങിയവ രേഖപ്പെടുത്തി തയ്യാറാക്കുന്ന രജിസ്റ്റർ. |
| 692 | ഫീൽഡ് നമ്പർ | സർവെ നമ്പർ. |
| 693 | ഫസിലി ചിറ്റു | കുടിയാന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വിഭാഗം. |
| 694 | ഫാമിലി പെൻഷൻ | ജീവനക്കാരുടെ മരണശേഷം അവകാശികൾക്ക് ലഭിക്കുന്ന പെൻഷനാണ് ഫാമിലി പെൻഷൻ. |
| 695 | ഫ്രഞ്ച് പെന്റഗ്രാഫ് | ഒരു മാപ്പ് അല്ലെങ്കിൽ സ്കെച്ച് വലുതാക്കാനും ചെറുതാക്കാനും പകർത്തിയെടുക്കാനും സഹായിക്കുന്ന ഒരു പെന്റഗ്രാഫ്. |
| 696 | ഫ്ളോട്ടിംഗ് സ്റ്റേഷൻ | വില്ലേജ് ബൗണ്ടറി, ഖണ്ഡം ബൗണ്ടറി മുതലായവ തിയോഡലൈറ്റ് കൊണ്ട് സർവെ ചെയ്യുമ്പോൾ ഒരു സ്റ്റേഷനിൽ നിന്നും അടുത്ത സ്റ്റേഷനിലേക്ക് ലൈൻ വിട്ട് കോണളവുകളെടുക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലോ അല്ലെങ്കിൽ ഭൂമിയുടെ സ്ഥിതിക്കനുസരണമായി അതിർത്തി തിരിക്കുമ്പോഴോ സ്ഥാപിക്കേണ്ടിവരുന്ന തിയോഡലൈറ്റ് കല്ലിന്റെ ഭദ്രതയെ മുൻനിറുത്തി പുഴയുടേയും മറ്റും ബൗണ്ടറിയിൽ സ്ഥാപിക്കാതെ ഫീൽഡിന്റെ ഉള്ളിലേക്ക് കയറ്റി സ്ഥാപിക്കുന്നു. ഇത്തരം സ്റ്റേഷനെ ഫ്ളോട്ടിംഗ് സ്റ്റേഷൻ എന്നുപറയുന്നു. |
| 697 | ഫീൽഡ് ചെക്ക് | ഒരു വസ്തുവിന്റെ ശരിയായ രൂപം പേപ്പറിൽ വരക്കുന്നതിനും വിസ്തീർണ്ണം കണക്കാക്കുന്നതിനും വേണ്ടി അളന്നെടുത്തിട്ടുള്ള അളവുകൾ ശരിയാണോ എന്ന് വിശദമായി പരിശോധിക്കുന്നതിനെ ഫീൽഡ് ചെക്ക് എന്നുപറയുന്നു. |
| 698 | Functus afficio | അധികാരം തീർന്ന |
| 699 | Force Majeure | വൻ ശക്തി |
| 700 | Fait accompli | സിദ്ധ വസ്തു |
| 701 | Factum Probandum | തെളിയിക്കേണ്ട സംഗതി |
| 702 | ഫർക്ക | ജില്ലയുടെയോ, താലൂക്കിന്റെയോ ഒരു ഭാഗം. |
| 703 | ബിന്ദു (Point) | നീളമോ വീതിയോ കനമോ ഇല്ലാത്തതും ഒരു സ്ഥാനത്തെ മാത്രം കാണിക്കുന്നതുമായ അടയാളം. |
| 704 | ബബിൾ റിഫ്ളക്ടർ | തിയോഡലൈറ്റിന്റെ ഭാഗം. |

| | | |
|---|---|---|
| 705 | ബൈ ജംഗ്ഷൻ | ഒരു ജീ ലൈനിൽ നിന്നും തൊട്ടടുത്ത ബന്റിലേക്ക് ഓഫ് സെറ്റ് എടുക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലോ ഓഫ് സെറ്റ് ദൂരം 60 മീറ്ററിൽ കൂടുതൽ വരുന്ന സന്ദർഭത്തിലോ അതിർത്തിയിലുള്ള ഏതെങ്കിലുമൊരു ബന്റിനെ ജംഗ്ഷനായി സ്വീകരിച്ച് ജി ലൈൻ, ചെക്ക് ലൈൻ എന്നിവ ഏർപ്പെടുത്തി സർവെ ചെയ്യേണ്ടിവരുന്നു. ഇങ്ങനെ ബൗണ്ടറിയിലുള്ള ഏതെങ്കിലുമൊരു ബന്റിനെ ജംഗ്ഷനായി സ്വീകരിക്കേണ്ടി വന്നാൽ ആ ജംഗ്ഷനെ ബൈ ജംഗ്ഷൻ എന്നുപറയുന്നു. |
| 706 | ബി രജിസ്റ്റർ | സെറ്റിൽമെന്റിനുശേഷം ഓരോ വില്ലേജിലേയും സർവെ നമ്പരിലുള്ള വ്യത്യാസം കാണിച്ചുകൊണ്ട് അപ്പപ്പോൾ വില്ലേജാഫീസിൽ തയ്യാറാക്കുന്ന രജിസ്റ്റർ ഇത് എ രജിസ്റ്ററിന്റെ സപ്ലിമെന്റാണ്. |
| 707 | ബേസിക് ടാക്സ് രജിസ്റ്റർ (ബി.ടി.ആർ) | ഒരു വില്ലേജിലുള്ള എല്ലാ സർക്കാർ ഭൂമികളുടേയും പതിവു ഭൂമികളുടേയും സർവെ നമ്പർ ക്രമത്തിലുള്ള വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ. ഇതിൽ സർവെ നമ്പർ ക്രമത്തിൽ ഭൂമിയുടെ തരം, വിസ്തീർണ്ണം, അടിസ്ഥാന നികുതി, ഭൂഉടമയുടെ പേര്, തണ്ടപ്പേർ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കും. |
| 708 | ബരികി | അംശം ശിപായി |
| 709 | ബാല്യസേവനകാലം ( Boy Service) | പതിനെട്ടുവയസ്സിൽ താഴെപ്രായം ഉള്ളപ്പോൾ സർക്കാർ സേവനം നടത്തിയിട്ടുള്ള പക്ഷം 18 വയസ്സു പൂർത്തിയാകുന്ന ദിവസം വരെയുള്ള കാലയളവിനെയാണ് ബാല്യസേവനകാലം എന്നുപറയുന്നത്. |
| 710 | ബാർസർവ്വീസ് (Bar Service) | അഭിഭാഷകനായിരിക്കെ 25 വയസ്സിനുശേഷം സർക്കാർ സേവനത്തിനു നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന് സൂപ്പർ ആനുവേഷൻ പെൻഷനിൽ പിരിയുമ്പോൾ പെൻഷനു യോഗ്യമായ സേവനകാലം എട്ടുവർഷത്തിൽ കുറവല്ലാത്തപക്ഷം, യഥാർത്ഥത്തിൽ അഭിഭാഷകനായിരുന്ന കാലത്തിൽ കൂടരുതെന്നും പരമാവധി കൂടുന്നകാലം അഞ്ചുവർഷത്തിൽ കവിയരുതെന്നുമുള്ള വ്യവസ്ഥകൾക്കു വിധേയമായി സർവ്വീസിൽ പ്രവേശിച്ചപ്പോഴത്തെ പ്രായത്തിൽ (വർഷം, മാസം, ദിവസം) നിന്നും 25 കുറച്ചാൽ ബാക്കി വരുന്ന കാലം യഥാർത്ഥത്തിലുള്ള പെൻഷനു യോഗ്യമായ സേവനകാലത്തോടൊപ്പം കൂട്ടാം. |
| 711 | ബ്ലോക്ക് പഞ്ചായത്ത് | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ബ്ലോക്ക് പഞ്ചായത്ത് എന്നർത്ഥമാകുന്നു. |
| 712 | ബ്ലോക്ക് | റീസർവെയിൽ ഒരു വില്ലേജിനെ ഏകദേശം 10 സ്ക്വയർ കിലോമീറ്റർ (1000 ഹെക്ടർ) വിസ്തീർണ്ണവും ഭാഗങ്ങളായി തിരിക്കുന്നു. ഇത്തരം ഭാഗങ്ങളാണ് ബ്ലോക്കുകൾ. |
| 713 | ബി പ്രോസസ് | എ പ്രോസസിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള കല്ലുകളെ അടിസ്ഥാനമാക്കി തീയോഡലൈറ്റ് ഉപയോഗിച്ച് കോൺ അളവുകളും ചെയിൻ ഉപയോഗിച്ച് കല്ലുകൾ തമ്മിലുള്ള അകലവും അളന്നെടുത്ത് ഫീൽഡ് ബുക്ക് തയ്യാറാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പ്രൊട്രാക്റ്ററും, സ്കെയിലും ഉപയോഗിച്ച് ഒരു റഫ് സ്കെച്ച് തയ്യാറാക്കുകയുമാണ് ബി പ്രോസസ് കൊണ്ടുദ്ദേശിക്കുന്നത്. |
| 714 | ബത്ത | അലവൻസ്. |
| 715 | ബെറിസ് ഡിഡക്ഷൻ& താസ്ദിക് അലവൻസ് | കാസർഗോഡും ഹോസ്ദുർഗ്ഗും ഉൾപ്പെടെയുള്ള മുൻമലബാർ ജില്ലയിലെ ഏതാനും മത സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അവർ അനുഷ്ഠിക്കേണ്ട സേവനങ്ങളെ പരിഗണിച്ചും അവരുടെ ഭൂമി സർക്കാർ വീണ്ടെടുത്തതിന് പാരിതോഷികമായും അനുവദിച്ചിട്ടുള്ള അലവൻസ്. |

| | | |
|---|---|---|
| 716 | ബേസിക് ടാക്സ് രജിസ്റ്റർ (അടിസ്ഥാനഭൂ നികുതിരജിസ്റ്റർ) | ഒരു വില്ലേജിലുള്ള എല്ലാ സർക്കാർ വക ഭൂമികളുടേയും പതിവ് ഭൂമികളുടേയും സർവെ നമ്പർക്രമത്തിലുള്ള വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ. |
| 717 | ബന്ധുത്വ സാക്ഷ്യപത്രം | ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുമായുള്ള ബന്ധം എന്താണെന്ന് അന്വേഷണം നടത്തി നൽകുന്ന സാക്ഷ്യപത്രം. |
| 718 | ബഡ്ജറ്റ് (Budget) | ആയ വ്യയ കണക്ക്. |
| 719 | ഭൂനികുതി | ഭൂമിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ളകരം. |
| 720 | ഭൂരിപക്ഷം | അധികംപേർ ചേർന്ന ഭാഗം. |
| 721 | ഭോഗം | നികുതി, സമ്പത്ത്, ആദായം. |
| 722 | ഭൂമി വിട്ടൊഴിയൽ | ഒരു പൊതു ആവശ്യത്തിലേക്കായി പട്ടയഭൂമിയെ സർക്കാരിലേക്ക് മാറ്റുന്നതിനെ ഭൂമി വിട്ടൊഴിയൽ എന്ന് പറയുന്നു. |
| 723 | ഭൂവികസന നടപടികൾ | ഭൂവികസന നിയമമനുസരിച്ച് ഭൂ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് സ്വീകരിക്കുന്ന നടപടികൾ. |
| 724 | ഭവന രഹിത സാക്ഷ്യപത്രം | ഒരു വ്യക്തിക്ക് സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ ഭൂമിയോ ഭവനമോ ഇല്ല എന്ന് അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് നൽകുന്ന സാക്ഷ്യപത്രം. |
| 725 | ഭൂരഹിത സാക്ഷ്യപത്രം | ഒരു വ്യക്തിക്ക് സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ ഭൂമിയോ ഭവനമോ ഇല്ല എന്ന് അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് നൽകുന്ന സാക്ഷ്യപത്രം. |
| 726 | ഭൂവിനിയോഗനിയമം | കൃഷിഭൂമി ഉപയോഗപ്രദമായി വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ നിയമം. |
| 727 | ഭൂ അഭിവൃദ്ധി വായ്പ | ഭൂ വികസനാർത്ഥം സർക്കാർ നൽകിയിരുന്ന വായ്പ. |
| 728 | മുറിഞ്ഞരേഖ(brokenline) | ഒന്നിച്ചു ചേരാത്ത രേഖയുടെ ചെറിയ ചെറിയ കഷണങ്ങൾകൊണ്ട് സൂചിപ്പിച്ചിരിക്കുന്ന മുറിഞ്ഞരേഖ. |
| 729 | മട്ടലംബകം | ഒരു ജോഡി എതിർവശങ്ങൾ സമാന്തരവും സമാന്തരമല്ലാത്ത ഒരു ജോഡി എതിർവശങ്ങളിൽ ഒന്ന് സമാന്തരവശങ്ങൾക്കു ലംബവുമാകുന്ന ചതുർഭുജം. |
| 730 | മൈനർ സർക്യൂട്ട്(എംസി) | പാറക്കെട്ടുകൾ, ജലാശയങ്ങൾ, അധികം വിസ്തീർണ്ണമുള്ള ഭൂമി, ചെയിൻ സർവെ ചെയ്യാൻ സാധിക്കാത്ത മറ്റ് വസ്തുക്കൾ എന്നിവയുടെ അതിർത്തി തിയോഡലൈറ്റ് കൊണ്ട് സർവെ ചെയ്ത് റിക്കാർഡു തയ്യാറാക്കുന്നു. ഈ ഭൂവിഭാഗമാണ് എം.സി. |
| 731 | മാപ്പ് | അളവുകൾ രേഖപ്പെടുത്താതെയും അതിരുകൾ സൂക്ഷ്മമായി രേഖപ്പെടുത്തിയും അനേകം ഭൂവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു വലിയ ഭൂവിഭാഗത്തിന്റെ രൂപം ചെറിയതോതിൽ വരച്ചുകാണിക്കുന്നതാണ് മാപ്പ്. |
| 732 | മേജർ ട്രൈയാങ്കുലേഷൻ | അനവധി സർവ്വെ ഫീൽഡുകളായി തിരിച്ച് സബ്ഡിവിഷൻ സർവെ നടത്തിയ ഒരു ഖണ്ഡത്തിൽ ആ സർവെ ഫീൽഡുകൾ ഉൾക്കൊള്ളിച്ച് ഏതാനും വലിയ ത്രികോണങ്ങൾ നിർമ്മിക്കുന്നു. ഈ ത്രികോണങ്ങളുടെ വശങ്ങൾ അളക്കുന്നതോടൊപ്പം ആ ലൈനുകളുടെ അടുത്തുവരുന്ന ഫീൽഡ് ജംഗ്ഷനുകൾക്ക് ഓഫ്സെറ്റ് എടുത്ത് അളവുകൾ രേഖപ്പെടുത്തുന്നു. ഇപ്രകാരം ത്രികോണപ്പെടുത്തി അളവെടുക്കുന്നതിനെ മേജർ ട്രൈയാങ്കുലേഷൻ എന്നുപറയുന്നു. |

| | | |
|---|---|---|
| 733 | മെയിൻ സർക്യൂട്ട് | ഒരു താലൂക്ക് സർവ്വേക്ക് എടുക്കുമ്പോൾ 150 മുതൽ 200 വരെ സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണം വരത്തക്കവിധം പലഭാഗങ്ങളിലായി തിരിക്കുന്നു. ഇത്തരം ഭാഗമാണ് മെയിൻ സർക്യൂട്ട്. |
| 734 | മൈക്രോമീറ്റർ | ഒരു തരം തിയോഡൊലൈറ്റിന്റെ പേര്. |
| 735 | മാസണറി മാർക്ക് | സർവെ അടയാളങ്ങൾ ആവശ്യമുള്ളതും എന്നാൽ സ്ഥിരമായ കെട്ടുപാടുകൾ കൊണ്ട് ഈടുള്ള അതിരുകൾ നിർണ്ണയം ചെയ്തിട്ടുള്ളതുമായ സ്ഥലങ്ങളിലും സർവെകല്ലുകൾ സ്ഥാപിക്കേണ്ട ആവശ്യം ഇല്ല. എന്നാൽ ഈ ഭാഗം സർവ്വെ അടയാളമായി സ്വീകരിക്കുകയും സ്റ്റോൺ രജിസ്റ്ററിൽ മാസണറിമാർക്ക് എന്ന് രേഖപ്പെടുത്തുകയും ചെയ്യുന്നു. |
| 736 | മിച്ചഭോഗം | സർക്കാർകരത്തിനുപുറമേ ജന്മിക്ക് കൊടുക്കുന്ന പ്രതിഫലം (കരം) |
| 737 | മിച്ചവാരം | ജന്മിക്കരം. |
| 738 | മുതൽ | പിരിച്ചെടുക്കുന്നതിനുള്ള ആകെ തുക. |
| 739 | മക്കൾവഴി | മക്കൾ വഴിക്കുള്ള അവകാശക്രമം. |
| 740 | മക്കത്തായം | മക്കൾ വഴിക്കുള്ള അവകാശക്രമം. |
| 741 | മജലിസ് | സഭ, സമാജം. |
| 742 | മട | ഓവ്, വെള്ളച്ചാൽ. |
| 743 | മട്ടത്രികോണം | ഒരു 90 കോണുള്ള ത്രികോണം. |
| 744 | മടക്കുരശീതി | കിട്ടിയ രശീതി (Acknowledgement) |
| 745 | മെട്രിക് ചെയിൻ | ഒരു അളവുപകരണം. |
| 746 | മയക്കുമരുന്ന് കുറ്റവാളി | മയക്കുമരുന്ന് കുറ്റവാളി എന്നാൽ 1985 ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിനോ (1985 ലെ 61–ാ കേന്ദ്ര ആക്ട്) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിനോ വിരുദ്ധമായി ഏതെങ്കിലും മയക്കുമരുന്ന് നിയമവിരുദ്ധമായി നട്ടുവളർത്തുകയോ ഉത്പാദിപ്പിക്കുകയോ സംസ്ക്കരിച്ചെടുക്കുകയോ സംഭരിക്കുകയോ കടത്തിക്കൊ് പോകുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന ഒരാൾ അല്ലെങ്കിൽ അറിഞ്ഞുകൊ് അത്തരത്തിലുള്ള എന്തെങ്കിലും പ്രവൃത്തി ചെയ്യുവാൻ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു. |
| 747 | മന്ഥരം | നിധി. |
| 748 | മന്റം | മന്ന്, ഭൂമി, പൊതുസ്ഥലം. |
| 749 | മരണനികുതി | ഒരാളുടെ മരണാനന്തരം അയാളുടെ സ്വത്തനുഭവിക്കുന്ന അനന്തരാവകാശികൾ നൽകേണ്ടിയിരുന്ന നികുതി. |
| 750 | മുൻകൂർ ഓഡിറ്റ് (Pre audit) | സർക്കാർ സേവനത്തിൽ നിന്നും പെൻഷൻപറ്റി പിരിയുന്ന ഉദ്യോഗസ്ഥന് ഏത് ആസ്ഥാനത്തു നിന്ന് അയാൾ പെൻഷൻ പറ്റിയോ അവിടം മുതൽ അയാൾ പെൻഷൻ പറ്റി കേരളത്തിലോ കേരളത്തിനു വെളിയിലോ എവിടെ താമസിക്കാനാഗ്രഹിക്കുന്നുവോ അവിടേയ്ക്കു പോകുന്നതിനുള്ള യാത്രയ്ക്ക് സ്ഥലം മാറ്റത്തിനു നല്കുന്ന നിരക്കുകളിൽ യാത്രപ്പടി അനുവദിക്കുന്നതാണ്. പെൻഷൻ പറ്റിയ ആൾ ഗസറ്റഡ് ഉദ്യോഗസ്ഥനാണെങ്കിൽ യാത്രാപ്പടി ബിൽ അക്കൗണ്ടന്റ് ജനറലിന്റെ അനുമതിയ്ക്കായി മുൻകൂർ ഓഡിറ്റിന് അയയ്ക്കുന്നു. പ്രീ-ഓഡിറ്റ് ചെയ്തുവന്നതിനുശേഷം മാത്രമേ പെൻഷൻ ഗസറ്റഡ് ഉദ്യോഗസ്ഥന് ഈ തുക ലഭിയ്ക്കുകയുള്ളൂ. |

| | | |
|---|---|---|
| 751 | മുതൽ | പിരിച്ചെടുക്കേണ്ടതായ തുക ( Demand ) |
| 752 | മരക്കരം | മരത്തിന് നൽകേണ്ട നികുതി. |
| 753 | മരണശാസനം | മരണപത്രം. |
| 754 | മരണമൊഴി | ആസന്നമരണന്റെ സാക്ഷ്യവാക്ക്. |
| 755 | മലങ്കര | മലബാർ |
| 756 | മലനാട് | മലബാർ. |
| 757 | മലമ്പാത | മലയിലെ വഴി. |
| 758 | മലയാഴ്മ | മലയാളഭാഷ. |
| 759 | മാപ്പുസാക്ഷി | മാപ്പുനൽകപ്പെട്ട് സാക്ഷി പറയുന്ന പ്രതി. |
| 760 | മാളി | രഹസ്യഅറ. |
| 761 | മിതി | അളവ്, തൂക്കം. |
| 762 | മിശ്രവിവാഹം | രണ്ട് ജാതി/മതങ്ങളിൽപ്പെട്ടവരുടെ വിവാഹം. |
| 763 | മുഖാമുഖം | കൂടിക്കാഴ്ച. |
| 764 | മുൻഗണനാവകാശം | ആദ്യം പരിഗണിക്കപ്പെടേണ്ട അവകാശം. |
| 765 | മുൻകൂറ് | മുൻകൂട്ടി ചെയ്യുന്നത്. |
| 766 | മുദ്രണം | മുദ്രപതിക്കൽ. |
| 767 | മുദ്രക്കടലാസ് | മൂല്യം മുദ്രണം ചെയ്തിട്ടുള്ള പത്രം |
| 768 | മുൻപണം | മുൻകൂറായി നൽകുന്ന രൂപ. |
| 769 | മുദ്രപ്പത്രം | മൂല്യം മുദ്രണം ചെയ്തിട്ടുള്ള പത്രം |
| 770 | മുരശ് | ഒരുതരം വാദ്യഉപകരണം (ജപ്തി വിവരം മുരശ് കൊട്ടി അറിയിക്കുന്ന രീതി നിലവിലുണ്ട്) |
| 771 | മുരശ്പടി | ജപ്തി വിവരം മുരശ്കൊട്ടി അറിയിക്കുകയും അതിന്റെ ചെലവ് കുടിശ്ശികക്കാരനിൽ നിന്നും ഈടാക്കുകയും ചെയ്തിരുന്നു. അതാണ് മുരശ്പടി. |
| 772 | മുഴക്കോൽ | ഒരുതരം അളവുകോൺ. |
| 773 | മുഴം | കൈമുട്ടു മുതൽ വിരൽവരെയുള്ള അളവ്. |
| 774 | മേനോക്കി | നായന്മാരിൽ ഒരു വിഭാഗക്കാരുടെ സ്ഥാനപ്പേര് (മേനോൻ) |
| 775 | മേനോൻ | നായന്മാരിൽ ഒരു വിഭാഗക്കാരുടെ ജാതിപ്പേര്. |
| 776 | മേലാവ് | മേലുദ്യോഗസ്ഥൻ. |
| 777 | മേലാൽ | ഇനിമേലിൽ. |
| 778 | മേലായ്മ | മേലധികാരം. |
| 779 | മേലിൽ | ഇനിമേലിൽ. |
| 780 | മേലധികാരി | മേൽനോട്ടത്തിനധികാരമുള്ള മേലുദ്യോഗസ്ഥൻ. |
| 781 | മേലധികാരം | മേൽനോട്ടം നടത്താനുള്ള അധികാരം. |
| 782 | മേൽക്കോയ്മ | മേലധികാരം. |
| 783 | മേലെഴുത്തുപിള്ള | മേലെഴുത്തുകച്ചേരിയിലെ പ്രധാന ഉദ്യോഗസ്ഥൻ. |
| 784 | മേൽവിലാസം | ഒരു വ്യക്തിയുടെ വീട്ടുപേര്, പേര് താമസസ്ഥലം തുടങ്ങിയവ സൂചിപ്പിച്ചെഴുതുന്ന വാചകം.. |
| 785 | മേൽ പ്രകാരം | മുൻപറഞ്ഞപ്രകാരം. |
| 786 | മടക്കുരശീത് | അക്നോളജ്മെന്റ് ഡ്യൂ. |

| | | |
|---|---|---|
| 787 | മാലിഖാന | മൈസൂർ യുദ്ധങ്ങൾക്കുശേഷം പഴയ മലബാർ ജില്ലയിലെയും ദക്ഷിണകാനറ ജില്ലയിലെയും മുൻ രാജാക്കന്മാരും നാടുവാഴികളും ഏതാനും പ്രദേശങ്ങൾ ബ്രിട്ടീഷ് ഇസ്റ്റിന്ത്യാ കമ്പനിക്ക് വിട്ടുകൊടുത്തു. ഇതിന് ബദലായി പ്രസ്തുതരാജാക്കന്മാർക്കും നാടുവാഴികൾക്കും സർക്കാർ ഔദാര്യമായി അനുവദിച്ചിരുന്ന ബത്തയാണ് മാലിഖാന. |
| 788 | മാൻമിസ്സിംഗ് സർട്ടിഫിക്കറ്റ് | ഒരു വ്യക്തിയെ കാണാതായാൽ ടിയാന്റെ കുടുംബത്തിന് വെൽഫയർ ഫണ്ട് ബോർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനായി ടിയാനെ കാണാതായിട്ടുണ്ടെന്നും സാക്ഷ്യപത്രം നൽകുന്ന തീയതിവരെ അയാൾ എവിടെയുണ്ടെന്ന വിവരങ്ങൾ യാതൊന്നുംതന്നെ ലഭ്യമല്ലെന്നും കാണിച്ച് നൽകുന്ന സാക്ഷ്യപത്രം. |
| 789 | മുക്ത്യാർ (പവർ ഓഫ് അറ്റോർണി) | ഒരു വ്യക്തി തന്റെ അഭാവത്തിൽ തനിക്ക് നിയമപരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ തനിക്കുവേണ്ടി ചെയ്യാൻ മറ്റൊരാളെ ചുമതലപ്പെടുത്തിക്കൊണ്ട് നൽകുന്ന ആധാരം. |
| 790 | മദ്ധ്യസ്ഥത്തീർപ്പ് | കേരളാ അതിരടയാള നിയമ പ്രകാരം കളക്ടർക്കോ, സർവ്വെ ഓഫീസർക്കോ ഏതെങ്കിലും അതിർത്തിതർക്കം ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും സമ്മതത്തോടുകൂടി, മദ്ധ്യസ്ഥതീർപ്പിന് വിടാവുന്നതാണ്. |
| 791 | *Mutatis Mutandis* | ആവശ്യമായ ഭേദഗതികളോടെ |
| 792 | *Martis Causa* | മരണം ഓർത്തുള്ള |
| 793 | *Modus Operandi* | കാര്യമാർഗ്ഗം |
| 794 | *Malafides* | ദുഷ്ട വിചാരം |
| 795 | മദ്ധ്യാഹ്നം | ഉച്ച. |
| 796 | മഹാനഗരബത്ത (City Compensatory allowance) | മഹാ നഗരങ്ങളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർക്ക് നൽകുന്ന പ്രത്യേക ബത്ത. |
| 797 | മാനവേതനം (Honorarium) | പ്രത്യേകമായ ഏതെങ്കിലും ജോലിക്ക് വല്ലപ്പോഴും ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയോഗിച്ചാൽ അതിന് സർക്കാർ മുതലിൽ നിന്നുകൊടുക്കുന്ന പ്രതിഫലത്തെ മാനവേതനം എന്ന് വിളിക്കുന്നു. |
| 798 | മാസം (Month) | ഒരു സൗരമാസ(Calender Month) ത്തെ മാസം എന്നുപറയുന്നു. |
| 799 | മലമ്പ്രദേശ ബത്ത (Hill Allowance) | മലമ്പ്രദേശത്ത് ജോലിചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥന് ശംബളത്തിനും മറ്റ് ബത്തകൾക്കും പുറമേ അനുവദിച്ചിട്ടുള്ള ബത്ത. |
| 800 | മുൻകൂറവധി(Leave Not Due) | ഉദ്യോഗസ്ഥൻ ഭാവിയിൽ അവധി ആർജ്ജിക്കുമ്പോൾ അതിൽനിന്നും തട്ടിക്കിഴിച്ചുകൊള്ളാം എന്ന വ്യവസ്ഥയിൽ മുൻകൂറായി അനുവദിക്കപ്പെടുന്ന അർദ്ധവേതനാവധിയാണ് മുൻകൂറവധി. |
| 801 | Y പാറ്റേൺ | ഒരു തരം തിയോഡൊലൈറ്റിന്റെ പേര്. |
| 802 | യവം | ഒരു തൂക്കം, കാൽഅംഗുലം. |
| 803 | യാദൃശ്ചികാവധി | ആകസ്മികാവധി. |
| 804 | യാത്രാകാലം (Journey Time) | ഒരു സ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേക്ക് മാറ്റം ലഭിച്ച ഉദ്യോഗസ്ഥന് യാത്രക്കായി അനുവദിച്ചിട്ടുള്ള സമയം. |

| | | |
|---|---|---|
| 805 | യുദ്ധസേവനകാലം (War Service) | യുദ്ധ സേവനം നടത്തിയിട്ടുള്ളവരെ 1/1/1948 ന് മുമ്പുണ്ടായിട്ടുള്ള ഒഴിവിൽ സർക്കാർ സേവനത്തിനു നിയമിച്ചിട്ടുള്ള പക്ഷം, പെൻഷനർഹമായിട്ടുള്ളതോ അല്ലാത്തതോ ആയി തൃപ്തികരമായ യുദ്ധസേവനത്തിലായിരുന്ന പൂർണ്ണവർഷങ്ങൾ വ്യവസ്ഥകൾക്കു വിധേയമായി പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതാണ്. |
| 806 | യോഗ്യസേവനം (Qualifying Service) | പെൻഷൻ നൽകാൻ കണക്കാക്കാവുന്ന നിലവിലുള്ള നിയമമനുസരിച്ച് മുപ്പത് വർഷത്തെ സേവനത്തെയാണ് പൂർണ്ണമായ യോഗ്യസേവനം എന്നുപറയുന്നത്. പെൻഷൻ കണക്കാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥന്റെ സേവന കാലം കണ്ടെത്തുമ്പോൾ അതിനെയാണ് യോഗ്യസേവന കാലമായി കണക്കാക്കുന്നത്. |
| 807 | യഥാർത്ഥ ചെലവ് | ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായിവ്യക്തമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ യാത്രാപ്പടിയേക്കാൾ ഉയർന്ന തുക യഥാർത്ഥ ചെലവ് വന്നിട്ടുണ്ടെങ്കിൽ അത് അനുവദിച്ചു നൽകാവുന്നതാണ്. |
| 808 | രാജി | സ്വയം സ്ഥാനം ഒഴിയൽ. |
| 809 | രാഷ്ട്രീയം | രാഷ്ട്രകാര്യം. |
| 810 | രിക്ഥം | സമ്പത്ത്. |
| 811 | രൊക്കം പണം | കയ്യോടെ ഉടനെ കൊടുക്കുന്ന പണം. |
| 812 | രാഷ്ട്രീയ പെൻഷൻ | മുൻ തിരുവിതാംകൂർ സംസ്ഥാനത്തും കൊച്ചി സംസ്ഥാനത്തും ചില പ്രത്യേക പരിഗണനയുടെ അടിസ്ഥാനത്തിൽ ഏതാനും കുടുംബങ്ങൾക്കും വ്യക്തികൾക്കും നൽകിയിരുന്ന പെൻഷൻ. |
| 813 | രജിസ്റ്റർ ചെയ്ത ഭൂമി | ഉടമാവകാശം ഗവൺമെന്റിൽ നിക്ഷിപ്തമല്ലാത്ത ഭൂമി. |
| 814 | രാജിക്കത്ത്(Resignation) | സർവ്വീസ് ഉപേക്ഷിച്ചുപോകുന്നതിന് താത്പര്യപ്പെടുന്നതായി ഉദ്യോഗസ്ഥൻ അറിയിക്കുന്ന കുറിപ്പ്. |
| 815 | രാജി സ്വീകരിക്കുന്നതിനാവശ്യമായ അധികാരി | ഒരുദ്യോഗസ്ഥനെ നിയമിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥനാണ് ആ ഉദ്യോഗസ്ഥന്റെ രാജി സ്വീകരിക്കാനും അധികാരമുള്ളത്. |
| 816 | രാജി പിൻവലിക്കൽ (Withdrawal of Resignation) | ഒരുദ്യോഗസ്ഥൻ വീണ്ടും സർവ്വീസിൽ തുടരണമെന്ന് ആഗ്രഹിക്കുന്നപക്ഷം അദ്ദേഹത്തിന് രാജി പിൻവലിക്കുന്നതിനായി കത്ത് നൽകാവുന്നതാണ്. |
| 817 | രാജഭോഗം | സർക്കാർകരം. |
| 818 | രക്ഷാഭോഗം | ഭൂനികുതിക്ക് പുറമേ ഈടാക്കിയിരുന്ന നികുതി. |
| 819 | രേഖ (line) | വീതിയോ, കനമോ ഇല്ലാത്തതും നീളത്തെ മാത്രം കാണിക്കുന്നതുമായ അടയാളം. |
| 820 | ലാന്റ് രജിസ്റ്റർ | സർവെ ചെയ്യുമ്പോൾ ഭൂമിയുടെ സർവെ നമ്പർ, സബ്ഡിവിഷൻ നമ്പർ, ഇനം, വിസ്തീർണ്ണം, കൈവശക്കാരന്റെ/പട്ടാദാരുടെ പേര് തുടങ്ങിയവ രേഖപ്പെടുത്തി തയ്യാറാക്കുന്ന രജിസ്റ്റർ. |
| 821 | ലംബകം (Trapezium) | ഒരു ചതുർഭുജത്തിലെ ഒരു ജോഡി എതിർവശങ്ങൾ സമാന്തരമായാൽ ആ ചതുർഭുജത്തെ ലംബകം എന്നുവിളിക്കുന്നു. |

| | | |
|---|---|---|
| 822 | ലാന്റ് സർവെ | ഒരു ഭൂവിഭാഗത്തിന്റെ ശരിയായ രൂപം ചുരുങ്ങിയ തോതിൽ പേപ്പറിൽവരച്ചുണ്ടാക്കുന്നതിനും ആ ഭൂവിഭാഗത്തിൽ കാണുന്ന സ്ഥിതി സ്ഥാപക ചിഹ്നങ്ങൾ(Topographical details) രേഖപ്പെടുത്തുന്നതിനും വേണ്ടി ശാസ്ത്രീയമായ രീതിയിൽ അളവുകൾ അളന്നെടുത്ത് റിക്കാർഡുകൾ തയ്യാറാക്കുന്ന സമ്പ്രദായം. |
| 823 | ലെവലിംഗ് സർവെ | ലെവലിംഗ് ഉപകരണത്തിന്റെ സഹായത്തോടെ ഭൂമിയുടെ ഉയരവ്യത്യാസങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സർവെ. |
| 824 | ലെവലിംഗ് സ്ക്രൂ (ഫൂഡ് സ്ക്രൂ) | തിയോഡലൈറ്റിന്റെ ഭാഗം. |
| 825 | ലോവർ ക്ലാമ്പ് | തിയോഡലൈറ്റിന്റെ ഭാഗം. |
| 826 | ലാന്റ് രജിസ്റ്റർ (ഫീൽഡ് രജിസ്റ്റർ) | ഒരു ഭൂവിഭാഗം സർവെ ചെയ്യുമ്പോൾ ഫീൽഡ് നമ്പർ, സബ്ഡിവിഷൻ നമ്പർ, ഇനം, തരം, വിസ്തീർണ്ണം, വസ്തു ഉടമയുടെ പേരുവിവരം എന്നിവ ഉൾപ്പെടുത്തികൊണ്ട് സർവെ ചെയ്യുന്ന ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന രജിസ്റ്റർ. |
| 827 | ലാത്തി | കുറുവടി. |
| 828 | ലാഠി | കുറുവടി. |
| 829 | ലാത്തിചാർജ്ജ് | ലാത്തികൊണ്ടുള്ള അടി. |
| 830 | ലിഖിതം | രേഖപ്പെടുത്തിയ പ്രമാണം. |
| 831 | ലൈഫ് സർട്ടിഫിക്കറ്റ് | ഒരു വ്യക്തി ജീവിച്ചിരിപ്പുള്ളതായി സാക്ഷ്യപ്പെടുത്തി നൽകുന്നത്. |
| 832 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് | ഒരു വസ്തുവിനെ കണ്ടുപിടിക്കുന്നതിനായി ആ വസ്തുവിലേക്കുള്ള വഴി എലുക എന്നിവരേഖപ്പെടുത്തി നൽകുന്ന സാക്ഷ്യപത്രം. |
| 833 | *Lis Mota* | തർക്കം ഉത്ഭവിച്ചതിനാൽ |
| 834 | *Lingua franca* | സംസാര ഭാഷ |
| 835 | *Lex loci* | നാട്ടുവഴക്കം. |
| 836 | ലാവണം (Lien) | ഒരുദ്യോഗസ്ഥനെ ഒരു സ്ഥിരം ഒഴിവിൽ സ്ഥിരമായി നിയമിക്കപ്പെട്ടതിനാൽ അസാന്നിദ്ധ്യത്തിനുശേഷം ഉടനെ അഥവാ എത്രയുംവേഗം സ്ഥിരമായി ആ സ്ഥാനം വഹിക്കുന്നതിന് അയാൾക്കുള്ള അവകാശം. |
| 837 | ലീവ് ശംബളം | അവധിവേതനം. |
| 838 | വില്ലേജ് | റവന്യൂ ഭരണ സൗകര്യാർത്ഥം ഒരു വില്ലേജായി നിലവിൽ അംഗീകരിച്ചിട്ടുള്ളതോ ഭാവിയിൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുന്നതോ ആയ ഒരു പ്രദേശമാണ് വില്ലേജ്. |
| 839 | വില്ലേജാഫീസ് | സർക്കാർ വക കെട്ടിടം ലഭ്യമാകുന്ന വില്ലേജുകളിൽ ആ കെട്ടിടത്തിലോ ഇല്ലാത്തപക്ഷം സർക്കാർ അനുവാദപ്രകാരം വാടക കൊടുക്കുന്ന കെട്ടിടത്തിലോ വില്ലേജാഫീസ് പ്രവർത്തിക്കുന്നതും കെട്ടിടത്തിന്റെ മുൻവശത്ത് വില്ലേജാഫീസിന്റെ പേർ കാണിക്കുന്ന ബോർഡ് സ്ഥാപിച്ചിരിക്കുന്നതുമായ ഓഫീസ്. |
| 840 | വില്ലേജ് കച്ചേരി | വില്ലേജാഫീസ്. |
| 841 | വില്ലേജ് ഉദ്യോഗസ്ഥന്മാർ | വില്ലേജാഫീസർ, സ്പെഷ്യൽ വില്ലേജാഫീസർ, വില്ലേജ് അസിസ്റ്റന്റ്, വില്ലേജ്മാൻ, പി.ടി.എസ്. |
| 842 | വില്ലേജ് ഓഫീസർ | വില്ലേജ് ഓഫീസ് മേധാവി. |
| 843 | വില്ലേജസിസ്റ്റന്റ് | വില്ലേജാഫീസറെ സഹായിക്കുകയും, സ്പെഷ്യൽ വില്ലേജാഫീസർക്ക് തൊട്ട് താഴെയുള്ളതുമായ ഉദ്യോഗസ്ഥൻ (എൽ.ഡി.ക്ലാർക്കിന് സമാനം) |
| 844 | വില്ലേജ്മാൻ | വില്ലേജാഫീസിലെ വില്ലേജസിസ്റ്റന്റിന് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥൻ. |

| | | |
|---|---|---|
| 845 | വാർഷിക മെയിന്റ നൻസ് ബുക്ക് | വില്ലേജാഫീസിൽ സൂക്ഷിക്കുന്ന സർവെ ഫീൽഡളവുപുസ്തകത്തിൽ (ഒറിജിനൽ) യാതൊരു കാരണവശാലും മാറ്റങ്ങൾ ഒന്നുംതന്നെ വരുത്താൻ പാടില്ല. എന്നാൽ വർഷം തോറും സർവെ ഫീൽഡുകളിൽ ഉണ്ടാകുന്ന മാറ്റങ്ങളോടനുബന്ധിച്ച് തയ്യാറാക്കപ്പെടുന്ന ഫീൽഡളവ് ഷീറ്റുകൾ ഓരോ വർഷത്തേക്കും പ്രത്യേകം പ്രത്യേകം തുന്നിക്കെട്ടിവക്കുന്നു. ഇതാണ് വാർഷിക മെയിന്റനൻസ് ബുക്ക്. |
| 846 | വെട്ടി | അംശം ശിപായി |
| 847 | വക്രരേഖ(Curvedline) | വളഞ്ഞ രേഖ. |
| 848 | വില്ലേജ് മാപ്പ് | ഒരു വില്ലേജിനുള്ളിൽ വരുന്ന എല്ലാ സർവെ നമ്പരും ഉൾക്കൊള്ളിച്ച് 1 സെ.മീറ്റർ = 50 മീറ്റർ എന്ന തോതിൽ തയ്യാറാക്കുന്ന ഗ്രൂപ്പ് സ്കെച്ച്. |
| 849 | വെർട്ടിക്കൽ ലെവലിംഗ് | തിയോഡലൈറ്റിന്റെ താത്ക്കാലിക ക്രമീകരണത്തിന്റെ ഒരു ഘട്ടമാണ് വെർട്ടിക്കൽ ലെവലിംഗ് |
| 850 | വിരുത്തി | നിശ്ചിത ഊഴ്യങ്ങൾ- അതായത് ഊട്ടുപുരകൾക്കുള്ള നിത്യദാനത്തിനും സർക്കാർ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും കൊട്ടാരത്തിലെ അടിയന്തിരങ്ങൾക്കും, കോപ്പ് ഏൽപ്പിക്കുക, എഴുന്നള്ളത്ത് പ്രമാണിച്ച് പുരകെട്ടുക തുടങ്ങിയ ഊഴ്യങ്ങൾ - നിശ്ചിത സമയത്ത് നടത്തുന്നതിന് പ്രതിഫലമായി നൽകിയിരുന്ന ഭൂമി. |
| 851 | വെറുംപാട്ടം (പണ്ടാരവക) | മുൻകൊച്ചി സംസ്ഥാനത്ത് പേരിൽ പതിഞ്ഞ ഒരുകരം വസ്തുവിന് പറഞ്ഞിരുന്ന ഒരു പേര്. |
| 852 | വെള്ളക്കരം | ജലസേചന നികുതി. |
| 853 | വസൂലാക്കൽ | ഈടാക്കൽ. |
| 854 | വക്കീൽ | അഭിഭാഷകൻ. |
| 855 | വക്കാലത്ത് | പ്രതിനിധിയായി വ്യവഹാരം നടത്താനുള്ള അധികാരം. |
| 856 | വഞ്ചീശ്വരൻ | തിരുവിതാംകൂർ രാജാവ്. |
| 857 | വട്ടെഴുത്ത് | ഉരുണ്ട വടിവുള്ള ഒരു പ്രാചീന ലിപി സമ്പ്രദായം. |
| 858 | വണിക് | വ്യാപാരി. |
| 859 | വരണാധികാരി | തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശപത്രിക സ്വീകരിക്കുകയും മറ്റും ചെയ്യുന്ന ഉദ്യോഗസ്ഥൻ. |
| 860 | വരവ് | വരുമാനം. |
| 861 | വരി | കരം. |
| 862 | വർഗം | ജാതി. |
| 863 | വഴക്കം | പൂർവ്വാചാരം (കീഴ് വഴക്കം). |
| 864 | വായ്പ | കടംവാങ്ങൽ. |
| 865 | വാരം | ആഴ്ച. |
| 866 | വാഴ്ച | ഭരണം. |
| 867 | വിസ്താരം | വിചാരണ. |
| 868 | വീഴ്ച | കൃത്യവിലോപം. |

| | | |
|---|---|---|
| 869 | വിവരം | 'വിവരമെന്ന് വിവരാവകാശ നിയമത്തിൽ നിർവ്വചിച്ചിട്ടുള്ളത് ഒരു പൊതു അധികാരിയ്ക്ക് ഏത് രൂപത്തിലും ലഭിയ്ക്കാവുന്ന രേഖകൾ, ആധാരങ്ങൾ, മെമ്മോകൾ, ഇ-മെയിലുകൾ, അഭിപ്രായക്കുറിപ്പുകൾ, പ്രസ് റിലീസുകൾ, സർക്കുലറുകൾ, ഉത്തരവുകൾ, ലോഗ് ബുക്കുകൾ, കരാറുകൾ, റിപ്പോർട്ടുകൾ, കടലാസുകൾ, സാമ്പിളുകൾ, മാതൃകകൾ, ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന വിവരങ്ങൾ എന്നിവയാണ്. |
| 870 | വാക്കാൽ പാട്ടം | നിശ്ചിത എഴുതപ്പെട്ട രേഖയില്ലാതെ വാക്കാൽ നൽകിയിരുന്ന പാട്ടമാണ് വാക്കാൽ പാട്ടം. |
| 871 | വക നീക്കിക്കുറവ് | ചില സ്ഥാപനങ്ങളുടെ നടത്തിപ്പിനും മറ്റുമായി നൽകിയിരുന്ന ഭൂമിയുടെ നികുതി മുൻകാലത്ത് സാധനങ്ങളായോ നാണയങ്ങളായോ ഈടാക്കിയിരുന്നു. ഇതാണ് വക നീക്കിക്കുറവ് |
| 872 | വക നീക്കി പിരിവ് ചെല | ചില സ്ഥാപനങ്ങളുടെ നടത്തിപ്പിനും മറ്റുമായി നൽകിയിരുന്ന ഭൂമിയുടെ നികുതി മുൻകാലത്ത് സാധനങ്ങളായോ നാണയങ്ങളായോ ഈടാക്കിയിരുന്നു. ഇതാണ് വക നീക്കി പിരിവ് ചെലവ് |
| 873 | വൃക്ഷപ്പാട്ടം | സർക്കാർ ഭൂമിയിലെ വൃക്ഷങ്ങൾ പാട്ടത്തിന് നൽകിയിരുന്നത്. |
| 874 | വാര | ഒരു അളവ്, ഏതാ് 36' നീളം. |
| 875 | വ്യാജ വാറ്റുകാരൻ | വ്യാജ വാറ്റുകാരൻ എന്നാൽ അബ്കാരി ആക്ടിലെയും (1077 ലെ 1) അതിൻകീഴിലാക്കിയിട്ടുള്ള ചട്ടങ്ങളിലേയും ഉത്തരവുകളിലേയും അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലേയും ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും, മദ്യം, ലഹരി മരുന്ന് അല്ലെങ്കിൽ മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവ വാറ്റുകയോ, ഉത്പാദിപ്പിക്കുകയോ, സംഭരിക്കുകയോ, കടത്തിക്കൊടുപോകുകയോ, കടത്തുകയോ, ഇറക്കുമതി ചെയ്യുകയോ, കയറ്റുമതി ചെയ്യുകയോ, വിൽക്കുകയോ, വിതരണം നടത്തുകയോ ചെയ്യുകയും അല്ലെങ്കിൽ അറിഞ്ഞുകൊ് പണം ചെലവാക്കുകയോ, വിനിയോഗിക്കുകയോ ഏതെങ്കിലും ആൾക്കോ ആൾ മുഖേനയോ മുകളിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും കാര്യങ്ങൾ ചെയ്യുന്നതിന് സഹായകരമാകുന്നതിനോ പിൻതുണ നൽകുന്നതിനോവേി ഏതെങ്കിലും മൃഗം, വാഹനം, ഉരു മറ്റ് യാത്രാ സൗകര്യങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും സംഭരണി മറ്റ് ഏതെങ്കിലും വസ്തുക്കൾ, എന്തുതന്നെ ആയാലും അവ നൽകുന്ന ആൾ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കാര്യം ചെയ്യുന്നതിന് മറ്റ് ഏതെങ്കിലും രീതിയിൽ പ്രേരിപ്പിക്കുന്ന ആൾ എന്നർത്ഥമാകുന്നു. |
| 876 | വാടക ചട്ടമ്പി | വാടക ചട്ടമ്പി എന്നാൽ അന്യായമായി സ്വമേധയായോ മറ്റൊരാൾ മുഖേനയോ ബലപ്രയോഗം നടത്തി ഏതെങ്കിലും വ്യക്തിക്ക് ഉപദ്രവം ഉാക്കുന്നതിന് വേിയോ ഏതെങ്കിലും വ്യക്തിയെ കുറ്റകരമായി ഭീഷണിപ്പെടുത്തുന്നതിനുവേിയോ മറ്റൊരാൾക്ക് അവകാശപ്പെട്ട ഏതെങ്കിലും വ്യക്തിയെ കുറ്റകരമായി ഭീഷണിപ്പെടുത്തുന്നതിനുവേിയോ മറ്റൊരാൾക്ക് അവകാശപ്പെട്ട ഏതെങ്കിലും വസ്തുവിന് നാശം വരുത്തുന്നതിനോ, ഒരാളുടെ കൈവശമുള്ള ഏതെങ്കിലും സ്ഥാവര ജംഗമ വസ്തുക്കളെ അയാളിൽ നിന്നും നിയമവിരുദ്ധമായി ഒഴിപ്പിക്കുന്നതിനുവേിയോ പണമായോ സാധനമായോ സാമ്പത്തിക ലാഭം കൈപ്പറ്റുന്ന ഏതൊരാളും എന്നർത്ഥമാകുന്നു. |

| | | |
|---|---|---|
| 877 | വസ്തു കയ്യേറ്റക്കാരൻ | വസ്തു കയ്യേറ്റക്കാരൻ എന്നാൽ സർക്കാരിനോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥാപനത്തിനോ അല്ലെങ്കിൽ ഏതെങ്കിലും ആളിനോ അവകാശപ്പെട്ട ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു, തനിക്കുവേയോ, അല്ലെങ്കിൽ മറ്റാർക്കെങ്കിലും വേയോ നിയമവിരുദ്ധമായി കൈവശപ്പെടുത്തുന്ന ഒരാൾ എന്നർത്ഥമാകുന്നതും നിയമവിരുദ്ധമായ കടിയായ്മകളിലോ പാട്ടത്തിന്റെയും ലൈസൻസിന്റെയും കരാറുകളിലോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുക്കളെ സംബന്ധിക്കുന്ന പ്രത്യക്ഷമായതാ പരോക്ഷമായതോ ആയ മറ്റേതെങ്കിലും കരാറുകളിൽ ഏർപ്പെടുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുക്കൾ നിയമവിരുദ്ധമായി കൈവശപ്പെടുത്തുന്നതിനോ അതിന്മേൽ അനധികൃത എടുപ്പുകൾ നിർമ്മിക്കുന്നതിനോവേ ഏതെങ്കിലും ആളിന് അറിഞ്ഞുകൊ് സാമ്പത്തിക സഹായം നൽകുകയോ അല്ലെങ്കിൽ കുറ്റകരമായ ഭീഷണിപ്പെടുത്തലിലൂടെ വാടകയോ നഷ്ടപരിഹാരമോ മറ്റേതെങ്കിലും ചാർജ്ജുകളോ അങ്ങനെയുള്ള വസ്തുക്കളുടെ ഏതെങ്കിലും കൈവശക്കാരിൽ നിന്നും പിരിക്കുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ മേൽപറഞ്ഞ ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിന് ഏതെങ്കിലും രീതിയിൽ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ ഉൾപ്പെടെയുമാകുന്നു. |
| 878 | വേതനം | ശംബളം. |
| 879 | വ്യാസം | വൃത്തത്തിന്റെ കുറുകെയുള്ള ഋജുരേഖയുടെ അളവ്. |
| 880 | വരുമാന സാക്ഷ്യപത്രം | ഒരു വ്യക്തിയുൾപ്പെടുന്ന കുടുംബത്തിന്റെ വരുമാനം തിട്ടപ്പെടുത്തി അതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി നൽകുന്ന സാക്ഷ്യപത്രം. |
| 881 | വൈവാഹിക സർക്കിഫിക്കറ്റ് | ഒരു വ്യക്തിയുടെ വൈവാഹിക സ്ഥിതി അന്വേഷിച്ച് അതിന്റെ അടിസ്ഥാനത്തിൽ നൽകുന്ന സാക്ഷ്യപത്രം. |
| 882 | വിലനിർണ്ണയ സാക്ഷ്യപത്രം | ഒരു വസ്തുവിന്റെ കമ്പോളവില സമാനമായ അയലാധാരങ്ങളുമായി ബന്ധപ്പെടുത്തി നിശ്ചയിച്ചുനൽകുന്ന സാക്ഷ്യപത്രം. |
| 883 | വിധവാ സർട്ടിഫിക്കറ്റ് | ഒരു സ്ത്രീ വിധവയാണെന്നും ടിയാൾ പുനർവിവാഹം ചെയ്തിട്ടില്ലെന്നും സാക്ഷ്യപ്പെടുത്തുന്നത്. |
| 884 | വില്ലേജ് ഓഫീസ് മാനുവൽ | വില്ലേജാഫീസിലെ ഓഫീസ് നടപടി രീതികൾ/വിവരങ്ങൾ പ്രതിപാദിക്കുന്ന മാനുവൽ. |
| 885 | വംശാവലി സർവ്വെ (Genealogical Survey) | ഏതെങ്കിലും ഒരു വ്യക്തിയുടെ ജാതിയെക്കുറിച്ച് സംശയമുളള പക്ഷം അത് കണ്ടെത്തുന്നതിനായി നടത്തുന്ന സർവ്വെ .കീർത്താഡ്സ് ആണ് ഇത് നടത്തുന്നത്. |
| 886 | വൈയക്തിക വേതനം (PersonalPay) | ഒരുദ്യോഗസ്ഥന് തന്റെ സ്ഥിരം തസ്തികയിൽ കിട്ടിക്കൊണ്ടിരുന്ന അടിസ്ഥാന ശംബളം (ബേസിക് പേ) ഒരു ശിക്ഷയല്ലാതുള്ള ഏതെങ്കിലും കാരണത്താൽ കുറയാൻ ഇടയായാൽ ആ കുറവ് നികത്തുന്നതിന് ആ ഉദ്യോഗസ്ഥന് നല്കുന്ന അധിക ശംബളമാണ് വൈയക്തികാവേതനം. |
| 887 | വിശേഷ വേതനം (Special Pay) | സാധാരണഗതിയിൽ ഒരു തസ്തികയിലേക്ക് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതിൽ കൂടുതൽ ജോലിയോ ഉത്തരവാദിത്തമോ ഒരുദ്യോഗസ്ഥൻ വഹിക്കേണ്ടതായി വരുമ്പോൾ ആ ഉദേ്യാഗസ്ഥന് ആ തസ്തികയിലെ ശംബളത്തിന് പുറമേ ശംബളത്തിന്റെ രൂപത്തിൽ പ്രതേ്യകം നൽകുന്ന തുക. |

| | | |
|---|---|---|
| 888 | വീട്ടുവാടക ബത്ത (House Rent Allowance) | ശംബളത്തിന് പുറമേ ഉദ്യോഗസ്ഥർക്ക് വീട്ടുവാടകയിനത്തിൽ അനുവദിച്ചിരിക്കുന്ന ബത്ത. |
| 889 | വീക്ക്ലി ഓഫ് | പൊതു ഒഴിവെടുക്കാൻ അനുവദിക്കപ്പെട്ടിട്ടില്ലാത്ത പാർട്ട്ടൈം കണ്ടിജൻസി ജീവന ക്കാർക്ക് ആഴ്ചയിൽ ഒരുദിവസം അനുവദിക്കുന്ന ഓഫ്. |
| 890 | വാണിജ്യനികുതി | വാണിജ്യം നടത്തുന്നവർ ഉപഭോക്താക്കളിൽ നിന്നും ശേഖരിച്ച് സർക്കാർ ഖജനാവിൽ അടക്കുന്ന നികുതി. |
| 891 | വായ്പാപണം | വായ്പയായി വാങ്ങിയ പണം. |
| 892 | ശംബളം (Pay) | ഒരുദ്യോഗസ്ഥന് ഒരു തസ്തികയിൽ സ്ഥാനം വഹിക്കുന്നതിനാൽ അനുവദിക്കപ്പെട്ടതും അവകാശപ്പെട്ടതും വിവിധ ബത്തകൾ, വിശേഷ വേതനം, വൈയക്തികവേതനം എന്നിവ ഒഴികെയുള്ളതുമായ തുക. |
| 893 | ശരാശരി വേതനം (Average emoluments) | ഒരു ജീവനക്കാരന്റെ സേവനകാല ത്തിൽ എരിഞ്ഞു പോകുന്നതുൾപ്പെടെ ഏറ്റവും ഒടുവിലത്തെ പത്തുമാസത്തെ ശബളത്തിന്റെ ശരാശരിയാണ് ശരാശരി വേതനം. പെൻഷൻ കണക്കാക്കുന്നതിനാണ് ശരാശരി വേതനം കണ്ടെത്തുന്നത്. |
| 894 | | |
| 895 | ശൂന്യവേതനാവധി (Leave without Allowance) | സ്ഥിരം ജീവനക്കാർക്കും മൂന്നുവർഷമോ അതിൽകൂടുതലോ തുടർച്ചയായ സർവ്വീസുള്ള സ്ഥിരമല്ലാത്ത ജീവനക്കാർക്കും അവധിവേതനം കൂടാതെ അവരുടെ അപേക്ഷപ്രകാരം അനുവദിക്കുന്ന അവധി. |
| 896 | ശ്രീപണ്ടാരവക | ശ്രീപത്മനാഭ സ്വാമിക്ഷേത്രം വക വസ്തുക്കൾ. |
| 897 | ശ്രീപാദം വക | ആറ്റിങ്ങൽ തമ്പുരാക്കന്മാരുടെ ചിലവിലേക്കായി മുതലെടുപ്പ് വിനിയോഗിച്ചുവന്നി രുന്നതും തിരുവിതാംകൂർ മഹാരാജാവ് വകയുമായിരുന്ന വസ്തുക്കൾ. |
| 898 | ശംബള പാട്ടംദാർ | കുടിയാന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വിഭാഗം. |
| 899 | ശംബള ചിറ്റുദാർ | കുടിയാന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വിഭാഗം. |
| 900 | ശില്ലാക്കാശ് | ചില്ലിക്കാശ്. |
| 901 | ശതകം | നൂറു സംവത്സരം. |
| 902 | ശിരസ്തദാർ | സർക്കാർ സ്ഥാപനങ്ങളിലെ പ്രധാന ഭരണ നിർവ്വാഹകൻ. |
| 903 | ശിഷ്ടം | ബാക്കി. |
| 904 | ഷഷ്ഠാംഗം | ആറിലൊന്ന്. |
| 905 | ഷോഡതി | ഭാഗ്യക്കുറി. |
| 906 | ഷാംബോഗ് | വില്ലേജ് ജീവനക്കാരൻ എന്നതിൽ ഉൾപ്പെട്ടിരുന്ന വിഭാഗം. (ഇപ്പോൾ നിലവിലില്ല) |
| 907 | സി പ്രോസസ് (Traverse Computation) | ബി പ്രോസസിൽ തയ്യാറാക്കിയിട്ടുള്ള റിക്കാർഡുകൾ അനുസരിച്ച് കൃത്യമായി പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ ഡാറ്റകൾ കണക്കാക്കുകയും ആ അളവുകൾ വച്ചു കൊണ്ട് വിസ്തീർണ്ണം നിർണ്ണയിക്കുകയും ചെയ്യുന്നു. |
| 908 | സ്പെഷ്യൽ വില്ലേജാഫീസർ | വില്ലേജാഫീസ് മേധാവിയായ വില്ലേജാഫീസറുടെ തൊട്ട് താഴെയുള്ള ഉദ്യോഗസ്ഥൻ (യു.ഡി.ക്ലാർക്കിന് സമാനം) |
| 909 | സമചതുരം (square) | വശങ്ങളെല്ലാം തുല്യമായ ചതുരമാണ് സമചതുരം. |
| 910 | സമാന്തരീകം (Parallelogram) | എതിർവശങ്ങൾ സമവും സമാന്തരവും എതിർകോണുകൾ തുല്യവുമായ ചതുർഭുജം. |
| 911 | സമഭുജസമാന്തരീകം (Rhombus) | വശങ്ങൾ തുല്യമായ സമാന്തരീകം. |

| | | |
|---|---|---|
| 912 | സമപാർശ്വലംബകം | ഒരു ജോഡി എതിർവശങ്ങൾ സമാന്തരവും സമാന്തരങ്ങളല്ലാത്ത ഒരു ജോഡി എതിർവശങ്ങൾ തുല്യമാകുന്ന ചതുർഭുജം. |
| 913 | സമാനത്രികോണങ്ങൾ | ഒരു ത്രികോണത്തിലെ മൂന്നുകോണുകളും മറ്റൊരു ത്രികോണത്തിലെ സമാനകോണുകളോട് സർവ്വസമമായിരുന്നാൽ ആ രണ്ടുത്രികോണങ്ങളെയും സമാനത്രികോണങ്ങൾ എന്നുവിളിക്കുന്നു. |
| 914 | സർവെ(Survey) | ഏതെങ്കിലുമൊന്നിനെപ്പറ്റി സൂക്ഷ്മ നിരീക്ഷണം നടത്തി വസ്തുനിഷ്ഠമായ എല്ലാ രേഖകളും തയ്യാറാക്കുന്ന നിർദ്ദിഷ്ട പരിപാടി. |
| 915 | സ്റ്റെപ്പിംഗ് ആന്റ് ലവലിംഗ് | റവന്യൂ സർവെയിൽ ഹൊറിസോണ്ടൽ അളവുകളാണ് വേണ്ടത്.  ചരിവു പ്രദേശങ്ങളിലെ ഹൊറിസോണ്ടൽ അളവുകിട്ടുന്നതിന് ചങ്ങല മൊത്തമായോ ഭാഗികമായോ ലെവൽ ചെയ്ത് അളക്കണം.  ചരിവുപ്രദേശം മുകളിൽ നിന്ന് താഴേക്ക് ചങ്ങല ഭാഗികമായി ഉയർത്തിപ്പിടിച്ച് ഉയർന്ന സ്ഥലത്തിന് സമംവരത്തക്കരീതിയിൽ പടിപടിയായി അളക്കുന്നതിനെ സ്റ്റെപ്പിംഗ് ആന്റ് ലവലിംഗ് എന്നുപറയുന്നു. |
| 916 | സൈഡ് പർട്ടൽ ലൈൻ | ഒരു ഖണ്ഡം ചെയിൻ സർവെ ചെയ്തശേഷം ഖണ്ഡത്തിനുചുറ്റുമുള്ള ട്രാവേഴ്സ് ലൈനിൽ നിന്ന് ഖണ്ഡത്തിന്റെ ബൗണ്ടറിയിൽ വരുന്ന ജംഗ്ഷനുകൾക്ക് ഓഫ് സെറ്റ് എടക്കുന്നു.  ഇത്തരം ലൈനുകളാണ് സൈഡ് പർട്ടൽ ലൈനുകൾ. |
| 917 | സർവെ ഫീൽഡ് | അതാതു കാലത്തെ നിലവിലുള്ള ചെയിൻസർവെ രീതിപ്രകാരവും ചട്ടങ്ങൾക്കനുസരണമായും ഒന്നോ അതിലധികമോ കൈവശങ്ങൾ ചേർത്ത് സർവെ ചെയ്ത് റിക്കാർഡ് തയ്യാറാക്കുന്നതിനായി അതിർത്തികൾ തിരിക്കുന്നു.  ഇങ്ങനെ തിരിക്കപ്പെടുന്ന ഓരോ ഭാഗത്തേയും ഓരോ സർവെ ഫീൽഡ് എന്നുപറയുന്നു. |
| 918 | സർവെ നമ്പർ | ഒറിജിനൽ സർവെ കാലത്ത് വസ്തുക്കളുടെ ഇനം, തരം, കൈവശം ഇവയനുസരിച്ച് നിലവിലുള്ള നിയമപ്രകാരം ഡീമാർക്കേഷൻ നടത്തി സർവെ ചെയ്ത് റിക്കാർഡു തയ്യാറാക്കി വില്ലേജടിസ്ഥാനത്തിൽ സർവെ ഫീൽഡിനുകൊടുക്കുന്ന ക്രമനമ്പരാണ് സർവെ നമ്പർ. |
| 919 | സെറ്റിൽമെന്റ് സബ്ഡിവിഷൻ | ഒറിജിനൽ സർവെ കാലത്ത്  സബ്ഡിവിഷൻ ചെയ്യാതിരുന്ന ഒരു നമ്പരിൽ സെറ്റിൽമെന്റ് കാലത്ത് സബ്ഡിവിഷൻ ചെയ്യേണ്ടിവന്നാൽ ആ സബ് ഡിവിഷനെ സെറ്റിൽമെന്റ് സബ്ഡിവിഷൻ എന്നുപറയുന്നു. |
| 920 | സെറ്റിൽമെന്റ് | ഒരു ഭൂവിഭാഗം ഒരിക്കൽ സർവെ ചെയ്ത് റിക്കാർഡു തയ്യാറാക്കി അംഗീകരിച്ചശേഷം ആ റിക്കാർഡുമായി ഓരോ സബ്ഡിവിഷന്റേയും അളവുകൾ ശരിയാണോ എന്ന് പരിശോധിക്കുന്നതാണ് സെറ്റിൽമെന്റ്. |
| 921 | സർവെ ഓഫ് ഇന്ത്യ മാപ്പ് | ഭാരതത്തിന്റെ മൊത്തത്തിലുള്ള മാപ്പാണ് സർവെ ഓഫ് ഇന്ത്യാമാപ്പ്. |
| 922 | സർവെ ഓഫ് ഇന്ത്യ | കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്നതും ടോപ്പോഗ്രഫിക്കൽ സർവെ മാപ്പ് തയ്യാറാക്കുന്നതുമായ കാര്യാലയം. |
| 923 | സെന്ററിംഗ് | തിയോഡലൈറ്റിന്റെ താത്ക്കാലിക ക്രമീകരണത്തിന്റെ ഒരു ഘട്ടമാണ് സെന്ററിംഗ്. |
| 924 | സർവെ അഡ്വാൻസ് അക്കൗണ്ട് | ആവശ്യമുള്ള സർവെ അടയാളങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുവേണ്ടി അനുവദിക്കുന്ന അഡ്വാൻസ് തുകയുടെ വരവ് ചെലവ് കണക്കുകൾ കാണിക്കുന്ന അക്കൗണ്ട്. |

| | | |
|---|---|---|
| 925 | സർവ്വീസ് ഇനാം | കുടുംബങ്ങൾക്കോ വ്യക്തികൾക്കോ മേലാലെന്തെങ്കിലും പ്രവൃത്തി നടത്തുന്നതിനു വേണ്ടി കൊടുത്ത ഭൂമി. |
| 926 | സർക്കാർവക ദേവസ്വം ഭൂമി | സർക്കാർ വക ദേവസ്വങ്ങളെ സർക്കാരിൽ ലയിപ്പിക്കുന്നതിനുമുമ്പായി പ്രസ്തുത ദേവസ്വങ്ങൾക്ക് ജന്മാവകാശമുണ്ടായിരുന്ന ഭൂമിയാണ് സർക്കാർവക ദേവസ്വം ഭൂമി. |
| 927 | സത്യവാങ്മൂലം | സത്യം ചെയ്തു സമർപ്പിച്ച മൊഴി/വിവരങ്ങൾ. |
| 928 | സന്ധി | ഉടമ്പടി. |
| 929 | സബ് ഡിവിഷണൽ മജിസ്ട്രേട്ട് | സബ് ഡിവിഷണൽ ഓഫീസർമാരിൽ (ആർ.ഡി.ഒ) നിക്ഷിപ്തമായിട്ടുള്ള മജിസ്ട്രേട്ട് ചുമതല. |
| 930 | സാമൂഹ്യവിരുദ്ധ പ്രവർ | കേരള സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) നിയമത്തിൽ പ്രതിപാദിക്കുന്നതും, പൊതുജനങ്ങൾക്കിടയിലോ അതിന്റെ ഏതെങ്കിലും വിഭാഗത്തിലോ ഏതെങ്കിലും സുരക്ഷിതത്വമില്ലായ്മയോ, ആപത്തോ, ഭയമോ അല്ലെങ്കിൽ വ്യക്തികളുടെ സുരക്ഷിതത്വത്തിനോ പൊതുജനങ്ങളുടെ സുരക്ഷിതത്വത്തിനോ, പൊതുഖജനാവിനോ അല്ലെങ്കിൽ പൊതുവായതോ സ്വീകാര്യമായതോ ആയ ഏതെങ്കിലും സ്വത്തിനോ എന്തെങ്കിലും നഷ്ടമോ, നാശമോ ഉാക്കുന്നതോ ഉാക്കാൻ ഇടയുള്ളതോ ആയ പ്രവർത്തനങ്ങൾ. |
| 931 | സ്ഥിരം കുത്തകപ്പാട്ടം | ദീർഘമായ കാലത്തേക്ക് നൽകിയിരുന്ന കുത്തകപ്പാട്ടം. |
| 932 | സർക്കാർ | ഭരണകൂടം. |
| 933 | സാമന്തൻ | ഇടപ്രഭു. |
| 934 | സർക്കാർ ഇടങ്ങഴി | പറയളവിനെ പത്ത് സമഭാഗങ്ങായി ഭാഗിച്ച് അതിൽ ഒരു ഭാഗത്തിൽ ഉൾക്കൊള്ളുന്ന അളവ്. |
| 935 | സൂപ്പർ ആന്വേഷൻ പെൻഷൻ | അതാതു കാലത്ത് നിലവിലുള്ള നിയമമനുസരിച്ച് സർവ്വീസിലിരിക്കാവുന്ന പരമാവധി പ്രായം എത്തിയതുകൊണ്ട് സേവനത്തിൽ നിന്നു വിരമിക്കുന്ന ജീവനക്കാർക്ക് അനുവദിക്കുന്ന പെൻഷൻ. |
| 936 | സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് | ഒരു ഉദ്യോഗസ്ഥൻ ശംബളസ്കെയിലിന്റെ പരമാവധിയിലെത്തിക്കഴിഞ്ഞാൽ അവസാനം അനുവദിച്ചു നൽകിയ ഇൻക്രിമെന്റ് വീണ്ടും ഒരുവർഷം പൂർത്തിയാകുന്ന തീയതിയിൽ അനുവദിച്ചു നൽകും. ഇതാണ് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്. |
| 937 | സേവന വിച്ഛേദം (Break of Service) | സേവന കാലത്തിനിടയ്ക്ക് ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിട്ടുനിന്ന കാലം പെൻഷൻ കണക്കാക്കുന്നതിന് യോഗ്യകാലമായി പരിഗണിക്കുന്നില്ലായെങ്കിൽ അത്തരം കാലയളവിനെ സേവന വിച്ഛേദം എന്നു പറയാം. |
| 938 | സ്റ്റേറ്റ് ഇൻഫർമേഷൻകമ്മിഷൻ | വിവരാവകാശ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം രൂപവൽക്കരിച്ചിട്ടുള്ള കാര്യാലയം. |
| 939 | സാമാജികൻ | സഭാംഗം. |
| 940 | സാമൂതിരി | കോഴിക്കോട് രാജാവിന്റെ സ്ഥാനപ്പേര്. |
| 941 | സാമ്പത്തികവർഷം | ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവ്. |
| 942 | സാരം | ചുരുക്കം. |
| 943 | സികര | മണൽ. |
| 944 | സേവനം | സേവിക്കൽ. |

| | | |
|---|---|---|
| 945 | സോപാധികജാമ്യം | ഉപാധികളോടെ നൽകുന്ന ജാമ്യം. |
| 946 | സ്ഥാനാർത്ഥി | ഒരു സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ ആഗ്രഹിക്കുന്നയാൾ. |
| 947 | സെൻസസ് | കാനേഷുമാരി, ജനസംഖ്യാ കണക്കെടുപ്പ്. |
| 948 | സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ | വിവരാവകാശ നിയമത്തിലെ 15 (3)-ാം വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ. |
| 949 | സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | വിവരാവകാശ നിയമത്തിലെ 5(1)-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ. |
| 950 | സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | വിവരാവകാശനിയമത്തിലെ 5(2)-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ. |
| 951 | സ്റ്റാമ്പ് | ഒട്ടുമുദ്ര |
| 952 | സ്റ്റാമ്പുപേപ്പർ | മുദ്രപ്പത്രം |
| 953 | സ്റ്റാമ്പ് വെണ്ടർ | മുദ്രപ്പത്രം, ഒട്ടുമുദ്ര തുടങ്ങിയവ വിൽക്കുന്നതിന് അധികാരപ്പെടുത്തി ലൈസൻസ് നൽകിയിട്ടുള്ളവർ |
| 954 | സ്ഥാവരം | ഇളകാത്തമുതൽ. |
| 955 | സബ് രജിസ്ട്രാർ | ആധാരങ്ങൾ രജിസ്റ്റർ ചെയ്ത് നൽകാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ. |
| 956 | സ്വാതന്ത്ര്യസമര സേനാനി പെൻഷൻ | സ്വാതന്ത്ര്യസമര സേനാനികൾക്ക് സർക്കാർ അനുവദിക്കുന്ന പെൻഷൻ. |
| 957 | സ്ഥിരം രജിസ്റ്ററുകൾ | വില്ലേജാഫീസിൽ സൂക്ഷിക്കുന്ന സെറ്റിൽമെന്റ് രജിസ്റ്റർ, അടിസ്ഥാന ഭൂ നികുതി രജിസ്റ്റർ എന്നിവയെയാണ് സ്ഥിരം രജിസ്റ്ററുകൾ എന്ന് വിളിക്കുന്നത്. |
| 958 | സോൾവൻസി സർട്ടിഫിക്കറ്റ് | ഒരു വസ്തുവിന് എത്രരൂപ വിലപിടിപ്പുണ്ടെന്നും അത് ബാദ്ധ്യതാരഹിതമായ വസ്തുവാണെന്നും ഒരു ജാമ്യക്കാരനാകുന്നതിന് വസ്തുഉടമ സോൾവന്റ് ആണെന്നും രേഖപ്പെടുത്തി നൽകുന്ന സാക്ഷ്യപത്രം. |
| 959 | സ്വഭാവ സർട്ടിഫിക്കറ്റ് | ഗസറ്റഡ് ഓഫീസർമാർ നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ് സെൻട്രൽ ഗവൺമെന്റ് ഓഫീസുകളിലേക്ക് നൽകുന്നതിന് മുമ്പ് മേലൊപ്പ് വച്ച് നൽകുന്നത് റവന്യൂ ഡിവിഷണൽ ഓഫീസർ ആണ്. |
| 960 | സ്പെഷ്യൽ പവർ ഓഫ് അറ്റോർണി | മുക്ത്യാർ നൽകുന്നത് ഒരു കാര്യം മാത്രം ചെയ്യുന്നതിനാണെങ്കിൽ അതിനെ സ്പെഷ്യൽ പവർ ഓഫ് അറ്റോർണി എന്നുപറയുന്നു. |
| 961 | സർവ്വെ അടയാളം | ഏതെങ്കിലും സ്ഥാനത്തിന്റെയോ സ്ഥാനങ്ങളുടെയോ നിലയോ വിതാനമോ സൂചിപ്പിക്കുന്നതിനോ നിർണ്ണയക്കുന്നതിനോ അല്ലെങ്കിൽ നിർണ്ണയിക്കാൻ സഹായിക്കുന്നതിനോ ആയി സർവ്വെ ഓഫീസർ സ്ഥാപിക്കുന്നതോ, ഉണ്ടാക്കുന്നതോ, ഉപയോഗിക്കുന്നതോ, പ്രത്യേകം പറയുന്നതോ ആയ ഏതെങ്കിലും അടയാളം അല്ലെങ്കിൽ വസ്തു. |
| 962 | സർവ്വെ ആഫീസർ | സർവ്വെ ഓഫീസറായി സർക്കാർ നിയമിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ. |

| | | |
|---|---|---|
| 963 | സബ് കളക്ടർ | ജൂനിയർ ഐ.എ.എസുകാരെ റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയമിക്കുമ്പോൾ അവരെ അസിസ്റ്റന്റ് കളക്ടർ എന്ന് വിളിക്കുന്നു. പി.എസ്.സി. നടത്തുന്ന മലയാള പരീക്ഷ പാസാകുന്നതോടെ ഇവർക്ക് സബ് കളക്ടർ എന്ന പദവി ലഭിക്കുന്നു. |
| 964 | Sui Juris | സ്വാധീനത്തിലുള്ള |
| 965 | *Suo moto* | സ്വമേധയാ |
| 966 | *Sub Judice* | വിചാരണയിലിരിക്കുന്ന |
| 967 | *Status Quo* | നിലവിലുള്ള സ്ഥിതി |
| 968 | *Sine die* | അനിശ്ചിത കാലത്തേയ്ക്ക് |
| 969 | *Seriatim* | യഥാക്രമം |
| 970 | സൗരമാസം | മാസം (കലണ്ടർമാസം) |
| 971 | സ്ഥിരം തസ്തിക (Permanant Post) | കാലപരിധിയെ സംബന്ധിച്ച് യാതൊരു നിബന്ധനയുമില്ലാതെ അനിശ്ചിതകാലത്തേക്ക് അനുവദിക്കപ്പെടുന്ന തസ്തികകളെ സ്ഥിരം തസ്തികകൾ എന്ന് പറയുന്നു. |
| 972 | സമാന ശംബളസ്കെയിൽ(Identical Scale of Pay) | രണ്ട് തസ്തികകളുടെ ശംബള സ്കെയിലിന്റെ മൂന്നുഘടകങ്ങളും തുല്യമായിരിക്കുകയും എന്നാൽ തസ്തികകളുടെ ജോലി, ഉത്തരവാദിത്തം, കേഡർ എന്നിവ വ്യത്യസ്തമായിരിക്കുകയും ചെയ്താൽ ആ തസ്തികകളുടെ സ്കെയിലുകളെ സമാന ശംബള സ്കെയിലുകൾ എന്ന് പറയുന്നു. |
| 973 | സഞ്ചിത നിധി (Consolidated Fund) | വിവിധ ഇനങ്ങളിലായി സർക്കാരിന്റെ വരുമാനമാർഗ്ഗങ്ങളിൽ നിന്ന് ലഭിക്കുന്ന തുകയും സർക്കാരിൽ നിന്നും വ്യക്തികളോ സ്ഥാപനങ്ങളോ എടുത്ത കടങ്ങൾ തിരിച്ചടക്കുന്നതു വഴി സർക്കാരിന് ലഭിക്കുന്ന തുകയും ചേർന്നുള്ള ആകെ തുകയാണ് സഞ്ചിത നിധി. |
| 974 | സ്ഥിരമായി ഇൻക്രിമെന്റ് തടയൽ (Barring of increment with cumulative effect) | ഗൗരവതരമായ ശിക്ഷയാണിത്. എത്രനാളത്തേക്ക് ഇൻക്രിമെന്റ് തടയുന്നോ ശംബളത്തെ സംബന്ധിച്ചടത്തോളം അത്രനാളത്തെ സർവ്വീസ് നഷ്ടപ്പെടുന്നതിന് തുല്യമാണ്. ഇത് ഭാവി ശംബളത്തെയും ഇൻക്രിമെന്റിനെയും ബാധിക്കും. |
| 975 | സമ്പാദിതാവധി (Earned Leave) | ആർജ്ജിതാവധി. |
| 976 | സൗജന്യബത്ത (Exgratia Allowance) | നിശ്ചിത തുകയിൽ കുറഞ്ഞ അടിസ്ഥാന ശംബളമുള്ള ഉദ്യോഗസ്ഥൻ ക്ഷയത്തിനോ, കുഷ്ടത്തിനോ, കാൻസറിനോ, മാനസികാരോഗ്യത്തിനോ ചികിത്സക്കായി ശൂന്യവേതനാവധി എടുത്താൽ വ്യവസ്ഥകൾക്ക് വിധേയമായി അയാൾക്ക് നൽകുന്ന ബത്തയാണ് സൗജന്യബത്ത. |
| 977 | സ്ഥിരം യാത്രാപ്പടി (Permanent Travelling Allowance) | ഒരുദ്യോഗസ്ഥന് തന്റെ അധികാരാതിർത്തിയിൽ മുറക്ക് യാത്രചെയ്യേണ്ടകൃത്യം കൂടിയുണ്ടെന്ന് കാണുന്നപക്ഷം ആ ഉദ്യോഗസ്ഥന് സർക്കാരിൽ നിന്നും സ്ഥിരമായി നിശ്ചയിച്ചുകൊടുക്കുന്നതാണ് സ്ഥിരം യാത്രാപ്പടി. |
| 978 | സ്ഥിരം വാഹനപ്പടി (പി സി എ) | ഒരു ജീവനക്കാരന് പലപ്പോഴും തന്റെ ആസ്ഥാനപരിധിയിൽ ചെറിയദൂരം ഔദ്യോഗിക കൃത്യങ്ങൾക്കായി യാത്ര ചെയ്യേണ്ടതുണ്ടെന്നും എന്നാൽ ആ യാത്രകൾക്ക് സാധാരണ നിയമമനുസരിച്ച് അർഹതയില്ലെന്നും ബോധ്യമായാൽ സർക്കാർ അനുവദിക്കുന്ന ബത്തയാണ് സ്ഥിരം യാത്രാപ്പടി. |
| 979 | ഹൊറിസോണ്ടൽലെവൽ | തിയോഡലൈറ്റിന്റെ ഭാഗം. |

| | | |
|---|---|---|
| 980 | ഹൊറിസോണ്ടൽലെവലിംഗ് | തിയോഡലൈറ്റിന്റെ താത്ക്കാലിക ക്രമീകരണത്തിന്റെ ഒരു ഘട്ടമാണ് ഹൊറിസോണ്ടൽലെവലിംഗ് |
| 981 | ഹവാല തട്ടിപ്പുകാരൻ | കേരള സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം ഹവാല തട്ടിപ്പുകാരൻ എന്നാൽ ഏതെങ്കിലും സംഘത്തിലെ അംഗമെന്നനിലയിൽ ഒരാൾ പ്രവർത്തിക്കുന്നുവെന്ന് ന്യായമായി കരുതാവുന്ന സാഹചര്യത്തിൽ, നിയമവിരുദ്ധമായി ഇന്ത്യൻ കറൻസിയോ, വിദേശ കറൻസിയോ വാങ്ങുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു. |
| 982 | ഹജൂർ | റവന്യൂ സംബന്ധിച്ച പ്രധാന കച്ചേരി (റവന്യൂ ബോർഡ്). |
| 983 | ഹർജി | അപേക്ഷ |
| 984 | ഹാജർ | സാന്നിദ്ധ്യം. |
| 985 | ഹെഡ് ക്വാർട്ടേഴ്സ് | ആസ്ഥാനം. |
| 986 | ഹയർ ടൈം സ്കെയിൽ (Higher Time Scale) | രണ്ട് ശംബള സ്കെയിലുകളിലെ മൂന്നു ഘടകങ്ങൾ വീതമുള്ളവയിൽ ഒരു ഘടകമെങ്കിലും ഒരു സ്കെയിലിൽ വർദ്ധിപ്പിച്ചിരിക്കുകയും മറ്റ് രണ്ട് ഘടകങ്ങൾ തുല്യമെങ്കിലും ആയിരിക്കുകയും ചെയ്താൽ ആ സ്കെയിലിനെ ഉയർന്ന ശംബള സ്കെയിൽ എന്നുപറയുന്നു. |
| 987 | റവന്യൂ സർവെ | ഒരു ഭൂവിഭാഗത്തിന്റെ ശരിയായ രൂപം ഒറ്റനോട്ടത്തിൽ കാണത്തക്കവിധം ചുരുങ്ങിയതോതിൽ പേപ്പറിൽ വരക്കുന്നതിനും സ്ഥിതി സ്ഥപകചിഹ്നങ്ങൾ രേഖപ്പെടുത്തുന്നതിനും വിസ്തീർണ്ണം കണക്കാക്കുന്നതിനും ആവശ്യമായ അളവുകൾ എടുക്കുന്ന സമ്പ്രദായം. |
| 988 | റൗഡി | റൗഡി എന്നാൽ ഒരാൾ സ്വന്തം നിലയിലോ ഒരു സംഘത്തിലെ ഒരംഗമെന്ന നിലയിലോ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860 ലെ 45-ാം കേന്ദ്ര ആക്ട്) viii -ാം അദ്ധ്യായത്തിലെ 153 A, 153 B എന്നീ വകുപ്പുകളും XV ഉം, Xvi ഉം, Xvii ഉം Xxii ഉം അദ്ധ്യായങ്ങളും പ്രകാരമുള്ള ഏതെങ്കിലും കുറ്റങ്ങളോ, 1959 ലെ ആയുധങ്ങൾ ആക്ടി(1959 ലെ 54-ാം കേന്ദ്ര ആക്ട്) ലെയോ 1908 ലെ സ്ഫോടക വസ്തുക്കൾ ആക്ടി(1908 ലെ 6-ാം കേന്ദ്ര ആക്ട്) ലെ വ്യവസ്ഥകൾ പ്രകാരമുള്ള<br>(1) ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ചോ അതിലധികമോ വർഷങ്ങൾ തടവിനായി ശിക്ഷാർഹമായതോ അല്ലെങ്കിൽ,<br>(11) ഒരുവർഷത്തിൽ കുറഞ്ഞ തടവിന് ശിക്ഷാർഹമായത് ഒഴികെ ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ച് വർഷത്തിൽ കുറഞ്ഞ തടവിനായി ശിക്ഷാർഹമായതോ അല്ലെങ്കിൽ,<br>(111) കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവു ((1) അല്ലെങ്കിൽ (11) ഇനത്തിൻകീഴിൽ വരു തത്സമയം പ്രാബല്യത്തിലിരിക്കു മറ്റേതെങ്കിലും നിയമപ്രകാരമുള്ള അത്തരം കുറ്റങ്ങൾ ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യു ഒരാൾ എന്നർത്ഥമാകുന്നു. |

| | | |
|---|---|---|
| 989 | റോക്ക് മാർക്ക് | സർവെ കല്ലുകൾ സ്ഥാപിക്കേണ്ട സ്ഥാനത്ത് കടുപ്പമുള്ള പാറയാണെങ്കിൽ അവിടെ 15 സെ.മീറ്റർ സമചതുരത്തിലും 1 സെ.മീറ്റർ താഴ്ചയിലും പാറകൊത്തിയശേഷം സമചതുരത്തിനുള്ളിലായി കല്ലുകളെ തിരിച്ചറിയുന്നതിനുള്ള അടയാളവും ചതുരത്തിന് വെളിയിലായി ഒരു തെങ്ങടയാളവും കൊത്തേണ്ടതാണ്. ഇതാണ് പാറമാർക്ക്. |
| 990 | റവന്യൂ നമ്പർ | ഒറിജിനൽ സർവെക്കുശേഷം ഓരോ സബ്ഡിവിഷനിലും ഏതെങ്കിലും കാരണവശാൽ ഒന്നിലധികം കൈവശങ്ങളുണ്ടായാൽ ആ കൈവശങ്ങൾ നിജപ്പെടുത്തുക, കരം നിശ്ചയിക്കുക എന്നിവക്കായി നിയമാനുസൃതം ഡീമാർക്കേഷനും സർവെയും നടത്താതെ കൊടുക്കുന്ന നമ്പരാണ് റവന്യൂ നമ്പർ. |
| 991 | റവന്യൂ ഫീൽഡ് | ഓരോ റവന്യൂ നമ്പരും പ്രതിനിധീകരിക്കുന്ന ഫീൽഡിനെ റവന്യൂ ഫീൽഡ് എന്നുപറയുന്നു. |
| 992 | റിസർവ്വ്ഡ് ഫോറസ്റ്റ് | ജനങ്ങൾക്ക് പതിച്ചുകൊടുക്കാതെ വനംവകുപ്പുമുഖാന്തിരം വനമായിത്തന്നെ സംരക്ഷിച്ചുപോരുന്ന സർക്കാർ അധീനതയിലുള്ള ഭൂവിഭാഗത്തെ വനം എന്നുപറയുന്നു. |
| 993 | റീസർവെ | ഒരിക്കൽ സർവെ ചെയ്ത് തയ്യാറാക്കിയിട്ടുള്ള റിക്കാർഡുകൾ നഷ്ടപ്പെടുകയോ, കാലപ്പഴക്കത്താൽ വസ്തുവിന് വ്യത്യാസം വരുമ്പോഴോ മുഴുവൻ സ്ഥലങ്ങളും വീണ്ടും സർവെ ചെയ്ത് റിക്കാർഡു തയ്യാറാക്കുന്നു. ഗവൺമെന്റ് വക വസ്തുക്കൾ മുൻ റിക്കാർഡനുസരിച്ചും പതിവു വസ്തുക്കൾ നാളതു കിടപ്പനുസരിച്ചുമാണ് റീസർവെ ചെയ്യേണ്ടത്. |
| 994 | റിവർ മാനേജ്മെന്റ് ഫണ്ട് | കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന്റെ 17-ാം വകുപ്പ് പ്രകാരം വച്ചുപോരുന്ന ഫണ്ട്. |
| 995 | റിവിഷൻ സർവെ | ഒരിക്കൽ സർവെ ചെയ്ത് റിക്കാർഡ് തയ്യാറാക്കിയശേഷം അതിൽ ഏതാനും ഭാഗം കൂട്ടിചേർക്കേണ്ടിവന്നാലോ മുമ്പ് സർവെ ചെയ്തതിൽ എന്തെങ്കിലും പിശകുണ്ടെങ്കിലോ ആ ഭാഗം വീണ്ടും സർവെ ചെയ്യേണ്ടിവരുന്നു. ഇതിനെ റിവിഷൻ സർവെ എന്നുപറയുന്നു. |
| 996 | റവന്യൂ ലിസ്റ്റ് | ഒരു വില്ലേജിലെ സർവ്വേ നമ്പർ ക്രമത്തിൽ പതിവുടമസ്ഥരുടെ പേര്, സർവെ നമ്പർ, സബ്ഡിവിഷൻ നമ്പർ, ഇനം, കരം, വിസ്തീർണ്ണം, പട്ടയ നമ്പർ എന്നിവ രേഖപ്പെടുത്തി തയ്യാറാക്കുന്ന ലിസ്റ്റ്. |
| 997 | റിസർവ്വ് | ഒഴിച്ചിടപ്പെട്ട ഭൂമി. |
| 998 | റവന്യൂ | സർക്കാരിന്റെ പൊതുവരുമാനം. |
| 999 | റുപ്പിക | ഉറുപ്പിക, രൂപ. |
| 1000 | റാവുത്തർ | മുഹമ്മദീയരുടെ ഒരുസ്ഥാനം, ജാതിപ്പേര്. |
| 1001 | റൈറ്റ് ഓഫ് | കുടിശ്ശിക മുതൽ റവന്യൂ അക്കൗണ്ടിൽ നിന്നും സ്ഥിരമായി എഴുതിത്തള്ളുന്നതിനെ കുറവ് എന്നുപറയുന്നു. |
| 1002 | റിട്ടയറിംഗ് പെൻഷൻ | 55 വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ്, എന്നാൽ 20 വർഷകത്തിൽ കുറയാത്ത സർവ്വീസായി കഴിഞ്ഞു, സേവനത്തിൽ നിന്നും സ്വമേധയാ പിരിഞ്ഞു പോകുവാൻ സന്നദ്ധത പ്രകടിപ്പിച്ച് അപേക്ഷിക്കുന്നവർക്ക് സേവനത്തിൽ നിന്നും വിടുതൽ ചെയ്യുംപോൾ അനുവദിക്കുന്ന പെൻഷൻ. |

| | | |
|---|---|---|
| 1003 | റിസീവർ | തർക്കംനിലനിൽക്കുന്ന പ്രദേശത്ത് ക്രമസമാധാനപ്രശ്നം ഉണ്ടാകാതിരിക്കുന്നതിനായി സർക്കാരിന്റെ മേൽനോട്ടത്തിൻകീഴിൽ കൊണ്ടുവരുമ്പോൾ ടി ഭൂമി കെട്ടിടം തുടങ്ങിയവ യുടെ മേൽനോട്ടത്തിനായി, സിവിൽനടപടി നിയമത്തിലെ അധികാരങ്ങൾ നൽകിക്കൊണ്ട്, നിയമിക്കുന്ന ഉദ്യോഗസ്ഥൻ. |
| 1004 | റിസീവർ പ്രോപ്പർട്ടി രജിസ്റ്റർ | വില്ലേജാഫീസർ റിസീവറായുള്ള കേസുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ. |
| 1005 | റസിഡൻസ് സർട്ടിഫിക്കറ്റ് | ഒരു വ്യക്തിയുടെ താമസസ്ഥലത്തെക്കുറിച്ച് അന്വേഷിച്ച് സാക്ഷ്യപ്പെടുത്തുന്നത്. |
| 1006 | റവന്യൂ ടെസ്റ്റ് | റവന്യൂ ഉദ്യോഗസ്ഥരുടെ റവന്യൂ വിഷയങ്ങളിന്മേലുള്ള അറിവ് പരിശോധിക്കുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ. |
| 1007 | Res gestae | ഇടപാടിന്റെ സംഗതികൾ |
| 1008 | Res judicata | വിധിയായ കേസ്, നിർണ്ണീത വസ്തു. |
| 1009 | Raison d'etre | അസ്തിത്വ കാരണം |
| 1010 | Ratio decidendi | തീരുമാന കാരണം |